032:1K20:9 F6 THUNCHAT EZUTHACHAN SANKARAN EZUTHACHAN

032:1K20:9
F6

1K20:9 F6
N EZUTHA-
utha-

MUL
041962

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

**Madras University Library.**

DOCTRINA·VIM·PROMOVET INSITAM

Call Number 032:1K20:9 F6

Accession Number 41962

Available for loan from

This book should be returned on or before the date last marked below.

17 JAN 46

1? APR 1947

[illegible] 1948

17 APR 1950

27 SEP 1950

8 OCT 1951

27 MAR 1957

O. 61

# തുഞ്ചത്തെഴുത്തച്ഛൻ.

ഗ്രന്ഥകർത്താവ്.

വിദ്വാൻ, കുറുവാൻ തൊടിയിൽ
ശങ്കരൻ എഴുത്തച്ഛൻ.

പ്രസാധകൻ:
വി. ടി. രാമൻ ഭട്ടതിരിപ്പാട്.

(ഒന്നാം പതിപ്പ് ൧൦൦൦ പ്രതി)
൧൧൦൨

UNIVERSITY LIBRARY
NOV 1927
MADRAS

Printed at
The Mangalodayam Power Press.
Trichur.

വില 12-അണ.] [Price 12· As

All Rights Reserved.

41962

032 :1K90:9
F6

## സമൎപ്പണം.

---

ബ്രഹ്മശ്രീ, പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മാവവർകളുടെ മഹനീയസന്നിധിയിൽ, അവിടത്തെ കരുണാവശംവദനും, വിനീതശിഷ്യനും, അക്രിതദാസനുമായ ഈഗ്രന്ഥകൎത്താവു് പ്രാഥമികസാഹിത്യപരിശ്രമഫലമായ ഈ ലഘൂപഹാരത്തെ ഭക്തിബഹുമാനവിനയാദരപുരസ്സരം സമൎപ്പിച്ചുകൊള്ളുന്നു.

# മുഖവുര.

കേരളീയകവികുലഗുരുവായ തുഞ്ചത്താചാൎയ്യസ്വാമികളുടെ അതിസംക്ഷിപ്തമല്ലാത്ത ഒരു ജീവചരിത്രം മലയാളഭാഷയിൽ ആവിൎഭവിക്കേണ്ടതാണെന്നുള്ളതിൽ ആൎക്കും ഭിന്നാഭിപ്രായമുണ്ടാവാനവകാശമില്ല; പക്ഷെ അതിന്നൎഹതയും പ്രാപ്തിയും ഉള്ള ആൾ ആരാണെന്നവിഷയത്തിൽ സംശയം വരുവാൻ വഴിയുണ്ടുതാനും. കേവലം ഒരു സാഹിതീസ്തനന്ധയനും മിതംപചമതിയുമായ ഈയുള്ളവന്നു് അതിന്നുള്ള പ്രാപ്തിയില്ലായ്മയെ ഇവിടെ തുറന്നു സമ്മതിച്ചുകൊള്ളുന്നു. ആ വന്ദ്യഗുരുവിൻെറ നേൎക്കു് എനിക്കുള്ള ഭക്ത്യതിശയമത്രെ എന്നെ ഈ സാഹസകൃത്യത്തിന്നുപ്രേരിപ്പിച്ചതു്. എൻെറ ഈ ചെറുപുസ്തകം ആ ഋഷിവൎയ്യൻെറ വിസ്തൃതമായ ഒരു ജീവചരിത്രം എഴുതുന്നതിന്നു് ആൎക്കെങ്കിലും പ്രേരകമാകുകയൊ, ആ മഹാപുരുഷൻെറ ജീവിതമാഹാത്മ്യത്തെ സ്മരിക്കുന്ന.ിന്നു് ആരെയെങ്കിലും സഹായിക്കുയൊ ചെയ്യുമെങ്കിൽ അതുതന്നെ എനിക്കു ധാരാളം കൃതാൎത്ഥതയ്ക്കുള്ള ഒരു വഴിയാണു്. മറെറാന്നും എൻെറ ഈ പ്രഥമപരിശ്രമത്തിൽനിന്നു ഞാൻ പ്രതീക്ഷിക്കുന്നുമില്ല.

എകദേശം രണ്ടുമൂന്നു കൊല്ലം മുമ്പു് വിദ്യാൎത്ഥിജീവിതം നയിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ഇങ്ങിനെ ഒന്നെഴുതിയാൽകൊള്ളാമെന്നു് എനിക്കത്യാഗ്രഹമുണ്ടായിരുന്നു; കുറച്ചൊക്കെ അന്നെഴുതുകയുമുണ്ടായി;

പക്ഷെ എന്റെ സഹജമായ അലസതയും പാരതന്ത്ര്യ-വും അതിന്നു പ്രതിബന്ധങ്ങളായിരുന്നു. ഇപ്പോൾ ഈ പുസ്തകത്തെ ഒരുവിധത്തിൽ ഉന്തിത്തള്ളി പുറത്തു കൊണ്ടുവന്നിരിക്കയാണ്. പര്യവേക്ഷണം (Research) സംബന്ധമായും മറ്റും ചില പ്രവൃത്തികൾകൂടി ചെ-യ്യേണ്ടതുണ്ടെന്ന് എനിക്കുതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ പുസ്തകത്തിന്നു രണ്ടാംപതിപ്പു വേണ്ടിവരികയാ-ണെങ്കിൽ അപ്പോൾ ന്യൂനതകൾ കഴിയുന്നതും പരി-ഹരിക്കയും പരിഷ്കരിക്കയും ചെയ്യാമെന്നു വിചാരി-ക്കുന്നു.

ഈ പുസ്തകം ഇത്ര വൃത്തിയിലും വേഗത്തിലും പു-റത്തു കൊണ്ടുവരുവാൻ സാധിച്ചതു "മംഗളോദയം" പ്രവർത്തകന്മാരുടെയും മിസ്റ്റർ, സി. കുഞ്ഞിരാമമേ-നവന്റെയും സഹായസഹകരണങ്ങൾകൊണ്ടാണെ-ന്ന് കൃതജ്ഞതാപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊ-ള്ളുന്നു. ഇതിന്നു സാരഗർഭമായ ഒരു അവതാരിക എഴു-തിത്തന്നതിന്നു രാജശ്രീ, കെ. കെ. രാജാ തിരുമനസ്സി-ലെ പേരിൽ എനിക്കുള്ള നന്ദിയെ രേഖപ്പെടുത്തുന്ന-തിന്നും ഈ സന്ദർഭത്തെത്തന്നെ വിനിയോഗിച്ചുകൊ-ള്ളട്ടെ. പ്രകൃതഗ്രന്ഥപ്രസിദ്ധീകരണത്തിൽ നാനാമു-ഖമായ സഹായം ചെയ്തിട്ടുള്ള എല്ലാ മാന്യസ്നേഹിത ന്മാരോടും, ഇതിനെ പ്രസാധനംചെയ്ത ബ്രഹ്മശ്രീ, വി. ടി. രാമൻഭട്ടതിരിപ്പാട് അവർകളോടുംകൂടി നന്ദിപ-റകയും, എന്റെ ഈ ലഘുപഹാരത്തെ ഭയാശങ്കക-ളോടുകൂടി മഹാജനസമക്ഷം സാദരം വെച്ചുകൊള്ളുക-യും ചെയ്യുന്നു.

രാരല്ലൂർ.
൧൧൦൮ കുംഭം ൨൭.

കുറുവാൻ തൊടിയിൽ
ശങ്കരനെഴുത്തച്ഛൻ.

# അവതാരിക.

കേരളഗുരുവും കവികുലശ്രേഷ്ഠനുമായ തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻെറ പരിശുദ്ധമായ തിരുനാമം പരമഭക്തിയോടെ ജപിക്കാത്തവർ കേരളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല; ഈ മഹാനുഭാവൻെറ "രാമായണം" "ഭാരതം" മുതലായ കിളിപ്പാട്ടുകൾ പാരായണം ചെയ്തുപോരുന്ന കേരളീയൎക്ക് ഇദ്ദേഹത്തിൻെറ ജീവചരിത്രം അറിഞ്ഞാൽ കൊള്ളാമെന്നു തോന്നുന്നതു സ്വാഭാവികമാണ്. മനുഷ്യഹൃദയം വീരപൂജാപരായണമാകയാൽ ഈ ജിജ്ഞാസ അപരിഹരണീയവുമാണ്.

എഴുത്തച്ഛൻെറ ജീവചരിത്രം ശ്രീമാൻ 'ഗോവിന്ദപ്പിള്ള'യുടെ 'ഭാഷാചരിത്ര'ത്തിലും മററും സംഗ്രഹിച്ചു കാണുന്നുണ്ടെങ്കിലും അതിനെപ്പററി ആരുംതന്നെ സവിസ്തരമായി പ്രസ്താവിച്ചു കണ്ടിട്ടില്ലെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ശ്രീമാൻ കരുവാൻതൊടിയിൽ ശങ്കരനെഴുത്തച്ഛൻെറ ഈ ഉദ്യമം മുൻപ്രസ്താവിച്ച ന്യൂനതയെ പരിഹരിക്കുവാൻ സ്വല്പമെങ്കിലും പൎയ്യാപ്തമാകുന്ന പക്ഷം കേരളീയരായ ഭക്തജനങ്ങൾക്ക് അതുതന്നെ വലിയ ഒരനുഗ്രഹമാണല്ലോ.

ശ്രീമാൻ ശങ്കരനെഴുത്തച്ഛൻെറ നാമധേയം ഇന്നത്തെ യുവകവികളുടെ ഇടയിൽ ഒട്ടുംതന്നെ അപ്ര-

സിദ്ധമല്ല. "കൈരളി" "കവനകൌമുദി" "സാഹിതി" മുതലായമാസികകൾ വഴിയായി ശ്രീമാൻ ശങ്കരനെഴുത്തച്ഛൻ മലയാളവായനക്കാൎക്ക പരിചയപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഭാഷാസ്നേഹിയായ ഇദ്ദേഹം "പൈങ്കിളി" യുടെ പത്രാധിപരായിരുന്നു എന്ന സംഗതിയും പ്രസ്താവയോഗ്യമാണ്. "തിങ്കളാം വെള്ളിക്കിണ്ണത്തിങ്കലെപ്പാലും താരത്തങ്കപ്പൂനിരയിൽനിന്നൊലിക്കും തെളിതേനും ആസ്വദിച്ചു ദുഃഖമകററി സ്വൈരം വാനിലം സ്വൎണ്ണപക്ഷം വീശി" കളിച്ചു "പൈങ്കിളി" ഈ ഗ്രന്ഥകൎത്താവിൻെറ അനതിദൂരമായ ഭാവിശ്രേയസ്സിനെപ്പററി അസ്പഷ്ടവൎണ്ണമായ നിശ്ശബ്ദഗാനത്താൽ ഇപ്പോഴും സ്തുതിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നുള്ളതു പ്രശാന്തരമണീയമായ "പട്ടാമ്പി" യിലെ അന്തരിക്ഷം താലദളങ്ങളുടെ "കിലുകില" സ്വരത്താൽ ഉച്ചൈസ്തരാം ഉൽഘോഷിക്കുകതന്നെ ചെയ്യുന്നുണ്ട്.

ശ്രീമാൻ ശങ്കരനെഴുത്തച്ഛൻെറ കൃതികളിൽ പുസ്തകരൂപേണ ആദ്യമായി പുറത്തുവരുന്നതു "തുഞ്ചത്തെഴുത്തച്ഛ"ൻെറ ജീവചരിത്രമാണെന്നു പറഞ്ഞാൽ ഇദ്ദേഹത്തിൻെറ ഹൃദയശുദ്ധിയെക്കുറിച്ചു മറെറാന്നും പറയേണ്ടതില്ലല്ലൊ. "തുഞ്ചത്തെഴുത്തച്ഛ"ൻെറ പൈങ്കിളിയ്ക്കെന്നപോലെ ശ്രീമാൻ ശങ്കരനെഴുത്തച്ഛൻെറ സാഹിത്യക്കിളിക്കും നിരൎഗ്ഗളമായ ഗാനധാരയിൽ നിസ്സാരമായ വല്ല വൎണ്ണവൈകല്യവും വന്നു പോയിട്ടുണ്ടെങ്കിൽ "നിമജ്ജതീന്ദൊഃ കിരണേഷ്വിവാങ്കഃ" എന്നു സമാധാനിക്കുവാനേ ഉള്ളൂ.

“തുഞ്ചത്തെഴുത്തച്ഛന്റെ” ജ്ഞാനം, വിദ്യാഭ്യാസം, വിദേശസഞ്ചാരം മുതലായ സംഗതികൾ ലളിതമായ ഭാഷയിൽ വിവരിക്കുകയും അദ്ദേഹത്തിന്റെ കൃതികളെപ്പററി സംക്ഷിപ്തമായി വിമർശിക്കുകയും ചെയ്തുകൊണ്ടു നിർമ്മിക്കപ്പെട്ടിരിക്കുന്നതും കേരളത്തിന്നുതന്നെ ആചാര്യഭൂതരായ “പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ”വവർകളുടെ പുണ്യപാദങ്ങളിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നതും ആയ പ്രസ്തുതഗ്രന്ഥത്തെ കവനക്കിളികളുടെ കളകളം മുഴങ്ങുന്ന ഈ സുപ്രഭാതത്തിൽ ഇതാ ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്ന്

തൃശ്ശിവപേരൂർ
൧൧൦൨ കുംഭം ൨൩-ാംനു } കെ. കെ. രാജാ.

# പ്രസ്താവന

ആദിമലയാളഭാഷാകവിയും വന്ദ്യഗുരുവും ആയ തുഞ്ചത്തു രാമാനുജനെഴുത്തച്ഛന്റെ ദിവ്യമായ നാമധേയം മാതൃഭാഷാപ്രണയികളായ മലയാളികളെ ശ്രവണമാത്രത്തിൽതന്നെ കോൾമയിർക്കൊള്ളിക്കാതിരിക്കയില്ലെന്നു തീച്ച്യയാണ്. ആ പുണ്യശ്ലോകന്റെ സാമാന്യം വിപുലമായ ജീവചരിത്രമാണു "തുഞ്ചത്തെഴുത്തച്ഛൻ" എന്ന ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം.

എഴുത്തച്ഛന്റെ അനർഘമായ കവിതാത്വത്തേയും അദ്ദേഹത്തിന്റെ ദിവ്യത്വത്തേയും പറ്റി അഭിമാനത്തോടും ആഹ്ലാദത്തോടും കൂടി അനുസ്മരിച്ചുകൊണ്ടിരിക്കുന്ന കേരളീയസമുദായത്തെ സംതൃപ്തിപ്പെടുത്തുവാൻ, മറ്റൊന്നും ചെയ്യുവാൻ എനിക്കു സാധിച്ചിട്ടില്ലെങ്കിലും, ഈ പ്രസിദ്ധീകരണംമൂലം ആയതു് അല്പമെങ്കിലും സാധിച്ചുവെങ്കിൽ ഞാൻ കൃതകൃത്യനായിക്കൊള്ളാം.

പാശ്ചാത്യവിദ്യാഭ്യാസവും തൽപരിഷ്കാരവും ആവശ്യത്തിലധികം ബാധിച്ചുകഴിഞ്ഞിട്ടുള്ള കേരളീയജനസമുദായത്തിൽ വൈദേശികമായ അനുകരണശീലം, "അടിമത്ത"മെന്നപോലെ, ബാധിച്ചിട്ടുള്ള ഇക്കാലത്തു, "വിദ്യാഭ്യാസക്കോഡി"ലാകട്ടെ "പരിഷ്കൃത"ജനതാമദ്ധ്യത്തിലാകട്ടെ, ഷേക്സ്പീയർ, മിൽടൻ, ഹോമർ തുടങ്ങിയ പാശ്ചാത്യകവികൾക്കല്ലാതെ എഴുത്തച്ഛൻ, നമ്പ്യാർ, ചെറുശ്ശേരി എന്നീ പ്രാചീന കേരളീയകവികൾക്കു പ്രവേശമുണ്ടാവാനവകാശമില്ലെങ്കിലും ആ വക പരിഷ്കാരമേതും ബാധിച്ചുകഴിയാത്ത ഉൾനാടുകളിൽ ഈ വന്ദ്യമഹാകവിയുടെ പൈങ്കിളീകളനിനാദം കേട്ടു കോൾമയിർക്കൊണ്ടുകൊണ്ടല്ലാതെ വിഭാതസന്ധ്യയും സായാഹ്നസന്ധ്യയും സഞ്ചരിക്കാറില്ലെന്നു നിസ്സംശയം പറയാവുന്നതാണ്. അതിനാൽ എഴുത്തച്ഛന്റെ പൈങ്കിളിക്കു ഏതു മലയാളത്തറവാട്ടുകളിലും സ്വാഗതം കിട്ടുന്നതുപോലെ, അദ്ദേഹത്തിന്റെ പരിപാവനമായ ഈ ജീവചരിത്രഗ്രന്ഥത്തിനും അവ്യാഹതമായ സ്വാഗതം ലഭിക്കുമെന്നും തദ്വാരാ ഈ ഗ്രന്ഥകർത്താവിന്റെ സ്തുത്യർഹമായ പരിശ്രമത്തിന്നു പ്രോത്സാഹനം ലഭിക്കുമെന്നും പൂർണ്ണമായി വിശ്വസിക്കുന്നു.

തൃശ്ശിവപേരൂർ<br>൧൧൦൨ കുംഭം ൨൮-ാംനു } വി. ടി. രാമൻഭട്ടതിരിപ്പാട്.<br>പ്രസാധകൻ.

| പുറം. | വരി. | അബദ്ധം | സുബദ്ധം. |
|---|---|---|---|
| 14 | 20 | മുറജപംകഴിഞ്ഞു | വഞ്ചിമാൎഗ്ഗമായി. മുറജപം കഴിഞ്ഞു |
| 17 | 18 | ഗൃഹത്തൽ | ഗൃഹത്തിൽ |
| 19 | 2 | ജേഷ്ഠനമായി | ജ്യേഷ്ഠനമായി |
| 25 | 20 | ഗിതയെ | ഗീതയെ |
| 28 | 18 | ചംബു | ചംപു |
| 30 | 17 | യുക്ത്യാനുസരണം | യുക്ത്യനുസരണം |
| 31 | 11 | ജാനവരഃ | ജനവരഃ |
| 36 | 8 | ൧൦൦൦ | ൧൦൦൦൦ |
| 44 | 18 | പ്പാട്ടി | പ്പൊട്ടി |
| 45 | 15-16 | രാമചരിതത്തിൽ | രാമചരിതത്തിലെ |
| 48 | 7 | ചംബൂകാരൻ | ചാംപൂകാരൻ |
| 49 | 19 | മാണെന്നു | മല്ലെന്നു |
| 51 | 17 | മിസ്സുമാരും | മിസ്സുവാരും |
| 52 | 9 | പരിപൂൎണ്ണമായില്ലെങ്കിലും | പരിപൂൎണ്ണമായി ഇല്ലെങ്കിലും |
| 54 | 14 | പ്രാപ്തിയുള്ള വരാകാൽ | പ്രപ്തിയുള്ള വരാകയാൽ |
| 56 | 6 | വടക്കോട്ടു | പടക്കോട്ടു |
| 74 | 14 | അസ്സര | അപ്സര |
| 80 | 28 | ചരുക്കത്തിൽ | ചുരുക്കത്തിൽ |
| 85 | 19 | സംസ്ത | സംസ്കൃത |
| 86 | 12 | പ്രദശിപ്പാൻ | പ്രദശിപ്പിപ്പാൻ |
| 86 | 10 | അവ | അവയെ |
| 89 | 28 | ഉദ്ധരിച്ചു | ഉദ്ധരിച്ചു |
| 90 | 28 | അസാധ്യയായ | അസാധ്യവായ |
| 93 | 4 | പരിതപ്രദേശം | പരിതഃപ്രദേശം |
| 99 | 2 | ഇടയില്ല | ഇടമില്ല |
| 99 | 21 | പ്രസ്ഫടം | പ്രസ്ഫുടം |
| 100 | 1 | നിരമ്മ | നിറമ്മ |

# തുഞ്ചത്തെഴുത്തച്ഛൻ.

## ഒന്നാം അദ്ധ്യായം.

### ജീവചരിത്രസംഗ്രഹം

അനാദികാലംമുതൽക്കുതന്നെ നമ്മുടെ മാതൃഭൂമിയായ ഭാരതഭൂമി നാനാമുഖമായ ജ്ഞാനവിജ്ഞാനാദികളിൽ അത്ഭുതകരമാംവണ്ണം അഭിവൃദ്ധി പ്രാപിച്ചുവന്നുവെന്നതു നിഷ്പക്ഷപാതികളായ ചരിത്രകാരന്മാരെല്ലാം ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു വാസ്തവമാണ്. ഇന്നു പരിഷ്കൃതകോടിയിൽ ഗണിച്ചുവരുന്ന യൂറോപ്യൻരാജ്യങ്ങൾ അജ്ഞാനതമസ്സിൽ ആണ്ട് അപരിഷ്കൃതരീതിയിൽ കഴിഞ്ഞിരുന്ന കാലത്തുതന്നെ ഇന്ത്യാരാജ്യം മന്ദ്രമധുരമായ അതിൻെറ വിജ്ഞാനകാഹളസ്വനം ഉച്ചൈസ്തരം മുഴക്കിക്കൊണ്ടിരുന്നുവെന്നുള്ളതും സർവ്വവിദിതമായ ഒരു സംഗതിയാണ്. ഇഹലോകസൌഖ്യങ്ങളെ തൃണവൽഗണിച്ചു ജലഫലാശനന്മാരായി അരണ്യാശ്രമങ്ങളിൽ ആദ്ധ്യാത്മികചിന്ത ചെയ്തുകൊണ്ടിരുന്ന ദിവ്യർഷികളുടെ പർണ്ണശാലകൾ ഒരുവക്കു് ഇന്ദ്രപദവിയേക്കൂടി വിഗണിക്കത്തക്ക പ്രതാപവ-

ശൌര്യങ്ങളോടുകൂടിയവരും, പ്രജാക്ഷേമൈകതൽപരന്മാരും, സൽകൃത്യങ്ങളിൽനിന്നു് അണുമാത്രം വ്യതിചലിക്കാത്തവരുമായ ക്ഷത്രിയചക്രവർത്തികളുടെ കൊട്ടാരങ്ങൾ മറെറാരുവക; സംഗീതസാഹിത്യാദി കലാവിദ്യകളിലും തർക്കവ്യാകരണാദി ശാസ്ത്രീയവിദ്യകളിലും അപാരപണ്ഡിതന്മാരായ മഹാന്മാരുടെ സമാജങ്ങൾ വേറൊരുവക; രാഷ്ട്രീയവിഷയങ്ങളിൽ സമർത്ഥന്മാരും രണതന്ത്രവിശാരദന്മാരുമായ പ്രഭുജനങ്ങളുടെ വിഹാരസ്ഥാനങ്ങൾ ഇനിയൊരുവക; ഭാരതഭൂമിയുടെ ഭൂതകാലചരിത്രവീഥിയിലേക്കു കണ്ണോടിക്കുന്ന ഏതൊരു ഇന്ത്യക്കാരനും ഏവംവിധങ്ങളായ മനോഹരകാഴ്ചകൾ കണ്ടു് അഭിമാനംകൊണ്ടു പുളകിതഗാത്രനാകാതിരിക്കയില്ല.

ഭാരതത്തിൻെറ ഒരു ഭാഗമെന്ന നിലയിൽ പ്രശോഭിക്കുന്ന കേരളവും വീരന്മാരായ മഹാപുരുഷന്മാരുടെ ജനനത്താൽ മാലോകരുടെ സാദരശ്ലാഘക്കു പാത്രീഭവിച്ചിട്ടുണ്ടു്. ശസ്ത്രംകൊണ്ടും ശാസ്ത്രംകൊണ്ടും പരരാജ്യക്കാരെ ജയിക്കുകയും, അവരുടെ ഗുരുസ്ഥാനം കൈക്കൊൾകയും ചെയ്തിട്ടുള്ള മഹാന്മാർ ഇവിടെയും സുലഭമായിട്ടുണ്ടായിട്ടുണ്ടു്. മേലേക്കിടയിൽ അഭിമാനിക്കാനർഹതയുള്ള ഒരുവിശിഷ്ടചരിത്രംതന്നെയാണു കേരളത്തിന്നുമുള്ളതു്; പക്ഷെ ആ പവിത്രചരിത്രമെല്ലാം കാലകല്ലോലത്തിൻെറ കരാളാഘാതത്താൽ ശകലം ശകലമായി നശിച്ചുപോകയാണുണ്ടായതു്! അതെ ആ ഭൂ-

തകാല്പാകാശവീഥിയിലെ ചാരിത്രസൌവൎണ്ണരേഖകളെല്ലാം തേഞ്ഞുമാഞ്ഞു പോവുകതന്നെചെയ്തു!!

ഇന്ത്യക്കാർ ചരിത്രം എഴുതുന്നതിൽ വിമുഖന്മാരായിരുന്നുവെന്നു വിദേശീയരുടെ ഇടയിൽ പരക്കെ ഒരാക്ഷേപമുണ്ട്; ഇതിൽ ഒട്ടേറെ പരമാൎത്ഥവുമുണ്ട്. "ഭാരതീയരുടെ അമൂല്യജ്ഞാനനിക്ഷേപങ്ങളായ ഉപനിഷദാദിമതഗ്രന്ഥങ്ങളും മഹത്തരങ്ങളായ പുരാണേതിഹാസങ്ങളും പ്രാചീനഭാരതത്തിന്റെ മനോഹരചരിത്രങ്ങളല്ലേ? ചരിത്രമെന്നതു് ഒരു രാജ്യക്കാരുടെ സംസ്കാരപരിഷ്കാരങ്ങളെ ദൃഷ്ടാന്തരൂപേണ ഉദാഹരിച്ചു കാണിക്കുന്നതാണല്ലോ. ഒരാൾ ജനിച്ചതും മരിച്ചതുമായ തിയ്യതികളും മററു സംഗതികളും കുറിച്ചുവെക്കുന്നതാണോ ചരിത്രം?" എന്നൊക്കെയാണ് ഇതിൽ പ്രതികൂലാഭിപ്രായമുള്ളവർ ചോദിക്കുന്നതു്. അതു ശരിതന്നെ: ഉപനിഷദാദിമതഗ്രന്ഥങ്ങളും, ഇതിഹാസപുരാണാദികളും നമ്മുടെ പ്രാചീനകാലത്തെ സംസ്കാരപരിഷ്കാരങ്ങളെ വിവരിച്ചുകാണിക്കുന്നുണ്ട്; എന്നാൽ അവ മിക്കവാറും അത്യുക്തിയുടെ ആക്രമണത്താൽ ചരിത്രം എന്ന നിലയിൽ വലിയ വിലയെ അൎഹിക്കുന്നില്ലെന്നുള്ളതു വിസ്മരിപ്പാൻ വയ്യാത്ത സംഗതിയാണ്. പ്രകൃത്യാ കവീശ്വരന്മാരായ അവയുടെ കൎത്താക്കന്മാർ തങ്ങളുടെകൃതികളെചരിത്രഗ്രന്ഥങ്ങളാക്കുന്നതിലധികം സാഹിത്യഗ്രന്ഥങ്ങളാക്കുന്നതിലാണ താൽപൎയ്യം കാണിച്ചതു്. ചരിത്രനിൎമ്മാണത്തിന്നു് അതിശയോക്തി-

പ്രിയന്മാരായ സാഹിത്യകാരന്മാരല്ല, സത്യപ്രദർശകന്മാരായ കുശാഗ്രബുദ്ധികളാണ് ആവശ്യം. ഒരു രാജ്യക്കാരുടെ വികലവും, ശിഥിലവും, അതിശയോക്തിപൂർണ്ണവുമായ ചരിത്രം വാസ്തവചരിത്രത്തിൻെറ ഗുണം ഒരിക്കലും ചെയ്യുന്നതല്ല. കാളിദാസൻ, വിക്രമാർക്കൻ ശങ്കരാചാര്യർ തുടങ്ങിയുള്ള മഹാന്മാരുടെ വാസ്തവചരിത്രം കവികളുടെ കരശില്പത്തിൽനിന്നു പുറത്തു വരുന്ന ചരിത്രത്തേക്കാൾ എത്ര മമതയോടും ശ്രദ്ധയോടും കൂടിയാണു നാം വായിക്കുകയെന്നു പറയേണ്ടതില്ലല്ലോ.

മഹാകവി തുഞ്ചത്തെഴുത്തച്ഛൻെറ ജീവചരിത്രവും മുൻപ്രസ്താവിച്ചപോലെ മിക്കവാറും കാലയവനികക്കുള്ളിൽ തിരോഹിതമായാണിരിക്കുന്നത്. അദ്ദേഹം ജനിച്ചതും ജീവിച്ചതുമായ "തുഞ്ചൻപറമ്പ്" എന്ന സ്ഥലം ഇപ്പോഴും പണ്ഡിതപാമരന്മാരടക്കമുള്ള സകലകേരളീയരുടേയും ഭക്തിബഹുമാനങ്ങൾക്കു പാത്രമായി ഇന്നും പ്രശോഭിച്ചുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷുമലബാറിൽ പൊന്നാനിത്താലൂക്കു തൃക്കണ്ടിയൂരംശത്തിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന്നല്പം പടിഞ്ഞാറു തിരൂർ റെയിൽവെ സ്റ്റേഷനിൽനിന്നു സുമാർ ഒരു നാഴിക തെക്കുപടിഞ്ഞാറായും, പൊന്നാനിപ്പുഴയുടെ തീരത്തിലായുമാണു പ്രസ്തുതക്ഷേത്രം സ്ഥിതിചെയ്യുന്നതു്. ഇതിൻെറ മദ്ധ്യത്തിൽ ഇപ്പോൾ കാട്ടുമേഞ്ഞുള്ള ഒരു ചെറിയ "ഗുരുമഠ"വും, അതിൻെറ ചുററുപാടുമായി പറമ്പുനിറയെ മനോഹരങ്ങളായ കേരവൃക്ഷങ്ങളും നിൽക്കുന്ന-

ത്തു് എത്രയും ഹൃദയാനന്ദകരമായ ഒരു കാഴ്ചതന്നെയാ-ണ്. അപരിഷ്കൃതമായിക്കിടക്കുന്ന ഒരു കുളവും കി-ണറും ഗുരുമഠത്തിന്നു സമീപത്തുണ്ട്. കിണററിൽ വെ-ള്ളം കുറച്ചുമാത്രമേയുള്ളുവെങ്കിലും അതേതുകാലത്തും വററുന്നതല്ലെന്നും, ആ കിണർ പരിഷ്കരിക്കുന്നതിന്നു് അതിന്റെ ഇപ്പോഴത്തെ ജന്മി വളരെ പരിശ്രമിച്ചു-നോക്കീട്ടും വെള്ളം വാക്കുവാൻ സാധിച്ചില്ലെന്നും തദ്ദേ-ശിയർ പറയുന്നു. അതിൽ ഗുരുവിന്റെ വക 'നാരായം' ആരാധനാബിംബങ്ങൾ തുടങ്ങിയുള്ള പല വിശിഷ്ടവ-സ്തുക്കളും കിടക്കുന്നുണ്ടെന്നാണു പലരുടേയും വിശ്വാസം. കുളത്തിൽ വേനൽക്കാലത്തു വെള്ളമുണ്ടാവില്ല. അതി-ന്നു തൊട്ടുള്ള കാഞ്ഞിരത്തിന്റെ ചുവട്ടിലിരുന്നു് എഴു-ത്തച്ഛൻ സാധാരണ ജപിക്കാറുണ്ടായിരുന്നുവെന്നും ത-ന്നിമിത്തം ആ കാഞ്ഞിരത്തിന്നുതന്നെ കുറേ ഭവ്യതയു-ണ്ടെന്നുമാണു ചിലർ പറയുന്നതു്. അതിന്റെ ഇല കയ്ക്കാതിരിക്കുന്നതിന്നുതന്നെ ഇതാണത്രെ കാരണം. ഇലകൾ ഓരോരുത്തർ വന്നു പറിച്ചുതീർത്തിരിക്കുന്നതും അതിന്റെ ചുവട്ടിൽ ഇപ്പോൾ വിളക്കുവെച്ചുവരുന്നതും ഈ വിശ്വാസത്തിന്റെ ഫലമായിട്ടാണു്. തുഞ്ചൻപ-റമ്പിലെ മണ്ണു കുറച്ചൊന്നു ചുവന്ന നിറത്തിലുള്ളതാണ്. അദ്ദിക്കുകാരും അയൽവാസികളും ഇന്നും കുട്ടികളെ "എ-ഴുത്തിനുവെക്കു"മ്പോൾ ഈ പറമ്പിൽനിന്നു മണ്ണു കൊ-ണ്ടുപോയി ആദ്യം അതിലെഴുതിക്കുന്ന പതിവുണ്ട്. വി-ജയദശമിദിവസം അടുത്തുള്ളവരെല്ലാം പ്രസ്തുതസ്ഥല-

ത്തു വന്നു വിദ്യാരംഭം കഴിയ്ക്കാറുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഗുരുമഠം ഇപ്പോൾ നില്ക്കുന്ന സ്ഥലത്തു് ആദ്യം ഒരു പുരത്തറ മാത്രമാണുണ്ടായിരുന്നത്; പിന്നീട് അവിടെ ചില ഭക്തന്മാരുടെ പരിശ്രമത്താൽ ഒരു ഓലപ്പുരയുണ്ടാക്കുകയും നവരാത്രികാലങ്ങളിലും മററും വിളക്കുവെയ്ക്കുക, ആരാധന നടത്തുക മുതലായതു ചെയ്കയും ചെയ്തുവന്നു. അടുത്തകാലത്തു ചില ദേശാഭിമാനികളുടെ പരിശ്രമഫലമായാണു മഠം ഇന്നു കാണുന്ന നിലയിലായത്. ഒരു ഓടുമേഞ്ഞ ചെറിയ ഗുരുമഠം പണിചെയ്യിച്ചിട്ടുണ്ടെന്നല്ലാതെ ചിററൂർ ഗുരുമഠത്തിൻെറ നിലനില്പിന്നും മററുമായി ചിററൂരിലെ ദേശാഭിമാനികളായ മലയാളികൾ ചെയ്തുവരുന്നപോലുള്ള യാതൊരേർപ്പാടുകളും ഇവിടെ ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നുള്ളതു വ്യസനിയ്ക്കത്തക്ക ഒരു സംഗതിയാണ്. ഈ സ്ഥലം ഇപ്പോൾ പെൻഷൻ ഡിപ്ട്യൂട്ടികലക്ടർ മിസ്റ്റർ പന്നിക്കോട്ട കുഞ്ഞുണ്ണിമേനവൻെറ കുടുംബക്കാരുടെ കൈവശമാണു നിൽക്കുന്നതു്. ഭാഷാഭിമാനികളായും ഭക്തന്മാരായുമുള്ള അനേകം ജനങ്ങൾ ഇപ്പോൾ ഈ സ്ഥലത്തുവന്നു ഭക്തിബഹുമാനപുരസ്സരം സന്ദർശനം ചെയ്തുപോകുന്ന പതിവുണ്ട്. വെട്ടത്തുനാട്ടിലെ ഒരു കെടാവിളക്കായി ഈ സ്ഥലം എന്നെന്നും പ്രശോഭിയ്ക്കുമെന്നതിന്നും, പൊതുജനങ്ങളുടെ ഇടയിൽ ദേശാഭിമാനവും ഭാഷാഭിമാനവും വൎദ്ധിയ്ക്കുന്നതോടുകൂടി ഇതു ഗണ്യമായ ഒരു നിലയിലെത്തുമെന്നുള്ളതിന്നും സംശയമില്ല.

"വെട്ടത്തുനാട്" രാജ്യം അനേകം വിദ്വാന്മാരുടേയും കവികളുടേയും ജന്മഭൂമിയായി അന്നും ഇന്നും ഒരുപോലെ അതിന്റെ നാമധേയത്തിന്ന് അന്വർത്ഥത വരുത്തീട്ടുണ്ട്. മഹാഭക്തനും മഹാകവിയുമായ മേപ്പത്തൂർ ഭട്ടതിരി, അദ്ദേഹത്തിന്റെ ഗുരുവും പണ്ഡിതാവതംസവുമായ അച്യുതപ്പിഷാരടി, നാരായണീയത്തിന്നു "ഭാവപ്രകാശിക"യെന്ന വ്യാഖ്യാനമെഴുതിയ വാസുദേവഭട്ടതിരി, ഉദ്ദണ്ഡശാസ്ത്രികളുമായി വളരെ ദിവസം വാദം നടത്തിയ പ്രസിദ്ധവൈയാകരണനായ നാണപ്പപിഷാരടി എന്നീ മഹാന്മാരെല്ലാം വെട്ടത്തുനാട്ടിന്റെ സന്തതികളാണ്. ഇവരെക്കൂടാതെ അനേകം താർക്കികന്മാരും വൈയാകരണന്മാരുമായ നമ്പൂതിരിമാർ ഈ നാട്ടിലുണ്ടായിട്ടുണ്ട്. മഹാകവി വള്ളത്തോൾ, കുറ്റിപ്പുറത്തു കേശവൻനായർ മുതലായ അനുഗൃഹീതവാസനാകവികളുടെ ജനനത്താൽ ഇന്നും ഈ രാജ്യത്തിന്റെ മാഹാത്മ്യത്തിന്നു മാറ്റുകൂടിക്കൊണ്ടുതന്നെ വരികയാണെല്ലാം ചെയ്യുന്നത്.

എഴുത്തച്ഛന്റെ ജീവകാലം ഏതാണെന്ന് ഇതുവരെയും ക്ണപ്തപ്പെട്ടുകഴിഞ്ഞിട്ടില്ല. ഡാക്ടർ ഗുണ്ടർട്ട്, മിസ്റ്റർ ലോഗൻ, മിസ്റ്റർ ബർണൽ എന്നീ പണ്ഡിതന്മാർ അദ്ദേഹം ക്രിസ്തുവർഷം പതിനേഴാം ശതാബ്ദത്തിൽ (കൊല്ലവർഷം ൭൭൫ മുതൽ ൮൭൫ വരെയുള്ള കാലം) ആണു ജീവിച്ചിരുന്നതെന്നഭിപ്രായപ്പെടുന്നു. "കേരളകൌമുദി"കർത്താവായ കോവുണ്ണിനെടുങ്ങാടി-

യുടെ അഭിപ്രായം കൊല്ലവൎഷം൬൦൦-ാമാണ്ടിടയ്ക്കാണു് എഴുത്തച്ഛന്റെ ജീവകാലമെന്നാണു്. "ഭാഷാചരിത്ര"-കാരനായ മിസ്റ്റർ ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം, അദ്ദേഹം ൭൦൦-നും ൮൦൦-നും മദ്ധ്യെ ജീവിച്ചിരുന്നിരിയ്ക്കണമെന്നാണു്. ഇതിൽ ഗോവിന്ദപ്പിള്ളയുടെ അഭിപ്രായമായിരിയ്ക്കും സ്വീകാരയോഗ്യമായിരിയ്ക്കുക എന്നു തോന്നുന്നു. അദ്ദേഹത്തിന്റെ ജീവകാലം നിൎണ്ണയിയ്ക്കുന്നതിന്നുള്ള ചില തെളിവുകൾ താഴെ കാണിയ്ക്കാം:—

(1) അദ്ധ്യാത്മരാമായണം മൂലം വിദേശത്തുനിന്നു് ഇവിടെ കൊണ്ടുവന്നന്നത്തെ കലി "പവിത്രകരഃ സൂൎയ്യഃ" എന്നാണു്; അതുകൊണ്ടു് ൭൭൬ ചിങ്ങത്തിലാണു് അതുണ്ടായതെന്നു തീൎച്ചയാക്കാം. ഈ ഗ്രന്ഥം അമ്പലപ്പുഴ രാജാവിന്റെ ആവശ്യപ്രകാരം എഴുത്തച്ഛൻ ആൎയ്യഎഴുത്തിൽ പകൎത്തുകയും, അതൊന്നിച്ചുതന്നെ കിളിപ്പാട്ടുകൂടി നിൎമ്മിയ്ക്കയും ചെയ്തുവെന്നാണല്ലോ ഐതിഹ്യം. ഈ സ്ഥിതിയ്ക്കു് അദ്ദേഹത്തിന്റെ ജീവകാലം എഴുനൂറിന്നും എണ്ണൂറിന്നും മദ്ധ്യേ ആയിരിയ്ക്കുമെന്നനുമാനിയ്ക്കുന്നതു് അസംഗതമായിരിയ്ക്കയില്ല.

(2) എഴുത്തച്ഛനും ഭട്ടതിരിയും വലിയ സ്നേഹിതന്മാരായിരുന്നുവെന്നതിന്നു പലേ തെളിവുകളുമുണ്ടു്. ഭട്ടതിരിയുടെ യൌവനകാലത്തു് എഴുത്തച്ഛൻ മദ്ധ്യവയസ്കനായിരുന്നിരിയ്ക്കണമെന്നൂഹിയ്ക്കപ്പെടുന്നു. ഭട്ടതിരി "നാരായണീയം" എഴുതി അവസാനിപ്പിച്ചതു് ൨൮ വൃശ്ചികം ൭൬൨-ാംനു-നാണെന്നു് "ആയുരാരോഗ്യസൌ-

ഖ്യ"മെന്ന അന്നത്തെ കലിദിനസംഖ്യകൊണ്ടു തെളിയുന്നുണ്ടു്. വെള്ളപ്പൊക്കത്തെക്കുറിച്ചു് അദ്ദേഹമുണ്ടാക്കിയ "നേദീപൃഷ്ഠിരസഹ്യാന്ന" എന്ന പദ്യം അദ്ദേഹത്തിൻെറ ജീവകാലത്തെ കുറിക്കുന്ന മറെറാരു ലക്ഷ്യമാണു്. ഭട്ടതിരിയുടെ കാലം ക്ലിപ്തമായ സ്ഥിതിക്കു സമകാലീനനായ എഴുത്തച്ഛൻെറ കാലവും ക്ലിപ്തപ്പെട്ടതായി വിചാരിക്കാം. ഈ സംഗതികൊണ്ടും എഴുനൂറിനും എണ്ണൂറിനും മദ്ധ്യേയാണു് എഴുത്തച്ഛൻെറ ജീവകാലമെന്നനുമാനിക്കാവുന്നതാണു്.

(8) അദ്ധ്യാത്മരാമായണത്തിൻെറ അവസാനത്തിൽ "പവിത്രം പരം സൌഖ്യ"മെന്നു കാണുന്നതു് അതെഴുതിത്തീൎന്ന ദിവസത്തെ കലിദിനസംഖ്യയാണെന്നു് ഒരു പക്ഷമുണ്ടു്. എന്നാൽ ൭൱ ചിങ്ങം ൨൦-ാം-൹-യാണു രാമായണം എഴുതിത്തീൎന്നതെന്നു വരും. ഈ അഭിപ്രായവും "ഭാഷാചരിത്ര"കാരൻെറ അഭിപ്രായത്തെ ഉപോൽബലപ്പെടുത്തുന്നു.

എന്നാൽ ചിറ്റൂർ ഗുരുമഠത്തിൽ നിന്നു ശ്രീമാൻ സി. എസ്. ഗോപാലപ്പണിക്കർ ബി. എ. അവർകൾ പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുപത്രത്തിൽ, എഴുത്തച്ഛൻ "രാമാനന്ദഗ്രാമം" ബ്രാഹ്മണൎക്കു ദാനം ചെയ്തതു ൭൪൧ തുലാം ൧൧-ാംനു-യാണെന്നും, അതു് അന്നത്തെ കലിയായ "നാകസ്യാന്തനസൌഖ്യം" എന്ന പദ്യശകലംകൊണ്ടു തീൎച്ചപ്പെടുത്താമെന്നും പറയുന്നു. ഇതു സ്വീകാരയോഗ്യമാണോ എന്ന കാൎയ്യത്തിൽ സംശയമുണ്ടു്.

പ്രസ്തുതതെളിവിനെ സ്വീകരിക്കുന്നപക്ഷം മുൻപറഞ്ഞ തെളിവുകളെല്ലാം ത്യാജ്യകോടിയിൽ ഗണിക്കേണ്ടിവരും. എഴുത്തച്ഛൻ തന്റെ ജീവിതത്തിന്റെ അന്ത്യദശയിലാണു ചിററൂരിൽ വന്നതും ബ്രാഹ്മണൎക്കു ഭൂദാനം ചെയ്തതും എന്നാണു് ഐതിഹ്യം; യുക്തിയും അതിന്നാണു്; അങ്ങിനെയാണെങ്കിൽ [illegible]നുശേഷം അധികകാലം അദ്ദേഹത്തിന്റെ ജീവിതം നിലനിന്നിരിക്കുമെന്നു വിചാരിപ്പാൻ വയ്യ. അപ്പോൾ ഭട്ടതിരിയുമായുള്ള സഖ്യം, രാമായണത്തിന്റെ കാലം എന്നുതുടങ്ങി ഇതേവരെ നാം സ്വീകരിച്ച തെളിവുകളെല്ലാം അസംഗതമാണെന്നാണു വരുന്നതു്. എഴുത്തച്ഛന്റെ ശിഷ്യനായ സൂൎയ്യനാരായണനെഴുത്തച്ഛനാണു ഗ്രാമം സ്ഥാപിച്ചതെന്ന അഭിപ്രായത്തെ അനുകൂലിക്കുകയാണെങ്കിൽ എഴുത്തച്ഛന്റെ ജീവകാലത്തെ പിന്നെയും പിന്നോക്കം തള്ളിക്കൊണ്ടു പോകേണ്ടതായിട്ടാണിരിക്കുന്നതു്.

ഇനി എഴുത്തച്ഛന്റെ യുവദശയിലാണു ഗ്രാമം സ്ഥാപിച്ചു ദാനം ചെയ്തതെന്നു വിചാരിക്കയാണെങ്കിൽത്തന്നെ അദ്ദേഹത്തിന്റെ ജീവിതം ചുരുങ്ങിയപക്ഷം എഴുനൂറിനോടടുത്ത കാലത്തെങ്കിലും ആരംഭിച്ചിരിക്കണം. എന്നാൽത്തന്നെ ആ ജീവിതം എത്രാണ്ടു വരെ നിലനിന്നുവെന്നും മററും വിചാരിക്കുന്നതു് അസാദ്ധ്യം. രാമായണം അദ്ദേഹത്തിന്റെ ബാല്യകാലകൃതിയാണെന്ന ഭാഷാചരിത്രകാരന്മാരുടെ അഭി-

പ്രായം ഈ കാൎയ്യത്തെ കുറെക്കൂടി ദുസ്സാധമാക്കിത്തീ-
ൎക്കുന്നു. 'ലോകസ്യാന്ത്യനസൌഖ്യ'മെന്ന പദ്യശകലം
കലിദിനസംഖ്യയെ കാണിക്കുന്നുവെന്നുള്ളതിന്നു പ്ര-
ത്യേകം ലക്ഷ്യമൊന്നുമില്ലെന്നാണു തോന്നുന്നത്. അതു
കേവലം ഒരൂഹം മാത്രമായിരിക്കണം. ഗ്രന്ഥത്തിൽ-
നിന്നു കണ്ടുകിട്ടിയ പദ്യങ്ങൾ ആരുണ്ടാക്കിയതാണെ-
ന്നോ എപ്പോഴുണ്ടാക്കിയതാണെന്നോ ക്ലുപ്തമായി അ-
റിയപ്പെട്ടിട്ടുമില്ല; അദ്ദേഹത്തിന്റെ സമകാലീനന്മാരൊ
ശിഷ്യപരമ്പരയിൽ പെട്ടവരൊ ആയിരിക്കണം ആ
പദ്യങ്ങളുടെ കൎത്താക്കന്മാരെന്ന് ഊഹിക്കമാത്രമാണു
ചെയ്യുന്നത്. അതുകൊണ്ടും പ്രകൃതപദ്യശകലം കലി-
ദിനസംഖ്യയെ കാണിക്കുന്നതാണെന്നതിന്നു തൃപ്തിക-
രമായ ലക്ഷ്യങ്ങളില്ലാത്തതുകൊണ്ടും മറ്റുതെളിവുകൾ
കിട്ടുന്നതുവരെ എഴുത്തച്ഛന്റെ കാലം ൭൦൦-നും ൮൦൦-
നും മദ്ധ്യെയാണെന്നുതന്നെ വിചാരിക്കുന്നതായിരിക്കും
യുക്തമെന്നു തോന്നുന്നു.

ഇനി ചില ആഭ്യന്തരമാൎഗ്ഗങ്ങളിൽക്കൂടി സഞ്ചരി-
ച്ച് അദ്ദേഹത്തിന്റെ കാലം കണ്ടുപിടിക്കുന്നതിന്നു വ-
ല്ല ലക്ഷ്യങ്ങളും കിട്ടുന്നുണ്ടോ എന്നുകൂടി അന്വേഷി-
ക്കാം:—

(1) ഭാഷയ്ക്കുണ്ടായിട്ടുള്ള ഗ്രന്ഥങ്ങളായ വ്യാകരണ-
ഗ്രന്ഥങ്ങൾ പരിശോധിച്ചു, ഭാഷയുടെ കാലക്രമേണയു-
ള്ള മാറ്റങ്ങൾ മനസ്സിലാക്കി, ഏതു വൈയാകരണ-
ന്റെ അനുശാസനങ്ങൾക്കനുഗുണമായിട്ടുള്ളതാണു ക-

വിയുടെ ഭാഷയെന്നു പരിശോധിക്കുക; വൈയാകരണന്റെ കാലം ക്ലിപ്തപ്പെട്ടിട്ടുണ്ടെങ്കിൽ ഏതാണ്ടു കവിയുടെ കാലവും തീൎച്ചപ്പെടുത്തുവാൻ സാധിക്കും; ഇതാണു കവികളുടെ കാലം നിൎണ്ണയിക്കുന്നതിന്നു ചരിത്രകാരന്മാർ ചെയ്യാറുള്ള ഒരു വഴി. എഴുത്തച്ഛനെ സംബന്ധിച്ചേടത്തോളം ഈ വിഷയത്തിൽ പരിശ്രമിക്കുന്നവൎക്കു ദയനീയമായ പരാജയമാണുണ്ടാവുക. അതിന്നുള്ള കാരണം എഴുത്തച്ഛന്റെ കാലത്തിന്നുശേഷം ഇതേവരെയും ഭാഷയ്ക്കു ഗണ്യമായ യാതൊരു മാററവും വന്നിട്ടില്ലെന്നുള്ളതുതന്നെ.

(2) കവിയുടെ കാലത്തെ സമുദായാചാരങ്ങൾ സമ്പ്രദായങ്ങൾ, ഭരണവ്യവസ്ഥകൾ എന്നിത്യാദിവിഷയങ്ങൾ കവിതകളിൽനിന്നെന്തുമാത്രം മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടെന്നു പരിശോധിച്ച് അവ ഏതേതുകാലത്തു നടപ്പിലിരുന്നവയാണെന്നു നോക്കുകയാണു കവിയുടെ കാലം തീൎച്ചയാക്കുന്നതിന്നുള്ള പിന്നത്തെ ഉപായം. ഈ ഉപായവും എഴുത്തച്ഛനെ സംബന്ധിച്ചേടത്തോളം വിഫലമാണ്. പരമഭക്തനും ജീവന്മുക്തനുമായ മഹാകവി തന്റെ കവിതകളിൽ ഭക്തിപരങ്ങളും ആദ്ധ്യാത്മികങ്ങളുമായ വിഷയങ്ങൾക്കല്ലാതെ ലൌകികവിഷയങ്ങൾക്ക് ഇടമേ കൊടുത്തിട്ടില്ല. കുഞ്ചൻനമ്പ്യാരുടെ കവിതകളിൽനിന്നു മുൻപറഞ്ഞ തരത്തിലുള്ള തെളിവുകൾ ധാരാളമായി കിട്ടുന്നുണ്ട്; എന്നാൽ പ്രസ്തുതകവിയുടെ കവിതകളിൽ ഈ മാൎഗ്ഗം തീരെ അടഞ്ഞതാണു കിടക്കുന്നത്.

(3) ജീവൽഭാഷകൾക്കൊക്കയും വളച്ചയും പരിണാമവും ഉണ്ടായിക്കൊണ്ടിരിക്കുന്നതു സാധാരണയാണ്. ഒരുകാലത്തെ ഭാഷയിൽനിന്നു മറ്റൊരുകാലത്തെ ഭാഷക്കു ഗണ്യമായ ചില വ്യത്യാസങ്ങൾ കാണാവുന്നതാണ്. ഭാഷാമർമ്മജ്ഞന്മാർക്കു ഒരൊ നൂറ്റാണ്ടിലേയും ഭാഷ വെവ്വേറെ തിരിച്ചറിവാൻ സാധിക്കും. ഈ നിലയിൽ എഴുത്തച്ഛന്റെ കവിതകളിൽനിന്നു അദ്ദേഹത്തിന്റെ കാലം നിർണ്ണയിപ്പാൻ ചില സംഗതികൾ കിട്ടുന്നില്ലെന്നില്ല. "നിരണത്തു പണിക്കന്മാ"രുടെ ഭാഷാരീതി എഴുത്തച്ഛന്റെ രീതിയിൽനിന്നു കേവലം വ്യത്യാസപ്പെട്ടതാണ്. തമിഴ്പദങ്ങളുടെ പ്രാചുര്യവും, "ഭാഷ" "വൃത്തം" എന്നിവയുടെ സ്വഭാവവും നിമിത്തം പ്രഥമദൃഷ്ടിയിൽത്തന്നെ എഴുത്തച്ഛന്റെ വളരെമുമ്പാണ പണിക്കന്മാരുടെ ജീവകാലമെന്നു തീച്ചയാക്കാം. ഇങ്ങിനെ തന്നെ പഴയ പദങ്ങളുടെ പ്രാചുര്യംകൊണ്ടും മററും "കൃഷ്ണഗാഥാ"കാരനായ "ചെറുശ്ശേരി"യും അദ്ദേഹത്തിന്നു മുമ്പാണെന്നു ആരും സമ്മതിക്കും. ൬൦൦-ും ൭൦൦-ും മദ്ധ്യത്തിലാണ ചെറുശ്ശേരിയുടെ ജീവകാലമെന്നതിൽ ചരിത്രകാരന്മാർക്കധികം അഭിപ്രായവ്യത്യാസം കാണുന്നില്ല. ഭാഷയുടെ ക്രമപ്രവൃദ്ധമായ വളച്ചയും പരിണാമങ്ങളും നോക്കിയാൽ ചെറുശ്ശേരിയുടെ അടുത്ത അനന്തരകാലീനൻ എഴുത്തച്ഛനാണെന്നു തെളിയും. എഴുത്തച്ഛന്റെ ഭാഷയേക്കാൾ നവീനമാണു നമ്പ്യാരുടെ ഭാഷ. അദ്ദേഹത്തിന്റെ ജീവകാലം പത്താം നൂററാണ്ടാണെന്നു തീച്ചപ്പെട്ടിട്ടുമുണ്ട്.

ഈവക സംഗതികളെക്കൊണ്ടും എഴുനൂറിനും എണ്ണൂ-
റിനും മദ്ധ്യേയാണദ്ദേഹത്തിന്റെ ജീവകാലമെന്നനു-
മാനിയ്ക്കാമെന്നു തോന്നുന്നു.

## ജീവചരിത്രം.

എഴുത്തച്ഛന്റെ ജീവചരിത്രം മിയ്ക്കവാറും കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തിരിയ്ക്കുന്നുവെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ; ഇപ്പോൾ നിലവിലുള്ള അല്പാല്പം രേഖകൾ തന്നെ ഐതിഹ്യവേദികളിന്മേലാണു സ്ഥാപിതമായിട്ടുള്ളതു്. വാസ്തവം പറയുന്നതിലധികം പല കെട്ടുകഥകളും അതിശയോക്തികളും കൂട്ടിപ്പറയുന്നതിലാണു ജനസാമാന്യത്തിന്നു് അഭിരുചി കാണുന്നതു്. ദുഷിച്ചുപോയ ഈ അഭിരുചിനിമിത്തം ഐതിഹ്യരൂപത്തിൽ കിട്ടുന്ന തെളിവുകളും തുലോം കലുഷങ്ങളായാണിരിയ്ക്കുന്നതു്. കേവലം അസംഭാവ്യങ്ങളായ കെട്ടുകഥകളെ തള്ളി ബാക്കി കാണുന്ന ഐതിഹ്യങ്ങളെ മാത്രമേ ഇവിടെ വിമർശനത്തിന്നു വിഷയമാക്കുന്നുള്ളൂ.

എഴുത്തച്ഛന്റെ ജനനത്തെപ്പറ്റിത്തന്നെ ഒന്നിലധികം അഭിപ്രായങ്ങൾ കേൾക്കുന്നുണ്ടു്. വടക്കേ മലയാളത്തുകാരനായ ഒരു നമ്പൂതിരി തിരുവനന്തപുരത്തുനിന്നു മുറജപം കഴിഞ്ഞുവരുന്ന വഴിയ്ക്കു, തൃക്കണ്ടിയൂരെത്തിയപ്പോഴയ്ക്കും നേരം അസമയമായതിനാൽ അവിടെയുണ്ടായിരുന്ന ഒരു ചക്കാലനായർവീട്ടിൽ കയറി-

ക്കിടന്നുവെന്നും, അന്നുരാത്രി ആവീട്ടിലെ ഒരു യുവതിയിൽ അദ്ദേഹത്തിന്നുണ്ടായ പുത്രനാണ് എഴുത്തച്ഛൻ എന്നുമാണ് ഒരു പക്ഷമുള്ളത്; പിന്നെയൊരു പക്ഷമുള്ളത് അദ്ദേഹം നമ്പൂതിരിയല്ല ഒരു പരദേശബ്രാഹ്മണനായിരുന്നുവെന്നാണ്.

ഈ രണ്ടഭിപ്രായത്തോടും യോജിക്കുന്നതിൽ ചില വൈഷമ്യങ്ങൾ കാണുന്നുണ്ട്. തിരുവനന്തപുരത്തുനിന്നു വരുന്ന ഒരാൾക്കു വഞ്ചിമാർഗ്ഗമായി അക്കാലത്തു തൃക്കണ്ടിയൂരെത്തുവാൻ സൌകൎയ്യമില്ല. മിസ്റ്റർകെനോൽസായ്പ് പൊന്നാനിയിൽനിന്നു ചാവക്കാട്ടേക്കുള്ള തോടു വെട്ടിച്ചതിന്നു ശേഷമാണ് "തൃക്കണ്ടിയൂർ" മുതലായ പ്രദേശങ്ങളിൽനിന്നു ജനങ്ങൾക്കു വഞ്ചിമാർഗ്ഗമായി അവ്യാഹതമായ സഞ്ചാരത്തിന്നു സൌകൎയ്യപ്പെട്ടത്. ആ തോടിനെ "കനോൽ തോട്" എന്ന് ഇന്നും വിളിച്ചുവരുന്നതുകൊണ്ട് അത് ആ സായ്പിന്റെ പരിശ്രമഫലമായാവിൎഭവിച്ചതാണെന്നു വിശദമായിത്തെളിയുന്നുമുണ്ടല്ലോ. മിസ്റ്റർ കനോൽ അടുത്തകാലത്തു ജീവിച്ചിരുന്ന ആളാണെന്നതു നിസ്തൎക്കമാണുതാനും. അതുകൊണ്ടു മേൽപ്പറഞ്ഞ ഐതിഹ്യം അടിസ്ഥാനരഹിതമായിപ്പോകുന്നു. ഈ ഐതിഹ്യം വിശ്വസിക്കുന്നതിൽ ഇനിയും വൈഷമ്യം കാണുന്നുണ്ട്. തിരുവനന്തപുരത്തു "മുരജപം" എന്ന ക്രിയതന്നെ മാൎത്താണ്ഡവൎമ്മമഹാരാജാവ് ഏൎപ്പെടുത്തിയതും, അന്നുമുതൽക്കുമാത്രം നടന്നുവരുന്നതുമായ ഒരു ക്രിയയാണല്ലോ. മാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ കാലം എഴുത്തച്ഛന്റെ കാലത്തിന്-

ശേഷമാണെന്നതിൽ പക്ഷാന്തരത്തിന്നവകാശവുമില്ല. ഈ സ്ഥിതിയ്ക്കു മുൻപറഞ്ഞ ഐതിഹ്യത്തെ എങ്ങിനെ വിശ്വസിയ്ക്കാം? അവിശ്വസനീയമാണ് ഈ ഐതിഹ്യമെന്നതിന്നു് ഇനിയുംതെളിവുണ്ടു്. ആലത്തൂർഗ്രാമം മലയാളബ്രാഹ്മണർ പ്രചുരമായി അധിവസിയ്ക്കുന്ന ഒരു സ്ഥലമാണ്. അവിടെ വന്ന ഒരു നമ്പൂതിരിബ്രാഹ്മണൻ ജാതിയിൽ നികൃഷ്ടമെന്നു ഗണിയ്ക്കപ്പെട്ടിട്ടുള്ള ഒരു ദരിദ്രചക്കാലവീട്ടിൽ കയറിക്കിടന്നുവെന്നു പറയുന്നതു് അസംഗതമായിരിപ്പാനേ വഴിയുള്ളു.

ഇനി മുമ്പു പ്രസ്താവിച്ച പരദേശബ്രാഹ്മണൻെറ കഥ എടുക്കാം. ഇന്നത്തെപ്പോലെ സഞ്ചാരസൌകര്യങ്ങളും മാർഗ്ഗങ്ങളുമില്ലാതിരുന്ന കാലത്തു സഹ്യപർവ്വതനിരകളാൽ വിദേശങ്ങളുമായുള്ള ബന്ധം മിയ്ക്കവാറും വേർപെടുത്തപ്പെട്ട കേരളത്തിലെ ഒരു നായർയുവതി, ആചാരം, വേഷം, ഭാഷ എന്നിവയിൽ കേവലം വിഭിന്നസ്വഭാവിയായ ഒരപരിചിതബ്രാഹ്മണനെ കണ്ടമാത്രയിൽത്തന്നെ സന്തത്യുൽപ്പാദനാർത്ഥം സ്വീകരിച്ചുകഴിഞ്ഞുവെന്നു പറയുന്നതു് അത്ര യുക്തമായിരിയ്ക്കുമെന്നു തോന്നുന്നില്ല. ഏതായാലും അദ്ദേഹത്തിൻെറ അച്ഛൻ ഒരു ബ്രാഹ്മണനായിരുന്നുവെന്നു് ഈ ഐതിഹ്യങ്ങളിൽനിന്നു് ഏതാണ്ടു് ഊഹിയ്ക്കാം. ഇതിൽനിന്നു് അല്പാല്പം വ്യത്യാസപ്പെട്ടു് ഒരൈതിഹ്യം വെട്ടത്തുനാട്ടിൽ സാധാരണ പറഞ്ഞുവരാറുണ്ടു്. അതു താഴെ കാണുംപ്രകാരമാണ്:—

"വടക്കേമലയാളത്തുകാരനും ജ്യോതിഷത്തിൽ അതിവിദഗ്ദ്ധനുമായ ഒരു നമ്പൂതിരി തിരുവനന്തപുരത്തുനിന്നു സ്വദേശത്തേയ്ക്കു മടങ്ങിപ്പോവുകയായിരുന്നു. മദ്ധ്യേമാർഗ്ഗം പലേടത്തും സഞ്ചരിച്ച്, ഒരു ദിവസം വൈകുന്നേരമായപ്പോഴയ്ക്കു് അദ്ദേഹം തൃക്കണ്ടിയൂരെത്തുകയും ഊട്ടിൽ ഊണുകഴിച്ചു രാത്രി ക്ഷേത്രത്തിന്നടുത്തുള്ള "തട്ടാരമ്പറമ്പത്തു്" എന്ന ഒരു മൂസ്സിന്റെ ഗൃഹത്തിൽ കയറിക്കിടക്കുകയും ചെയ്തു. അന്നു തനിയ്ക്കൊരു വിശിഷ്ടസന്താനോൽപ്പാദനത്തിനുള്ള യോഗമുണ്ടെന്നു ജ്യോതിശ്ശാസ്ത്രദൃഷ്ട്യാ അദ്ദേഹം അറിഞ്ഞിരുന്നു. വഴിയ്ക്കു പലേടത്തും ചുററിത്തിരിഞ്ഞതുകൊണ്ട് അന്നേയ്ക്കു സ്വഭവനത്തിൽ എത്തുന്നതിന്നു സാധിച്ചതുമില്ല. രാത്രിയിൽ അദ്ദേഹം അത്യാസന്നമായ ശുഭമുഹൂർത്തം നിഷ്ഫലമായിപ്പോകുമല്ലോ എന്നു വിചാരിച്ചു വളരെ കുണ്ഠിതപ്പെട്ടു് ഇടയ്ക്കിടയ്ക്കു് ശയ്യയിൽനിന്നെഴുന്നേററു മുററത്തിറങ്ങി ജ്യോതിർഗ്ഗോളങ്ങളെ നോക്കുകയും, വീണ്ടും ശയ്യയെത്തന്നെ ശരണംപ്രാപിയ്ക്കുയും ചെയ്തുകൊണ്ടിരുന്നു. ആ ഗൃഹത്തൽ "തുമ്പത്തു്" എന്ന ചക്കാലവീട്ടിലെ ഒരു യുവതി ദാസിയായിത്താമസിച്ചിരുന്നു. ആ സ്ത്രീ നമ്പൂതിരിയുടെ അടുത്തുചെന്നു് ഈ അസ്വാസ്ഥ്യത്തിന്റെ കാരണമെല്ലാം ചോദിച്ചറിയുകയും, ദയവുചെയ്ത് ആ സന്താനത്തിന്റെ മാതാവായിരിപ്പാനുള്ള ഭാഗ്യം തനിയ്ക്കു നൽകണമെന്നപേക്ഷിയ്ക്കുകയും, അതനുസരിച്ച് ആ ശുഭമുഹൂർത്തത്തിൽ പരസ്പരാനുരക്തന്മാരായ അവർ രണ്ടാളും ഗാന്ധർവ്വമുറയ്ക്കനുസരിച്ചു വധൂവരന്മാരാ-

യിത്തീരുകയും, ആ വഴിക്കു് എഴുത്തച്ഛന്റെ അവതാരത്തിന്നു സന്ദർഭം ലഭിക്കുകയും ചെയ്തു."

മററുള്ള ഐതിഹ്യങ്ങളോടു തട്ടിച്ചുനോക്കുമ്പോൾ സംഭാവ്യതകൊണ്ടും, സമ്പ്രദായംകൊണ്ടും ഈ ഐതിഹ്യമാണു കുറച്ചധികം യുക്തമായിത്തോന്നുന്നതു്. അതുകൊണ്ടു മററുവിധത്തിലുള്ള തെളിവുകൾ കിട്ടുന്നതുവരേയ്ക്കു് ഇതിനെ സ്വീകാര്യമായി ഗണിപ്പാനെ നിവ്വാഹമുള്ളു.

പാരമ്പര്യസിദ്ധമായ മുൻപറഞ്ഞ ഐതിഹ്യത്തിൽനിന്നു് എഴുത്തച്ഛന്റെ മാതാപിതാക്കന്മാർ ജാതിയിൽ ഇന്നവരായിരുന്നുവെന്നു് ഒരുവിധം മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടെങ്കിലും അവരുടെ പേരെന്തായിരുന്നുവെന്നറിവാൻ ഒരു മാർഗ്ഗവും കാണുന്നില്ല. "അമ്പേണമെന്മനസി ശ്രീനീലകണ്ഠഗുരു" എന്നു "ഹരിനാമകീർത്തന"ത്തിൽ എഴുത്തച്ഛൻ എഴുതിക്കാണുന്നതു തന്റെ പിതാവും ഗുരുവുമായ ശ്രീനീലകണ്ഠൻനമ്പൂതിരിയെപ്പററിയാണെന്നു് ഒരു പക്ഷമുണ്ടു്; പക്ഷേ ആ പക്ഷം തൃപ്തികരമായ തെളിവുകളില്ലാത്തതുകൊണ്ടു് ഇന്നും സാംശയികകോടിയിൽ ഗണിപ്പാനേ നിവ്വാഹമുള്ളു.

എഴുത്തച്ഛന്റെ നാമധേയവും എന്തായിരുന്നുവെന്നു തീർച്ചപറവാൻ വയ്യ. "അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ മൽഗുരുനാഥനനേകാന്തവാസികളോടും ഉൾക്കരുന്നിങ്കൽ വാഴ്ക രാമനാമാചാര്യനുമന്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും" എന്നു "അ-

ധ്യാത്മരാമായണ''ത്തിന്റെ പ്രാരംഭത്തിൽ കാണുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ഗുരുവും ജ്യേഷ്ഠനുമായി "രാമൻ" എന്ന ഒരു പണ്ഡിതനുണ്ടായിരുന്നുവെന്നും, അദ്ദേഹത്തിന്റെ അനുജൻ എന്ന അൎത്ഥത്തിൽ, എഴുത്തച്ഛന്റെ സാക്ഷാൽ പേർ പറവാൻ മടിയുള്ള ശിഷ്യന്മാർ "രാമാനുജൻ" എന്നു വിളിച്ചുവന്നുവെന്നും, ക്രമേണ ഈ പേർ ലബ്ധപ്രതിഷ്ഠമായിത്തീൎന്നുവെന്നുമാണു ചിലർ പറയുന്നതു്; അദ്ദേഹം വിദേശങ്ങളിൽ സഞ്ചരിച്ചിരുന്നകാലത്തു് "രാമാനുജാചാൎയ്യർ" എന്ന പ്രസിദ്ധ പണ്ഡിതന്റെ അടുത്തു വിദ്യാഭ്യാസം ചെയ്കയും, ആ മഹാഗുരുവിന്റെ പേരിൽ തനിയ്ക്കുള്ള ഭക്തിബഹുമാനങ്ങളുടെ ലക്ഷ്യമായി അദ്ദേഹത്തിന്റെ പേർതന്നെ എഴുത്തച്ഛൻ സ്വീകരിയ്ക്കയും ചെയ്തുവെന്നുമുള്ള അഭിപ്രായക്കാരുമുണ്ടു്. "രാമാനുജൻ" എന്നതു് അദ്ദേഹത്തിന്റെ പേരല്ലെന്നും, ആ പേരിൽ അദ്ദേഹത്തിനു കുറെ പ്രസിദ്ധിയുണ്ടെന്നുമുള്ളതു തീൎച്ചതന്നെ. എഴുത്തച്ഛന്റെ ശരിയായ പേർ "ശങ്കരൻ" എന്നായിരുന്നുവെന്നു് ജനസാമാന്യത്തിന്റെ ഇടയിൽ ഒരു ബോദ്ധ്യമുണ്ടു്. "സൂൎയ്യനാരായണൻ" എന്നായിരുന്നുവെന്ന ഒരഭിപ്രായവും അടുത്തകാലത്തു് ആവിൎഭവിച്ചിട്ടുണ്ടു്; ഏതായാലും ഇതിൽ തീൎച്ചയായ ഒരഭിപ്രായം പുറപ്പെടീയ്ക്കുവാൻ തല്ക്കാലം നിൎവ്വാഹമില്ലാതെയാണിരിയ്ക്കുന്നതു്.

## ബാല്യദശ.

പ്രകൃത്യാ വളരെ ബുദ്ധിമാനായിരുന്ന എഴുത്തച്ഛൻ അതിശൈശവത്തിൽത്തന്നെ തന്റെ അമാനുഷതയെ വെളിപ്പെടുത്തിയിരുന്നുവെന്നാണ് ഐതിഹ്യവേദികൾ പറയുന്നതു്. "തൃക്കണ്ടിയൂർ" "തിരുനാവായ" തുടങ്ങിയുള്ള മഹാക്ഷേത്രങ്ങളിൽ പ്രസ്തുത ബാലനെ സാധാരണയായിക്കൊണ്ടുപോയി തൊഴീപ്പിയ്ക്കാറുണ്ടായിരുന്നുവത്രെ. ഒരിയ്ക്കൽ തിരുനാവായ ക്ഷേത്രത്തിൽ (തൃക്കണ്ടിയൂർ ക്ഷേത്രത്തിലാണെന്നും ഒരു പക്ഷമുണ്ടു്) വെച്ചു നമ്പൂതിരിമാർ വേദപാരായണം ചെയ്യുന്നതു കേട്ടുകൊണ്ടിരുന്ന നമ്മുടെ ബാലൻ "കാട്ടു്" "കാട്ടു്" എന്നു പറഞ്ഞുവെന്നും, കുട്ടിയുടെ അമ്മയ്ക്കും മററും ഇതിന്റെ സാരം മനസ്സിലായില്ലെങ്കിലും, തങ്ങൾ പിഴച്ചു വേദം ചൊല്ലുന്നതിനെ ചൂണ്ടിക്കാണിച്ചാണു കുട്ടി ഇങ്ങിനെ പറഞ്ഞതെന്നു നമ്പൂതിരിമാർ മനസ്സിലാക്കിയെന്നും, ബാലന്റെ വൈഭവത്തിൽ അസഹിഷ്ണുക്കളായ അവർ മലരും പഴവും ജപിച്ചു കൊടുത്തു കുട്ടിയെ മന്ദബുദ്ധിയും മൂകനുമാക്കിത്തീർത്തുവെന്നുമാണു പറയപ്പെടുന്നതു്. കുട്ടിയുടെ അച്ഛനായ നമ്പൂതിരി കുറേകാലം കഴിഞ്ഞശേഷം ഒരിയ്ക്കൽ തൃക്കണ്ടിയൂരിൽ വന്നപ്പോൾ തന്റെ പുത്രന്റെ ബുദ്ധിമാന്ദ്യത്തെക്കുറിച്ചു മനസ്സിലാക്കുകയും കുശാഗ്രബുദ്ധിയായ അദ്ദേഹം അതിന്റെ സൂക്ഷ്മകാരണം മനസ്സിലാക്കി മന്ത്രത്തിന്റെ ഫലം കെടുത്തുവാനായി കുട്ടിയ്ക്കു

സാധാരണ മദ്യംകൊടുത്തുകൊള്ളുവാനുപദേശിച്ചുവെ-ന്നും, ഈ പ്രയോഗംകൊണ്ടു വീണ്ടും ബാലൻെറ ബു-ദ്ധിതെളിഞ്ഞു പ്രകാശിപ്പാൻ തുടങ്ങിയെന്നുമാണു വി-ശ്വസിയ്ക്കപ്പെടുന്നതു്. കുട്ടിക്കാലത്തു് ഒരു ഔഷധമായി മാത്രം ശീലിച്ചുവന്ന ഈ മദ്യസേവനം ക്രമേണ വർദ്ധി-ച്ചുവെന്നും, അദ്ദേഹം ആജീവനാന്തം ഒരു മദ്യപാനി-യായിരുന്നുവെന്നും, പലരും വിശ്വസിച്ചുവരുന്നു. ഇതു് ഒരു പക്ഷെ കല്പിതകഥകളിൽ കൌതുകമുള്ള ജനാ-വലിയുടെ ഒരു വികൃതസൃഷ്ടിയായിരിയ്ക്കാം; അല്ലെങ്കിൽ തൻെറ സഹജീവികൾക്കു പൂൎണ്ണത്വം കൊടുക്കുന്നതിൽ മനുഷ്യനുള്ള വൈമനസ്യത്തിൻെറ ഫലമായുണ്ടായി-ട്ടുള്ള ഒരു ദുസ്സന്താനമാണെന്നുംവരാം; അഥവാ പലമ-ഹാന്മാൎക്കും കാണാറുള്ള ചില പ്രബലദോഷങ്ങൾപോ-ലെ ഇതദ്ദേഹത്തിനുണ്ടായിരുന്ന ഒരു ദോഷമായിക്കൂ-ടെന്നുമില്ല. ഏതായാലുംഎഴുത്തച്ഛൻെറചരിത്രത്തോടു കൂടി ഇങ്ങിനെ ഒരു കഥ ജനങ്ങൾ പറഞ്ഞുവരാറുണ്ടെ-ന്നുള്ളതു മറക്കത്തക്കതല്ല.

---

## വിദ്യാഭ്യാസവും ദേശസഞ്ചാരവും

---

എഴുത്തച്ഛൻെറ പ്രധാന ഗുരു ആരാണെന്നറി-വാൻ മാൎഗ്ഗമില്ലാതെയാണിരിയ്ക്കുന്നതു്. അദ്ദേഹത്തെ ആദ്യം വിദ്യാഭ്യാസം ചെയ്യിച്ചതു് അച്ഛനായ ശ്രീ നീലകണ്ഠൻനമ്പൂതിരിതന്നെയാണെന്നാണു കേട്ടിട്ടു-ള്ളതു്. "അമ്പേണമെന്മനസി ശ്രീനീലകണ്ഠഗുരു"

എന്നദ്ദേഹം "ഹരിനാമകീർത്തന"ത്തിൽ പറഞ്ഞിട്ടുള്ളതു് ഈ മഹാനെ അനുസ്മരിച്ചാണത്രെ. "അഗ്രജൻ മമസതാം" എന്നുതുടങ്ങിയുള്ളമുമ്പു ധരിച്ച "അദ്ധ്യാത്മരാമായണ"ത്തിലെ പ്രസ്താവംകൊണ്ടു സൽഗുണസമ്പന്നനും മഹാവിദ്വാനുമായി പറയപ്പെടുന്ന ഈ ജ്യേഷ്ഠൻ അദ്ദേഹത്തിന്റെ ഒരു ഗുരുവാണെന്നു് അനായാസേന മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടു്. വിദേശങ്ങളിൽ വെച്ചും അദ്ദേഹത്തിന്നു പലവിഷയങ്ങളിലുമായി പലഗുരുക്കന്മാരുമുണ്ടായിരിക്കണം. അതിൽ ഒരു പക്ഷെ, രാമാനുജാചാര്യർ പ്രധാനിയായിരിക്കാം. വേദാന്തം, സാഹിത്യം, യോഗം തുടങ്ങിയുള്ള പലവിഷയങ്ങളിലും അഗാധമായ ജ്ഞാനം സിദ്ധിച്ചിട്ടുള്ള അദ്ദേഹത്തിന്നു് പല ഗുരുക്കന്മാരുമുണ്ടായിരുന്നുവെന്നൂഹിപ്പാനാണധികം യുക്തി. എന്നാൽ അവരിൽ ചിലരുടെ പേരുകൾമാത്രം — അതുതന്നെ അവ്യക്തമായ രീതിയിൽ — അദ്ദേഹത്തിന്റെ പ്രസ്താവനകളിൽനിന്നു മനസ്സിലാക്കുവാനേ സാധിക്കുന്നുള്ളു.

എഴുത്തച്ഛൻ ഇരുപതു വയസ്സിന്നു മേൽ മുപ്പതു വയസ്സിന്നുള്ളിൽ വിദേശസഞ്ചാരം കഴിഞ്ഞു മടങ്ങിയെത്തിയെന്നും പിന്നീടു സ്വദേശത്തു് ഒരെഴുത്തുപള്ളി കെട്ടി കുട്ടികളെ പഠിപ്പിപ്പാൻ തുടങ്ങിയെന്നുമാണു പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ളതു്. വിദേശസഞ്ചാരത്തിൽ അദ്ദേഹത്തിന്നു് ഉൽകൃഷ്ടവിദ്യാഭ്യാസവും ലോകപരിചയവും സിദ്ധിപ്പാനും, "തമിഴ്" "തെലുങ്കു്" മുതലായ ദ്രാവിഡസാഹിത്യങ്ങളോടു ധാരാളമായി ഇട-

പഴകുന്നതിന്നും സാധിച്ചിരിക്കണം. "കിളിപ്പാട്ട്" എന്ന ഒരു അഭിനവപ്രസ്ഥാനം നിർമ്മിക്കുന്നതിന്നുതന്നെ ഈ പരിചയം സഹായിച്ചിരിക്കണമെന്നാണു ഭാഷാചരിത്രകാരന്മാരഭിപ്രായപ്പെടുന്നതു്. എഴുത്തച്ഛൻ വലിയ വിദ്യാസമ്പന്നനായി മടങ്ങിവന്നിട്ടുകൂടി അസൂയാലുക്കളായ ചില നമ്പൂതിരിമാർ അദ്ദേഹത്തെ അവഹേളനപുരസ്സരം ആക്ഷേപിച്ചുകൊണ്ടിരുന്നുവത്രേ. ബാല്യത്തിൽത്തന്നെ അങ്കുരിതമായ അവരുടെ അസൂയ എഴുത്തച്ഛന്റെ ക്രമപ്രവൃദ്ധമായ ഉൽക്കർഷത്തോടുകൂടി പല്ലവിതമാകുവാനും പുഷ്പിപ്പാനും തുടങ്ങി. എഴുത്തച്ഛൻ ജാതിയിൽ ഒരു "ചക്കാല" നായരായിരുന്നതിനെ സൂചിപ്പിച്ചുംകൊണ്ടു് അവർ "തുഞ്ചന്റെ ചക്കിൽ എത്ര ആട്ടം" എന്നു ചോദിച്ചിരുന്നുവെന്നും, അതിന്നദ്ദേഹം, താൻ ചക്കാലനാണെങ്കിലും തനിക്കു നാലു വേദവും ആറു ശാസ്ത്രവും അറിയാമെന്ന അർത്ഥത്തിൽ "അടിയന്റെ ചക്കിൽ നാലും ആറും ആട്ടം" എന്നു മറുവടി പറഞ്ഞിരുന്നുവെന്നും മററും ഐതിഹ്യവേദികൾ പറയുന്നു. "ഒന്നുകൊണ്ടറിയേണം രണ്ടിന്റെ ബലാബലം" എന്നു തുടങ്ങിയുള്ള ഭാരതത്തിലെ വരികളെ കളിയാക്കി ചില രസികന്മാരായ നമ്പൂതിരിമാർ, "രണ്ടുകൊണ്ടറിയേണം മൂന്നിന്റെ ബലാബലം പിന്നെ നാലിനെയഞ്ചാൽ വശത്തു വരുത്തേണം" എന്നീരീതിയിൽ ഒരു തടിച്ച ഗ്രന്ഥം നിറയുംവരെ എഴുതിയുണ്ടാക്കി എഴുത്തച്ഛനു കാണിച്ചു് അദ്ദേഹത്തോടതിന്റെ ഗുണദോഷങ്ങളെപ്പററി ചോദിക്കയുണ്ടായെന്നും കേ-

ട്ടിട്ടുണ്ട്. "ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ" എന്ന മതത്തിന്നു കുറച്ചധികം പ്രാധാന്യമുണ്ടായിരുന്ന ഒരു കാലത്തു വേദവേദാന്താദികളിൽ ഒരു ശൂദ്രൻ പരിശ്രമിക്കുന്നതിൽ വേദാധികാരികളായ ചില നമ്പൂതിരിമാൎക്കു് അസഹിഷ്ണുതയുണ്ടായിയെന്നു പറയുന്നതു് അസ്വാഭാവികവും അസംഭാവ്യവും ആയിക്കൊള്ളണമെന്നില്ല. എന്നാൽ ഏതു രാജ്യത്തും ഏതു സമുദായത്തിലും മഹാമനസ്കന്മാരും അല്പബുദ്ധികളും ഉണ്ടാവുന്നതു സാധാരണയാണു്. എഴുത്തച്ഛന്റെ യഥാൎത്ഥയോഗ്യതകൾ കണ്ടറികയും ബഹുമാനിക്കയും ചെയ്യുന്നതിന്നും അല്പം ചിലർ അവിടെ ഇല്ലാതിരുന്നില്ല. അവരിൽ അദ്വിതീയനത്രെ മഹാകവിയും മഹാനുഭാവനുമായ മേപ്പത്തൂർ ഭട്ടതിരി. ഏതായാലും മഹാമനസ്കനായ എഴുത്തച്ഛന്നു ബ്രാഹ്മണരുടെ നേരെ സീമാതീതമായ ഭക്തിയുണ്ടായിരുന്നുവെന്നതു തീൎച്ചതന്നെ. അതിന്നു, താഴെ കാണുന്ന അദ്ദേഹത്തിന്റെ സൂക്തികൾ ലക്ഷ്യങ്ങളുമാണു്:—

"കാരണഭൂതന്മാരാം ബ്രാഹ്മണരുടെ ചര-
ണാരുണാംബുജലീനപാംസുസഞ്ചയം മമ
ചേതോദൎപ്പണത്തിന്റെ മാലിന്യമെല്ലാം തീൎത്തു
ശോധനംചെയ്തീടുവാനാവോളം വന്ദിക്കുന്നേൻ".

അദ്ധ്യാത്മരാമായണം.

"വേദത്തിന്നാധാരഭൂതന്മാരിക്കാണായോരു
ഭൂദേവപ്രവരന്മാർ തദ്വാരശാഖാദികൾ

ധാതൃശങ്കരവിഷ്ണുപ്രമുഖന്മാക്കും മതം
വേദജ്ഞോത്തമന്മാർ മാഹാത്മ്യങ്ങളൊക്കെ ചൊല്ലാം"

അദ്ധ്യാത്മരാമായണം.

"കരുണാചിത്തന്മാരാം ധരണീസുരവൃന്ദ-
ചരണാംഭോരുഹത്തെശ്ശരണംപ്രാപിക്കുന്നേൻ".

മഹാഭാരതം.

മേലുദ്ധരിച്ച വരികളിൽനിന്നു വേദജ്ഞോത്തമന്മാരായ മഹാബ്രാഹ്മണനു് എഴുത്തച്ഛന്റെ ഹൃദയത്തിലുണ്ടായിരുന്ന സ്ഥാനമേതായിരുന്നുവെന്നു വെളിവാകുന്നുണ്ടു്. സംസ്കൃതസാഹിത്യത്തിൽ കേവലം നിരക്ഷരകുക്ഷികളായ അന്നത്തെ കേരളീയരെ ഭക്തിമാർഗ്ഗത്തിലേക്കു നയിക്കണമെന്ന ഏക ഉദ്ദേശ്യത്തിൻപേരിലാണു് അദ്ദേഹം ഭഗവൽക്കഥകൾ പരിഭാഷപ്പെടുത്തുവാൻ തുടങ്ങിയതു്. അങ്ങിനെയല്ലാത്തപക്ഷം "മഹാഭാരത"ത്തിലടങ്ങിയ ശ്രീമൽ "ഭഗവൽഗീത" മാത്രം വിട്ടുകളയുന്നതിനു വഴിയില്ല. ആരണകലസപത്താണെന്ന നിലക്കു് അതിനെ ഉപേക്ഷിക്കയാണദ്ദേഹം ചെയ്തിരിക്കുന്നതു്. "ഉഴറിയരുളിന മൊഴികളുപനിഷത്താകയാലോതിനാർ ഗീതയെന്നാദരാൽ ജ്ഞാനികൾ" എന്നു മാത്രമെ അദ്ദേഹം ഗീതയെപ്പററി പറയുന്നുള്ളു. അദ്ധ്യാത്മരാമായണത്തിന്റെ ആദിയിൽ എഴുതിട്ടുള്ള "പാദസേവകനായ ഭക്തനാം ദാസൻ ബ്രഹ്മപാദജനജ്ഞാനി നാമാദ്യനായുള്ളോരു ഞാൻ വേദസമ്മിതമായു് മുമ്പുള്ള ശ്രീരാമായണം ബോധഹീനന്മാക്കറിയാംവണ്ണം ചൊല്ലീടുന്നേൻ * * * * വേ-

ദശാസ്ത്രങ്ങൾക്കധികാരിയല്ലെന്നതോർത്തു ചേതസി സ-ർവ്വം ക്ഷമിച്ചീടുവിൻ കൃപയാലെ". ഇത്യാദി ഭാഗങ്ങൾ രാമായണാദി ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുന്നതിൽ-ത്തന്നെ അദ്ദേഹത്തിന്നല്പം ശങ്കയുണ്ടായിരുന്നുവെന്നു തെളിയിക്കുന്നുണ്ടു്.

എഴുത്തച്ഛന്റെ സ്നേഹിതന്മാരും പരിചയക്കാരും ആരെല്ലാമായിരുന്നുവെന്നു് അധികമായൊന്നും അറി-വാൻ സാധിച്ചിട്ടില്ല. "മനക്കോട്ട ബാലരാമൻ" എ-ന്നൊരു ശൂദ്രപ്രഭു അദ്ദേഹത്തിന്നൊരു ബന്ധുവായുണ്ടാ-യിരുന്നുവെന്നും, ആ പ്രഭുവിൽനിന്നാണു് മഹാകവി-ക്കു് വിദ്യാസഞ്ചാരത്തിന്നു ധനസഹായം കി-ട്ടീട്ടുള്ളതെന്നും മററും ഭാഷാചരിത്രകാരനായ മിസ്റ്റർ-ഗോവിന്ദപ്പിള്ളയും, അദ്ദേഹത്തെ തുടൎന്നു് മററു ചില-രും അഭിപ്രായപ്പെട്ടിട്ടുണ്ടു്.

"മനക്കോട്ടുവാഴും മഹാമാനശാലി
മനക്കാമ്പിലേററം കൃപാവാരിരാശി
എനിക്കാശ്രയം ബാലരാമാഭിധാനൻ
നിനക്കുന്നതെല്ലാം വരുത്താൻ കരുത്തൻ.
കലാവിദ്യകൾക്കേകമാധാരഭൂതൻ
കുലാചാരഭേദം ഗ്രഹിക്കുന്ന വിദ്വാൻ"

എന്നീ "ശിവപുരാണ"ത്തിലെ വരികളാണു് അവൎക്കു് ഈ അഭ്യൂഹത്തിന്നു സാധകങ്ങളായി നില്ക്കു-ന്നതു്; എന്നാൽ "ശിവപുരാണം" തന്നെ എഴുത്ത-ച്ഛന്റെ കൃതിയല്ലെന്നുള്ളതു് ഇന്നു മിക്കവാറും പ-

ണ്ഡിത്സമ്മതമായിക്കഴിഞ്ഞിട്ടുള്ള സ്ഥിതിയ്ക്കു പ്രസ്തുത ശൂദ്രപ്രഭുവുമായിട്ടുള്ള എഴുത്തച്ഛന്റെ ബന്ധം ശിഥിലമായിപ്പോകയാണു ചെയ്യുന്നത്. മഹാകവി മേപ്പത്തൂർ ഭട്ടതിരിയും അദ്ദേഹവുമായുള്ള പരിചയവും ബന്ധവും അശിഥിലമായിട്ടുള്ളതുതന്നെയാണ്. പരമഭക്തനും, മഹാവിദ്വാനും, മഹാകവിയുമായ എഴുത്തച്ഛന്റെ ഗുണങ്ങൾ കണ്ടറിവാനും അഭിനന്ദിപ്പാനും മേപ്പത്തൂരിനെപ്പോലെ അടുത്തു് മറെറാരാളുണ്ടാവുകയെന്നതുതന്നെ അസംഭാവ്യമായി തോന്നുന്നു. ഇവർ രണ്ടാളും സമീപസ്ഥന്മാരും, മനസ്ഥിതിയ്ക്കു് അത്യന്തം ഐകരൂപ്യമുള്ളവരുമായിരുന്നതിനാൽ പരസ്പരം കണ്ടു പരിചയിയ്ക്കുന്നതിന്നും ആ പരിചയം വലിയ സ്നേഹബന്ധത്തിൽ കലാശിയ്ക്കുന്നതിന്നും ഇടയുണ്ടു്. "അമ്പലപ്പുഴരാജാവുമായി എഴുത്തച്ഛനെ പരിചയപ്പെടുത്തിയതുതന്നെ ഭട്ടതിരിയാണെന്നാണു കേട്ടുകേൾവി. എഴുത്തച്ഛൻ അമ്പലപ്പുഴരാജാവിന്റെ ആവശ്യപ്രകാരം അദ്ധ്യാത്മരാമായണം ഗ്രന്ഥം ആദ്യം എഴുത്തിൽ പകർത്തിയെഴുതുകയും അതോടുകൂടിത്തന്നെ രാമായണം കിളിപ്പാട്ടു് ഉണ്ടാക്കുകയും ചെയ്തുവെന്നാണല്ലോ രാമായണനിർമ്മാണത്തെപ്പററിയുള്ള ഐതിഹ്യം. ഈ കിളിപ്പാട്ടു് അദ്ദേഹം അമ്പലപ്പുഴരാജാവിന്റെ വിദ്വൽസദസ്സിൽവെച്ചു വായിച്ചപ്പോൾ ഭട്ടതിരി, "തുഞ്ചൻ ഈ മനോഹരമായ പാട്ടു് ഇങ്ങിനെ മുഴുവനും ചീന്തിക്കളഞ്ഞുവല്ലോ" എന്നു പറഞ്ഞുവെന്നും, അപ്പോൾ എഴുത്തച്ഛൻ "അടിയൻ കാണുന്നവ-

ിലധികംപേരും വിവസ്സന്മാരാണു്; പിന്നെ എങ്ങിനെയാണു് ഇതു ചിന്തിക്കൊടുക്കാതെ പട്ടാണെന്നും വിചാരിച്ചുവെച്ചുകൊണ്ടിരിക്കുന്നതു്?" എന്നു ചോദിച്ചുവെന്നുംമററും ഐതിഹ്യവേദികൾ സാധാരണ പറയാറുണ്ടു്. വാതരോഗബാധിതനായ മേല്പത്തൂർ ഗത്യന്തരം കാണാതെ, തൻെറ രോഗനിവാരണത്തിന്നുള്ള വഴിയെന്താണെന്നു് എഴുത്തച്ഛനോടു ചോദിച്ചുവരുവാൻ ആളെ പറഞ്ഞയച്ചുവെന്നും, അപ്പോൾ എഴുത്തച്ഛൻ "അദ്ദേഹത്തോടു മത്സ്യംതൊട്ടുകൂട്ടുവാൻ പറക" എന്നു് മറുവടി പറഞ്ഞയച്ചുവെന്നും, കശാഗ്രബുദ്ധിയായ ഭട്ടതിരി ഈ സന്ദേശത്തിൻെറ തത്വം മനസ്സിലാക്കിയാണു് മത്സ്യാദ്യവതാരവൎണ്ണനാത്മകമായ "നാരായണീയം" നിൎമ്മിച്ചതെന്നും മററുമുള്ള കഥ സുപ്രസിദ്ധമാണു്. ഈ രണ്ടു മഹാന്മാരുംകൂടി പലേടത്തും സഞ്ചരിക്കുകയും സഹവസിക്കുകയും ചെയ്തിട്ടുണ്ടായിരിക്കുമെന്നു തോന്നുന്നു. ഒന്നു മറെറാന്നിലേക്കു സക്രമിച്ചതാണെന്നു് ഊഹിക്കത്തക്കവണ്ണം ഭട്ടതിരിയുടെ "സുഭദ്രാഹരണം" ചമ്പുവിന്നും, എഴുത്തച്ഛൻെറ ഭാരതത്തിലെ "സുഭദ്രാഹരണ"ത്തിന്നും തമ്മിൽ ചിലേടത്തു് ഗണ്യമായ ഐക്യം കാണുന്നുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണു്. ഭട്ടതിരിയെക്കൂടാതെ അമ്പലപ്പുഴ പണ്ഡിതസദസ്സിലെ അംഗങ്ങളായും മററും പല പണ്ഡിതന്മാരും മഹാരാജാക്കന്മാരും എഴുത്തച്ഛൻെറ സ്നേഹിതന്മാരും അദ്ദേഹത്തിൽ ഭക്തിബഹുമാനങ്ങളുള്ളവരും ആയി ഉണ്ടായിരുന്നിരിക്കണം.

എഴുത്തച്ഛൻ തന്റെ അന്ത്യകാലം നയിച്ചത് "ചിററൂർഗ്ഗുരുമഠ"ത്തിൽവെച്ചാണെന്നാണു കേട്ടിട്ടുള്ളത്. അദ്ദേഹം പലദിക്കിലും സഞ്ചരിച്ച കൂട്ടത്തിൽ ഒരിക്കൽ പ്രകൃതിമനോഹരമായ പ്രസ്തുത സ്ഥലത്തും ചെന്നുവെന്നും "പഞ്ചവടി"ക്കു തുല്യമായ ആ സ്ഥലത്തിന്റെ മാഹാത്മ്യത്താലാകൃഷ്ടനായി അവിടെയിരുന്നു തന്റെ അവശിഷ്ടജീവിതം കഴിപ്പാൻ തീർച്ചയാക്കിയെന്നും തദ്ദേശീയർ പറയുന്നു. ഈ മഠം നിൽക്കുന്നതു കൊച്ചിസ്സീമ കിഴക്കൻചിററൂരിൽ "ശോകനാശിനി" (ഈ നദിയാണു പിന്നീട് ഭാരതപ്പുഴയായി മാറുന്നത്) എന്ന പരിശുദ്ധനദിയുടെ വടക്കെ കരയിലാണ്. എഴുത്തച്ഛൻ അവിടെച്ചെന്നപ്പോൾ, ഇപ്പോൾ മഠവും അഗ്രഹാരവും നിൽക്കുന്ന സ്ഥലം മുഴുവനും കാടായിരുന്നു. അദ്ദേഹം അന്ന് ചിററൂർ നാടുവാഴിയായിരുന്ന "ചമ്പത്തിൽ മന്നാടിയാരോ"ട് ഈ സ്ഥലം നാലായിരം പണം കൊടുത്തു വാങ്ങി കാടുവെട്ടിച്ച നദീതീരത്ത് ഒരു ശ്രീരാമക്ഷേത്രവും ശിവക്ഷേത്രവും നിർമ്മിക്കുകയും, ശ്രീരാമക്ഷേത്രത്തിന്റെ മുൻവശത്തു കിഴക്കുപടിഞ്ഞാറു രണ്ടുവരിയായി പന്ത്രണ്ടു ഗൃഹങ്ങൾ നിർമ്മിച്ച് അതിൽ പന്ത്രണ്ടു പരദേശബ്രാഹ്മണകുടുംബങ്ങളെ കൊണ്ടുവന്നു കുടിയിരുത്തുകയും, തെക്കെ വരിയിൽ കിഴക്കേ അററത്തു തനിക്കിരുന്ന് ഈശ്വരഭജനംചെയ്യാനും മററുമായി ഒരു മഠംകൂടി പണിയിക്കുകയും ചെയ്തു.

ക്ഷേത്രത്തിന്നും അഗ്രഹാരനിൎമ്മാണത്തിന്നും മ-റ്റുമായാണു തന്നോടുവാങ്ങിയ സ്ഥലം വിനിയോഗി-ക്കുന്നതെന്നു കണ്ടപ്പോൾ, ചമ്പത്തിൽ മന്നാടിയാർ അതിന്റെ വിലയായി വാങ്ങിയിരുന്ന ൪000. പണ-വും ക്ഷേത്രത്തിന്റെ നടയ്ക്കൽ കൊണ്ടുപോയി വെയ്ക്കു-കയും, അപ്പോൾ എഴുത്തച്ഛൻ അതെടുത്ത് ഓരോരു-ത്തരും കൊല്ലത്തിൽ ൧൦. പറ നെല്ലുവീതം പലിശ കൊടുക്കത്തക്കവണ്ണം, കൊച്ചിസ്സൎക്കാരിലും, "ചമ്പ-ത്തി"ലും, "വടശ്ശേരി"യും, "എഴുവത്തും" ൧000. പ-ണംവീതം കൊടുത്തല്പിയ്ക്കുകയും ആണ് ഉണ്ടായത്.

മേൽ പ്രസ്താവിച്ച സംഗതികൾക്കടിസ്ഥാനമാ-യിട്ട ഗുരുമഠത്തിൽനിന്നു കണ്ടുകിട്ടിയ നാലു പദ്യങ്ങൾ കൂടിയുണ്ട്. ഇവ എഴുത്തച്ഛന്റെ സമകാലീനന്മാരാ-യ ശിഷ്യന്മാരൊ അദ്ദേഹത്തിന്റെ അടുത്ത കാലത്തു ജീവിച്ചിരുന്നവരാരെങ്കിലുമൊ എഴുതിവെച്ചതായിരി-ക്കുമെന്നു വിചാരിക്കുന്നു. അപൂൎണ്ണങ്ങളായിരുന്ന ഇവ-യെ യുക്ത്യാനുസരണം പൂരിപ്പിച്ചിട്ടുള്ളത് ഇവിടത്തു-കാരായ ചില കാരണവന്മാരാണ്. പദ്യങ്ങൾ താഴെ ചേൎക്കുന്നു:—

൧. ആചാൎയ്യഃ പ്രഥമം നദീം വനമിദം ദൃഷ്ട്വാ
(മുദം) പ്രാപ്തവാൻ
നദ്യാസ്തീരം (വനപ്രദേശ) വസതിം നിശ്ചിത്യ
ശിഷ്യൈസ്സമം
ലബ്ധ്വാ തദ്ധനമത്രദേശപതിഭിഃ ഷരിതാ
(സമസ്തം ഗുരു)
"രാമാനന്ദപുരാ"ഭിധം ദ്വിജഗൃഹൈർ-
ഗ്രാമം ചകാരാലയൈഃ",

(ആചാര്യൻ നദിയും വനവും കണ്ടു സന്തുഷ്ടനായിശിഷ്യന്മാരോടുകൂടി അവിടെ പാൎക്കുവാൻ നിശ്ചയിക്കുകയും, നാടുവാഴിയോടു സ്ഥലം വാങ്ങി കാടു വെട്ടിത്തെളിച്ചു ബ്രാഹ്മണാലയങ്ങളും ദേവാലയങ്ങളുംകൊണ്ടു "രാമാനന്ദപുരം" എന്ന ഒരു ഗ്രാമം നിൎമ്മിക്കുകയും ചെയ്തു)

2. പൂൎവ്വേ ചിഞ്ചാഖ്യകുല്യാ വരുണദിശി തഥാ
പത്രചൎയ്യാ പഥാന്തം
യാമ്യേ നദ്യുത്തരാഢുത്തരദിശി നിധനക്രോഡ-
കേദാരകാന്തം
അസ്മിൻദേശേ മഹാത്മാ (വിപ്ര) (ധ)ജാന(വരഃ)
സൂൎയ്യനാരായണാഖ്യഃ
സമ്പദേ ചശ്മാധിനാഥാദ്ദകമ(ഥ) (സ) ജ (ഗ്രാ)-
ഹ കാരുണ്യസിന്ധുഃ)

(സൂൎയ്യനാരായണനെഴുത്തച്ഛൻ ചമ്പത്തിൽകാരണവരോട്, കിഴക്കു പുളിങ്കാൽതോടും, പടിഞ്ഞാറു പട്ടഞ്ചേരിപ്പാതയും, തെക്കു നദിയുടെ വടക്കേ കരയും, വടക്കു കൊല്ലംകോട്ടു പാടവും അതിൎത്തികളായ ഈ സ്ഥലം തീറു വാങ്ങി)

3. രാമാനന്ദാഗ്രഹാരേ പ്രഥമമിഹ ശിവം സാം-
ബമൂൎത്തിം സവൎഗ്ഗം
സാക്ഷാദേപിഷ്ണും ച രാമം ദ്വിജകുലനിപു-
ണൈഃ (സ്ഥാപയാമാസ) സൂൎയ്യഃ
(ദ) ഭ്ഗ്നാ (പ്യ)ന്നം സസപ്പിഃ സധനഗൃഹഗണം
ഭൂസുരേഭ്യോ ദദൌ (സഃ)

നാകസ്യാ നൂന സൌഖ്യം ധ്രുവമിതിമനന-
സ്യാസ്പദം ഭൂമി (ദാനം)

സൂര്യനാരായണൻ ഈസ്ഥലത്തുമഹാബ്രാഹ്മണ-രെക്കൊണ്ടു സാംബശിവനേയും ശ്രീരാമനേയും പ്രതി-ഷ്ഠ കഴിപ്പിയ്ക്കുകയുംമൃഷ്ടാന്നഭോജനത്തോടുംധനത്തോ-ടും മംഗളോടുംകൂടി ഭൂമി ദാനം ചെയ്കയും ചെയ്തു.

4. സമ്പൽ (ക്ഷത്ര) മഹീശസപ്തതി വട-
ശ്ശേര്യാഖ്യഗേഹേഷപസൌ
ദത്തൈകൈകസഹസ്രകം പണധനം
വൃദ്ധ്യർത്ഥമഭ്യർച്ചിതും
രാമാനന്ദപുരാലയെ (ദിശ)നവത്യൈകൈക-
ധാന്യാഢകം
പ്രത്യബ്ദന്തു (പരാ)ഖ്യമിത്യനുമതിം തേഭ്യ-
പ്രതിജ്ഞാപിതഃ.

പൂജാദികൾ നടത്തുന്നതിന്നുവേണ്ടി ചമ്പത്തില്പ്പം കൊച്ചിസക്കാരിലും എഴവത്തും വടശ്ശേരിയും കൊല്ല-ത്തിൽ കാരോരുത്തരിൽ നിന്നു ൯0. പറനെല്ല് പലിശ വരത്തക്കവണ്ണം ആയിരം പണംവീതം അദ്ദേഹം കൊടുത്തേൽപ്പിച്ചു.)

ഗുരുമഠത്തിൽവെച്ചു സമാധിയടഞ്ഞ ഒരു ഗുരു-വിൻെറ മൃതശരീരം അടക്കംചെയ്ത സ്ഥലം മുകൾഭാ-ഗം വൃത്തിയായി വൃത്താകാരത്തിൽ പണിചെയ്തിട്ടുള്ള കരിങ്കല്ലുകൊണ്ടു മൂടിവെച്ചിരിയ്ക്കുന്നു. അതിൻെറ അ-ടുത്തു കിഴക്കുഭാഗത്തു പീഠത്തിന്മേൽ സാക്ഷാൽതുഞ്ച-ത്താചാര്യരുടെ വെള്ളികൊണ്ടു പൊതിഞ്ഞിട്ടുള്ള ഒരു

ജോടി മെതിയടിയും വെച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു യോഗദണ്ഡും അവിടെ പരിഷ്ക്കരിച്ചു വെച്ചിരിക്കുന്നു. ൧൦൮൩-ൽ ഉണ്ടായ അഗ്നിബാധനിമിത്തം ഗുരുമഠവും, ചില ഭവനങ്ങളും, പല വിശിഷ്ടഗ്രന്ഥങ്ങളും നശിച്ചുപോയി! അന്ന് അമൂല്യങ്ങളായ പല ചരിത്രാവശിഷ്ടങ്ങളും നഷ്ടപ്പെട്ടുപോയിരിക്കണം. മുൻപ്രസ്താവിച്ച പരിശോധനവസ്തുക്കളെങ്കിലും നശിക്കാതെ കിട്ടിയതു കേരളീയരുടെ അതിഭാഗ്യംനിമിത്തമെന്നേ പറയേണ്ടു.

പ്രസ്തുതഗുരുമഠത്തിൽ എഴുത്തച്ഛന്റെ ശിഷ്യപരമ്പരയിൽപ്പെട്ട പല മഹാന്മാരും താമസിച്ചു ഗുരുപാദുകങ്ങളിൽ പൂജചെയ്തിരുന്നുവെന്നാണറിയുന്നത്. ഇവിടത്തെ ചില കാരണവന്മാർ ചൊല്ലാറുള്ളതും അജ്ഞാതകർത്തൃകവുമായ ഒരു പദ്യം ഈ സംഗതിയെ തെളിയിക്കുന്നുമുണ്ട്. ആ പദ്യമാണിതു്:—

വന്ദേ നിത്യമഖണ്ഡപൂർണ്ണമമലം
തുഞ്ചത്തെഴും ശ്രീഗുരും
വന്ദേ ശ്രീ "കരുണാകരം" ച "പരമം"
ശ്രീ "സൂര്യനാരായണം"
വന്ദേ "ദേവ" "ഗുരും" പരാപരഗുരും
"ഗോപാലക" ശ്രീഗുരും
വന്ദേഹം ഗുരുസമ്പ്രദായമനിശം
വന്ദേസമസ്താൻ ഗുരൂൻ

അഗ്നിബാധയുണ്ടായശേഷം ഏതാണ്ട് ഇരുപത്തഞ്ചു കൊല്ലത്തോളം ഗുരുമഠം അനാഥ-

മായ നിലയിൽത്തന്നെ കിടന്നു. ൧൦൯൭-ൽ ചിററൂർ-“ഭീമത്തു് ഗുരുദാസൻ” കോപ്പുമേനവൻ എന്നൊരാൾ കൊച്ചിസൎക്കാരിൽനിന്നു് ആവശ്യമുള്ള തേക്കമരം അപേക്ഷിച്ചുവാങ്ങുകയും മഠംപണിയിക്കാരംഭിക്കയും ചെയ്തു. ഈ ഭക്തോത്തമന്റെ പണവും പരിശ്രമവും ഗുരുമഠത്തെ ഇന്നു കാണുന്ന നിലയിലെത്തിക്കുന്നതിന്നു് ഒട്ടേറെ സഹായിച്ചിട്ടുണ്ടു്. എഴുത്തച്ഛന്റെ മെതിയടിയും യോഗദണ്ഡും പരിഷ്കരിച്ചു്, ഗംഗാസ്നാനം, ഗയാശ്രാദ്ധം മുതലായ സൽക്കർമ്മങ്ങൾ ചെയ്തു മഠത്തിൽ കൊണ്ടുവന്നു പ്രതിഷ്ഠിച്ചതും ഇദ്ദേഹംതന്നെയാണു്.

എഴുത്തച്ഛൻ മഹാസമാധി പ്രാപിച്ചതു് ധനുമാസം (കൊല്ലം നിശ്ചയമില്ല) ഉത്രം നക്ഷത്രത്തിലാണു്; ഇന്നും “രാമാനുജജയന്തി” കൊണ്ടാടുന്നതു് ഈ ദിവസത്തെ ആസ്പദിച്ചാണു്. ഗുരുമഠം കുറെക്കാലം അനാഥാവസ്ഥയിൽ കിടന്നുവെങ്കിലും, “ഗുരുമഠത്തിൽ ആരാധന” എന്നു പറഞ്ഞുവരുന്ന ഉത്രംനാളിലെ ചരമദിനകൃത്യങ്ങൾ ആദ്ദേഹത്തിന്റെ നിര്യാണത്തിനുശേഷം നാളിതുവരെയും മുടങ്ങാതെ നടന്നുവന്നിട്ടുണ്ടു്.

ശുഭമുഹൂർത്തത്തിൽ സ്ഥാപിച്ച ചിററൂർഗ്രാമം ഇന്നു വളരെ പരിഷ്കൃതനിലയിലെത്തിയിരിക്കുന്നു. ഗൃഹങ്ങളുടെ സംഖ്യ ൧൮-ൽ നിന്നു് ഏതാണ്ടു് ൧൬൦-ൽ പരമായി വൎദ്ധിച്ചിട്ടുണ്ടു്. നല്ലനിലയിൽ നടത്തപ്പെട്ടുവരുന്ന ഒരു വൈദിക (Vedic Sanskrit College) സംസ്കൃതമഹാപാഠശാല, ഒരു ഭജനമഠം, രണ്ടുമൂന്നു ബാങ്കുകൾ, ക്ഷേത്രങ്ങൾ എന്നുതുടങ്ങി പൊതുജനോ-

പകാരപരങ്ങളുമായ പല ഏൎപ്പാടുകളും ഇവിടെയുണ്ടു്. ഈ സ്ഥലം ഇപ്പോൾ വിദ്യകൊണ്ടും, പരോപകാരതല്പരത കൊണ്ടും സാമ്പത്തികാഭിവൃദ്ധികൊണ്ടും മററും പ്രസിദ്ധന്മാരായ അനേകം ബ്രാഹ്മണരുടെ നിവാസസ്ഥലമാണു്.

എഴുത്തച്ഛൻ സ്ഥാപിച്ച ശ്രീരാമസ്വാമിക്ഷേത്രത്തിലേയ്ക്കു് ഇപ്പോൾ കൊല്ലത്തിൽ ൨൫൦൦- പറ നെല്ലു് ആദായം പുറപ്പാടുള്ള വസ്തുവകകളുണ്ടു്. ഈക്ഷേത്രത്തിൽ പ്രതിവൎഷം മീനമാസത്തിൽ "ശ്രീരാമനവമി"യ്ക്കു "രഥോത്സവ"വും "നവരാത്രിവിളക്കം" വിശേഷ അടിയന്തരങ്ങളുമുണ്ടു്. ആദ്യദിവസത്തെ നവരാത്രിവിളക്കു് എഴുത്തച്ഛന്റെ വകയാണു്. അതിന്നു് "എഴുത്തച്ഛൻവിളക്കെ"ന്നാണു പറഞ്ഞുവരാറുള്ളതു്. ഈ ദിവസത്തെ ചിലവു ചിററൂരിലുള്ള മലയാളികുടുംബങ്ങളിൽനിന്നു് വരിയിട്ടു പിരിച്ചാണു നിൎവ്വഹിച്ചുവരുന്നതു്.

പൂജാദികൾ നടത്തുവാനായി ൪൯൦൦ പണം നാലു ദിക്കിലായിക്കൊടുത്തേൽപ്പിച്ചുവെന്നു മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതിൽ "വടശ്ശേരി"യിൽനിന്നും മററും നെല്ലു് ഇന്നും കൊടുത്തുവരുന്നുണ്ടു്. "എഴുവത്തു"കാർ ഈയിടയിൽ അവരെ ഏൽപ്പിച്ചിരുന്ന 1000 പണം ദേവസ്വത്തിൽ കൊടുത്തു ബോദ്ധ്യപ്പെടുത്തുകയാണുണ്ടായതു്.

"ചിററൂർമഠം" ഇന്നു സാമാന്യം പരിഷ്കൃതനിലയിലെത്തീട്ടുണ്ടെന്നു പറയാം. ഇവിടത്തുകാരുടെ ഏ-

തദ്വിഷയകമായ പരിശ്രമം തീച്ചയായും അഭിനന്ദനാൎഹമാണു്. എടുപ്പും സാമാനങ്ങളും മററുംകൂടി ഏതാണ്ടു് ൧000-ൽ അധികം ഉറപ്പിക വിലവരുന്ന സ്വത്തു മഠത്തിലേയ്ക്കു് ഇന്നായികഴിഞ്ഞിട്ടുണ്ടു്. ഗുരുമഠത്തിൻെറ അഭിവൃദ്ധി ഇപ്പോഠം ചിററൂരിലെ മലയാളികളുടെ സാമൂഹ്യജീവിതത്തിലെ ഒഴിച്ചുകൂടാത്ത ഒരെണ്ണമായിത്തീൎന്നിരിയ്ക്കുന്നു. വഴിപാടുകഠം, വിവാഹപാരിതോഷികങ്ങഠം, പിടിയരിയേപ്പാടു് എന്നു തുടങ്ങി ഗുരുമഠത്തിലേയ്ക്കു സമ്പാദ്യത്തിന്നുള്ള നാനാമുഖമായ ഏൎപ്പാടുകഠം അതിൻെറ പ്രവൎത്തകന്മാർ ഇപ്പോഠം ചെയ്തുവരുന്നുണ്ടു്. ആ വകയിൽ കൊല്ലംതോറും അഗണ്യമല്ലാത്ത ഒരു സംഖ്യ കിട്ടി വരുന്നുമുണ്ടു്. പൊതുജനങ്ങളുടേയും പ്രവൎത്തകന്മാരുടേയും ശ്രദ്ധ ഇനിയും മഠംകാൎയ്യത്തിൽ അവ്യാഹതമായുണ്ടായിക്കൊണ്ടിരിയ്ക്കുമെന്നാശിയ്ക്കാം.

വെട്ടത്തു നാട്ടിനെപ്പോലെത്തന്നെ ചിററൂരിന്നും ഒരു വലിയ മാഹാത്മ്യമുള്ളതായിത്തോന്നുന്നു. രാമാനുജപൈങ്കിളിയുടെ കളാലാപമാധുരി ഈ ദിക്കിന്നും ഒരു ഗണ്യമായ സാഹിത്യസൌരഭം പിടിപ്പിച്ചിട്ടുണ്ടു്. മെസേഴ്സ് ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ, വരവൂർ ശാമുമേനവൻ, സി. എസ്. ഗോപാലപ്പണിയ്ക്കർ തുടങ്ങിയുള്ള സുപ്രസിദ്ധന്മാരായ സാഹിത്യവീരന്മാർ ചിററൂരിൻെറ അരുമസ്സന്താനങ്ങളാണു്. ഇവരേക്കൂടാതെ സാഹിത്യരംഗത്തിൽ വന്നാടുവാൻ തുടങ്ങീട്ടുള്ള ചില യുവാക്കന്മാർകൂടി ഈ നാട്ടുകാരായുണ്ടു്. അചി-

രെണ്ണ അത്യുച്ചമായ ഒരു നിലയിൽ എത്തുവാൻ പോകുന്ന പരിഷ്കാരത്തിന്റെ അരുണോദയമാണിന്നിവിടെ കണ്ടുതുടങ്ങീട്ടുള്ളതു്.

ചിററൂർ ഗുരുമഠത്തിന്റെ സ്ഥാപകൻ ആരാണെന്നവിഷയത്തിൽ ഭിന്നാഭിപ്രായത്തിന്നവകാശമുണ്ടു്. ഐതിഹ്യങ്ങളേയും, ചിററൂരിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ലഘുപത്രത്തെയും മാത്രം ആസ്പദമാക്കിയാണു്, സാക്ഷാൽ എഴുത്തച്ഛൻതന്നെയാണു് ഈ മഠത്തിന്റെ സ്ഥാപകനെന്ന അഭിപ്രായത്തെ അനുകൂലിച്ചുകൊണ്ടിതേവരെയും ഈ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. ചിലർ എഴുത്തച്ഛന്റെ ശിഷ്യനായ സൂൎയ്യനാരായണനെഴുത്തച്ഛനാണിതിന്റെ സ്ഥാപകനെന്നു പറയുന്നു. താഴെ കാണിക്കുന്നവയാണവരുടെ പ്രമാണങ്ങൾ:—

“എഴുത്തച്ഛൻ സ്വഭവനത്തിൽ തന്നെ വെച്ചാണു് മഹാസമാധി പ്രാപിച്ചിട്ടുള്ളതെന്നും, സൂൎയ്യനാരായണൻ തന്റെ ഗുരുവിന്റെ യോഗദണ്ഡും മെതിയടിയും കുറെക്കാലം ചിററൂരിൽ കൊണ്ടുവന്നുവെച്ചു പൂജിക്കയും പിന്നീടു മഠം സ്ഥാപിച്ചു ദാനംചെയ്കയുമാണുണ്ടായിട്ടുള്ളതെന്നും പണ്ടേയ്ക്കുപണ്ടേ കേട്ടുകേൾവിയുണ്ടു്. ചിററൂർലഘുപത്രികയിലെടുത്തുകാണിച്ച ആ പദ്യങ്ങളിൽ ‘വിബുധജനവരഃ സൂൎയ്യനാരായണാഖ്യഃ’ എന്നും ‘സ്ഥാപയാമാസ സൂൎയ്യഃ’ എന്നും പ്രസ്താവിച്ചുകാണുന്നുമുണ്ടു്. ലഘുപത്രിക പ്രസിദ്ധപ്പെടുത്തുംമുമ്പു് തുഞ്ചത്തെഴുത്തച്ഛന്റെ പേർ ‘സൂൎയ്യനാരായണൻ’ എന്നായിരുന്നുവെന്നു് ആരും പറഞ്ഞുകേൾക്കുകയോ, മററു വല്ലവിധത്തിലും അറിയപ്പെടുകയോ ചെയ്തിട്ടില്ല.”

ഇക്കാണിച്ചവയാണു സൂര്യനാരായണൻ എന്നു പേരായ എഴുത്തച്ഛൻെറ ശിഷ്യനാണു മഠം സ്ഥാപിച്ചതെന്നു പറയുന്നവക്കുള്ള വാദങ്ങളുടെ ചുരുക്കം. മിസ്റ്റർ കൊട്ടാരത്തിൽശങ്കുണ്ണി സൂര്യനാരായണൻ എന്ന എഴുത്തച്ഛൻെറ ശിഷ്യനാണ് മഠം സ്ഥാപിച്ചതെന്നു ഖണ്ഡിതമായഭിപ്രായപ്പെട്ടു കാണുന്നുണ്ട്.

വാദവിഷയമായ ഇക്കാര്യത്തിൽ ക്ലുപ്തമായ ഒരഭിപ്രായം പറവാൻ കൂടുതൽ തെളിവുകൾ ആവശ്യമായാണിരിക്കുന്നത്. ഇതിനെ ചരിത്രകാരന്മാരുടേയും, വായനക്കാരുടേയും അന്വേഷണത്തിന്നും ഊഹത്തിന്നുമായി വിടുവാനേ തൽക്കാലം നിവൃത്തിയുള്ളൂ. ഏതായാലും തുഞ്ചത്തു ഗുരുപാദങ്ങളുടെ മെതിയടിയും യോഗദണ്ഡും ഇവിടെ കൊണ്ടുവന്നുവെച്ചു പൂജിച്ചിരുന്നുവെന്നതിൽ വാദമില്ല.

എഴുത്തച്ഛൻ കേവലം ഒരു മഹാകവിമാത്രമായിരുന്നില്ല അദ്ദേഹം ഒരൊന്നാന്തരം സമുദായനേതാവും, ഒരു വലിയ യോഗിയും, ഒരു ഉത്തമഭക്തനുമായിരുന്നു. "ചിന്താരത്നം" മുതലായ ഉത്തമഗ്രന്ഥങ്ങളിൽനിന്ന് അദ്ദേഹത്തിൻെറ ജ്ഞാനത്തിൻെറ ആഴം എത്രയുണ്ടെന്ന് ഊഹിക്കാം. മനുഷ്യജീവിതത്തിൻെറ പ്രയോജനം സാഹിത്യാന്വേഷണവും മോക്ഷപ്രാപ്തിയുമാണെന്നു ഹൈന്ദവസാഹിത്യവും മതവും ഒരുപോലെ ഉപദേശിക്കുന്നുണ്ട്. ഇതു രണ്ടും അദ്ദേഹത്തിൻെറ ജീവിതംകൊണ്ടു സാധിച്ചിട്ടുമുണ്ട്. അദ്ദേഹത്തിൻെറ പ്രാപ്യസ്ഥാനം മോക്ഷവും പ്രവൃത്തികൾ അതിൻെറ സാധകോപായങ്ങളുമായിരുന്നു. ഇത്ര ഉൽകൃഷ്ടവും അമൂല്യവുമായ ഒരു ജീവിതം

പൊതുജനദൃഷ്ടിയിൽപ്പെട്ട മറ്റേതൊരു കേരളീയനാണു നയിച്ചിട്ടുള്ളതു! അദ്ദേഹത്തിന്റെ ത്യാഗപരിപൂർണ്ണമായ ജീവിതത്തേയോ നിസ്വാർത്ഥമായ സ്വഭാവത്തെയോ, സ്വതന്ത്രമായ വിചിന്തനശക്തിയേയോ, ഉൽകൃഷ്ടമായ ഭക്തിയേയോ, ലോകോത്തരമായ കവനകലാകുശലതയേയോ അക്ഷീണമായ പൌരുഷത്തെയൊ ഏതിനെയാണധികം ബഹുമാനിക്കേണ്ടതെന്നു മനസ്സിലാകുന്നില്ല അഹോ! അനനുകരണീയമായ ആർഷജീവിതം! അത്ഭുതകരമായ അമാനുഷികത്വം!!

പരിപക്വബുദ്ധിയും പരിഷ്കൃതാശയനുമായ ആർ. ഈശ്വരപ്പിള്ള. ബി. എ. അവർകൾ എഴുത്തച്ഛനെപ്പറ്റി ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"ദാരിദ്ര്യം, പ്രബലന്മാരിൽനിന്നുള്ള ഉപദ്രവം, സമുദായത്തിൽ തനിക്കുള്ള താഴ്ന്ന നില, ചുററുപാടുമുള്ളവരുടെ അന്ധവിശ്വാസം ഇവ നിമിത്തം നേരിട്ടിരുന്നതായ ചില്ലറയല്ലാത്ത പ്രതിബന്ധങ്ങളോടു മല്ലിട്ടും, ആക്ഷേപങ്ങളെ സഹിച്ചും, സ്വദേശത്തെയും സ്വജനങ്ങളെയും വിട്ടും, കഷ്ടപ്പെട്ടും, തന്റെ ഉദ്ദേശത്തെ നിറവേററിയതോർക്കുമ്പോൾ ഇദ്ദേഹത്തിന്റെ പരോപകാരപ്രതിപത്തി എത്രമാത്രം ബലവത്തായിരുന്നുവെന്നു് ഊഹിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ സ്ഥിരപ്രയത്നത്തിന്നും വേറെ ലക്ഷ്യങ്ങൾ ഒന്നും വേണ്ട.

സ്വദേശാഭിമാനവും അതുപോലെത്തന്നെ സ്വഭാഷാഭിമാനവും അദ്ദേഹത്തിന്റെ സ്വഭാവത്തിനുണ്ടായിരുന്ന ഗുണങ്ങളിൽ പ്രധാനങ്ങളായിരുന്നു. 'അ-

ജ്ഞാനതിമിരാന്ധ'ന്മാരായിരുന്ന നാട്ടുകാരുടെ 'ചക്ഷുസ്സുകളെ 'ജ്ഞാനാഞ്ജനശലാക'കൊണ്ട് ഉന്മീലനം ചെയ്യുന്നതിന്നും, അനാഥസ്ഥിതിയിലിരുന്ന നാട്ടുഭാഷയെ പോഷിപ്പിയ്ക്കയും പരിഷ്കരിയ്ക്കയും ഉയൎത്തുകയും ചെയ്യുന്ന വിഷയത്തിലും, അദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമത്തിൻേറയും അദ്ദേഹത്തിൻെറ ജീവിതകാലത്തിൻേറയും പരമാവധി ഒന്നുതന്നെയായിരുന്നുവെന്നു തന്നെ പറയാം.

ഇതുകൂടാതെ വിനയം, മഹാമനസ്കത മുതലായ സൽഗുണങ്ങളും അദ്ദേഹത്തിൽ സവിശേഷം ശോഭിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ സൎവ്വോൽക്കൎഷങ്ങൾക്കും, നിദാനമായിരുന്നത് അദ്ദേഹത്തിൻെറ അനന്യസാധാരണമായ സ്വാശ്രയശീലം ഒന്നുതന്നെയായിരുന്നു."

അനന്യസാമാന്യമായ ഗുണഗണങ്ങളുടെ ഒരു വിളനിലമായിരുന്ന എഴുത്തച്ഛൻെറ സ്വഭാവവിശേഷങ്ങളോരോന്നും എടുത്തു വിമൎശിയ്ക്കുന്നതിനേക്കാൾ, അദ്ദേഹം വിലോഭനീയങ്ങളായ സൎവ്വഗുണങ്ങളുടേയും ഒരു കേളീരംഗമായിരുന്നുവെന്നു പറഞ്ഞു പിന്മാറുന്നതായിരിയ്ക്കും ഭേദം.

മഹാകവിയുടെ ഗൃഹജീവിതത്തെക്കുറിച്ച് അധികമായൊന്നും കേട്ടിട്ടില്ല. അദ്ദേഹം ആജീവനാന്തം ഒരഖണ്ഡബ്രഹ്മചാരിയായിരുന്നുവെന്നൊരു പക്ഷമുണ്ട്; ഇതിന്നെതിരായി എഴുത്തച്ഛൻ വിവാഹം കഴിച്ചിരുന്നുവെന്നും, അദ്ദേഹം തൻെറ മകൾക്കുപദേശിച്ചു-

താണു് "ചിന്താരത്ന"മെന്ന വിശിഷ്ടഗ്രന്ഥമെന്നും മറുപക്ഷക്കാർ വാദിക്കുന്നു. പ്രകൃതഗ്രന്ഥത്തിലെ പല സംബോധനകളും രണ്ടാമത്തെ പക്ഷത്തെ അനുകൂലിക്കുന്നുണ്ടു്.

അദ്ദേഹം ആകൃതിയിൽ ഒരു ഒത്ത ആളായിരുന്നുവെന്നും അറുപതു വയസ്സിനുമേൽ ജീവിച്ചിരുന്നിട്ടുണ്ടെന്നും ചില പുസ്തകങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. പണ്ടേക്കുപണ്ടേയുള്ള കേട്ടുകേൾവിയായിരിക്കണം ഈ പ്രസ്താവത്തിന്നടിസ്ഥാനം. ലോകത്തിലെ പല മഹാന്മാരുടേയുമെന്നപോലെ അദ്ദേഹത്തിന്റെ വംശവും ഏതാണ്ടദ്ദേഹത്തോടു കൂടിത്തന്നെ തിരോഹിതമാവുകയാണുണ്ടായതു്.

എഴുത്തച്ഛൻ ഗന്ധർവ്വന്റെ അവതാരമാണെന്നുള്ള ഒരു വിശ്വാസം ജനസമുദായത്തിൽ ദൃഢമൂലമായിക്കാണുന്നുണ്ടു്. അദ്ദേഹം വ്യാസശാപംകൊണ്ടോ മറ്റൊ ശൂദ്രനായി വന്നു ജനിച്ച ഒരു ഗന്ധർവ്വനാണെന്നു സ്ഥാപിച്ചുകൊണ്ടുള്ള ഒരു കഥയും കേട്ടിട്ടുണ്ടു്. ഇന്ത്യക്കാർ വീരാരാധന ചെയ്യുന്നതിൽ കേൾവികേട്ടവരാണു്; പക്ഷെ അതു പലപ്പോഴും അതിരുകടന്നുപോകുന്നുണ്ടെന്നും അസ്ഥാനത്തായിത്തീരുന്നുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. സൽപ്രവൃത്തികളും വീരകൃത്യങ്ങളും ചെയ്യുവക്കു് അവർ അമാനുഷത്വം കല്പിക്കുന്നു. അവരെ അവതാരപുരുഷന്മാരുടെ കൂട്ടത്തിലല്ലാതെ സാധാരണ മനുഷ്യന്മാരായി ഗണിപ്പാൻതന്നെ സാധിക്കുന്നില്ല. നമ്മുടെ നാട്ടിലുണ്ടായിട്ടുള്ള ഏതു മഹാനെ

എടുത്തുനോക്കുകയാണെങ്കിലും, അദ്ദേഹം ആരുടെ-
യെങ്കിലും ഒരവതാരമാണെന്നു പ്രസ്താവിക്കപ്പെട്ടു കാ-
ണാം. ഇതുകൊണ്ട് മനുഷ്യസമുദായത്തിന് അവകാ-
ശപ്പെട്ട മാന്യത നശിച്ചുപോകയും ആത്മവിശ്വാസവും
ആത്മാഭിമാനവും കുറഞ്ഞുപോകയുമാണു ചെയ്യുന്നത്.
ചരിത്രപഠനംകൊണ്ട് ഒരു സമുദായത്തിന്നുണ്ടാകാനി-
ടയുള്ള അഭ്യുന്നതിയേയും ഈ വിശ്വാസം നശിപ്പിച്ചു-
കളയുന്നു! എഴുത്തച്ഛന്റെ കൃത്യങ്ങൾ അത്ഭുതാവഹ-
ങ്ങളായിരുന്നുവെന്നതിന്നു സംശയമില്ല. ജനസാമാന്യ-
ത്തിന്ന് അവ അമാനുഷങ്ങളായിത്തോന്നിയെന്നും വ-
രാം. എന്നാലും അദ്ദേഹത്തെ മനുഷ്യസമുദായത്തിൽ-
നിന്നു നിഷ്കാസനം ചെയ്യേ കഴിയുവെന്നില്ലെന്നു തോ-
ന്നുന്നു.

അദ്ധ്യാപകത്വവും കവിത്വവും വേണ്ടപോലെ വി-
നിയോഗിക്കുന്ന ഒരാൾക്കു ജനസമുദായത്തെ ഉൽകൃ-
ഷ്ടപഥത്തിലേയ്ക്ക് നയിപ്പാൻ കഴിയുമെന്നതിന്നു സം-
ശയമില്ല. ഇന്നത്തെ കവിയും അദ്ധ്യാപകനുമാണ്
നാളത്തെ പൌരന്റെ നിർമ്മാതാവ്. മഹാഭാഗനായ
എഴുത്തച്ഛന്ന് ഒരു ലോകഗുരുവിന്റെയും മഹാകവി-
യുടേയും നിലയ്ക്ക് കേരളീയജനസമുദായത്തിന്നു ചെ-
യ്യാൻസാധിച്ചിട്ടുള്ള നന്മകൾ അവാച്യങ്ങളും അത്ഭു-
താവഹങ്ങളുമാണ്! ആ, മാംഗല്യമഞ്ജുളദീപം കേരള-
ത്തിലെ തമോബാധയെ എത്രമാത്രം നീക്കിക്കളഞ്ഞി-
രിക്കുന്നു! ആ ദിവ്യസംഗീതം എത്ര എത്ര ഹൃദയങ്ങളെ
കുളിർപ്പിക്കുന്നു! ഇന്നും കേരളാന്തരിക്ഷത്തെ മുഖരിത-

വും പരിപാവനവുമാക്കുന്നതു് ആ ആർഷഗാനങ്ങളാണു്. കവികൾ ആ മന്ദ്രഗംഭീരമായ സ്വർഗ്ഗീയഗാനങ്ങൾക്കാണു് പല്ലവി പാടേണ്ടതു്; അദ്ധ്യാപകന്മാർ ആ ഋഷിജീവിതത്തെയാണനുകരിക്കേണ്ടതു്; തത്വജ്ഞാനികൾ ആ വൈദികഗ്രന്ഥങ്ങളെയാണു് ചുഴിഞ്ഞുനോക്കേണ്ടതു്. മോക്ഷേച്ഛുക്കൾ ആ പവിത്രപാഠങ്ങളെയാണു പിന്തുടരേണ്ടതു്! അഹൊ! ആ പരിശുദ്ധജീവിതം എത്രമാത്രം വിലോഭനീയം!! എത്രമാത്രം അനുകരണീയം!!

"സാനന്ദരൂപം സകലപ്രബോധ-
മാനന്ദദാനാമൃതപാരിജാതം!
മനുഷ്യപത്മേഷു രവിസ്വരൂപം
പ്രണൌമി തുഞ്ചത്തെഴുമാര്യപാദം"

---

## രണ്ടാം അദ്ധ്യായം.

### എഴുത്തച്ഛനും മലയാളഭാഷയും

---

മലയാളഭാഷയുടെ പിതാവെന്നു് ഐകകണ്ഠ്യേന സമ്മതിക്കപ്പെട്ട എഴുത്തച്ഛൻ, ആ പിതൃസ്ഥാനം ഏതുവിധത്തിലാണു വഹിച്ചിട്ടുള്ളതെന്നും, അദ്ദേഹത്തിൻെറ ജനനകാലത്തു മലയാളഭാഷയുടെ സ്ഥിതിയെന്തായിരുന്നുവെന്നുമാണു നമുക്കു് ഈ അദ്ധ്യായത്തിൽ അന്വേഷിക്കേണ്ടതായുള്ളതു്. മദ്ധ്യമലയാളകാലത്തിൻെറ (കൊല്ലവർഷം 800 മുതൽ 600വരെയുള്ള കാലം) ആരംഭത്തിലാണു് "രാമചരിതം" "രാമകഥാപ്പാട്ടു്",

എന്നീ ഗ്രന്ഥങ്ങളുടെ ആവിർഭാവമെന്നും, "നിരണ-ത്തു" പണിക്കന്മാരുടെ "ഭഗവൽഗീത" "ശിവരാത്രി-മാഹാത്മ്യം" തുടങ്ങിയുള്ള കൃതികൾ അതിൻെറ അ-ന്ത്യഘട്ടത്തിലാണുണ്ടായിട്ടുള്ളതെന്നും ഭാഷാചരിത്ര-കാരന്മാരെല്ലാവരും ഒരുപോലെ സമ്മതിക്കുന്നുണ്ട്. അ-ന്നത്തെ ഭാഷയുടെ സ്വഭാവവും അതിൻെറ ക്രമപ്രവൃ-ദ്ധമായ വളർച്ചയും താഴേ ചേൎത്തിരിക്കുന്ന സൂക്തികളി-ൽനിന്ന് ഒരുവിധം മനസ്സിലാക്കുവാൻ സാധിക്കുന്ന-താണ്:—

"കാനനങ്ങളിലരൻ കളിറുമാസ്സുരിണിയായ്
കാൽനടക്കിയുമതമ്മിൽ വിളയാടിനടന്ന-
ന്നാനനം വടിവുള്ളാനവടിവായവതരി-
ത്താതിയേ, നല്ലവിനായകനെന്നോരമലനേ'
"ഇട്ടനചാപംകേളായിനിയിന്നു മുതലായ്മേൽ
(നാൾ
വട്ടണിക്കൊങ്കതങ്കുംമങ്കയർ തങ്കളുള്ളിൽ
ഇട്ടമല്ലാതെ ചെന്നിട്ടിപ്പടി പുണർകിലൊക്ക-
പ്പാട്ടിനിൻ ചിരങ്കളെല്ലാം പൊടിയാകെൻറരു-
(ളിച്ചെയ്താൻ"

രാമചരിതം.

* * * *

"അരക്കർകുലം വേരറുക്കവേണമെൻറമരർകളും
അലൈക്കടലിൽ ചെൻറുമുറയിട്ടതും
ആഴിവണ്ണനന്നരുളിച്ചെയ്തതും
മുനിവരൻെറ ഹോമകുണ്ഡം തന്നിൽനിന്നു

ദിവ്യനായകനുദയം ചെയ്തതും
ദശരഥൻമകിഴ്ത്തു വാങ്ങിക്കൊണ്ടതും
കൊണ്ടുടൻതൻഭാര്യമാർക്കുപായസംകൊടുത്തതും
കുവലയത്തിൻ മങ്കമാർ ഭുജിത്തതും"

രാമകഥാപ്പാട്ട്

* * * *

"മുനിവൊടഹങ്കാരാദികളെല്ലാം മുററവിചാരം
കൊണ്ടു കളഞ്ഞേ
കനിവൊടു ശമദമസന്തോഷാദികൾ കയ്യെക്കൊണ്ടാ
രണ്ണതല്ലരരായേ
അനുപമരാകിയ ഭൂദേവന്മാരവരേ മമ ദൈവത
(മെന്നാൽ
മനസി നിനച്ചതു ചെയ്തുമുടിയ്ക്കാം മറയവരരു
ളാലിന്നിനിയെല്ലാം"

കണ്ണശ്ശരാമായണം

* * * *

മേൽക്കാണിച്ച പാട്ടുകളിൽ "രാമചരിത"ത്തിൽ ഭാഷ മിയ്ക്കവാറും തമിഴാണെന്നുതന്നെ പറയാം; എന്നാൽ അതൊരു തമിഴ്ഗ്രന്ഥമാണെന്ന വാദം തമിഴരുടെ ഭാഷാഭിമാനദുർവ്വിജൃംഭണത്തിന്റെ ഫലമായുണ്ടായതാണെന്നും, അതു വാസ്തവത്തിൽ തമിഴും മലയാളവും പരസ്പരം വേർപിരിയുന്ന ഘട്ടത്തിൽ കൈരളിയ്ക്കു കിട്ടിയ ഒരമൂല്യനിധിയാണെന്നും ചരിത്രമർമ്മജ്ഞനും മഹാകവിയുമായ ഉള്ളൂർ. എസ്. പരമേശ്വരയ്യർ (എം. എ. ബി. എൽ. എം. ആർ. എ. എസ്സ്.)

അവർകൾ സയുക്തികം സമർത്ഥിച്ചിട്ടുണ്ട്. "രാമചരി-താ"ദിഗ്രന്ഥങ്ങൾക്കും "നിരണംകൃതി"കൾക്കും തമ്മിൽ ഭാഷാസംബന്ധമായി വലിയ വ്യത്യാസം കാണുന്നുണ്ടെങ്കിലും, നിരണംകൃതികൾകൂടി ആധുനികമലയാളമായിക്കഴിഞ്ഞുവെന്നു പറവാൻ അവയിലെ ഭാഷാസ്വരൂപം സമ്മതിയ്ക്കുന്നില്ല. മദ്ധ്യമലയാളകാലത്തിലേതെന്നു പറയത്തക്കതായി പിന്നെ കണ്ടുകിട്ടിട്ടുള്ളതു് "ഉണ്ണുനീലിസന്ദേശം" എന്ന ഒരു സാഹിത്യഗ്രന്ഥവും 'ലീലാതിലക'മെന്ന ഒരു ശാസ്ത്രപുസ്തകവുമാണ്. ഇവയിലെ ഭാഷാരീതിയും ആധുനികമലയാളരീതിയിൽ നിന്നു വളരെ അകന്നാണു നില്ക്കുന്നതു്. നോക്കുക:—

"തുകം പൂന്തേൻ പരിമളഭരം നമ്പു-
　　തോലും നടപ്പാൻ
മേവും കാവും പഥിയുഴറിനീ തക്ക-
　　ണ്ടിയ്ക്കചെൻറു
ദേവം തസ്മിൻ തൊഴുതു വഴിമേൽ നിൻറു
　　നേരേ നടന്നാൽ
കൂവീടപ്പാൽ പഥി പനയനാർക്കാവു
　　മംഗല്യകീർത്തേ"

"വേലപ്പെണ്ണിന്നഴകുപൊഴിയും കണ്ണ-
　　നെ പോരിൽ മാററാർ
മൂലത്തിന്നേ മുടിവിനൊരു മുക്കണ്ണ-
　　നെപ്പുണ്യകീർത്തേ

"വേരിച്ചൊല്ലാർ മനസിജകയൽക്കണ്ണു-
നെല്ലെൻറുനേരെ
കോരിക്കൈക്കെള്ളപ്പടനിരവിഷമ്മാഖ്യ-
വേണാടർകോനെ".

ഉണ്ണുനീലിസന്ദേശം.

"ലീലാതിലക"ത്തിൽ ഉദാഹരണത്തിന്നായി കൊടുത്തിട്ടുള്ള പദ്യങ്ങളും ഈ ഭാഷാരീതിയിൽനിന്നു് ഒട്ടും വ്യത്യാസപ്പെട്ടവയല്ല. ഇങ്ങിനെ നോക്കുകയാണെങ്കിൽ മദ്ധ്യമലയാളകാലത്തെ ഭാഷാരീതിയ്ക്കു് ഇന്നത്തെ രീതിയുമായി ഗണ്യമായ വ്യത്യാസമുണ്ടെന്നും, ഭാഷാചരിത്രജ്ഞാനമില്ലാത്ത സാധാരണവായനക്കാരുടെ ദൃഷ്ടിയ്ക്കു് അവ മലയാളമായിത്തന്നെ തോന്നുവാൻ പ്രയാസമുണ്ടെന്നും ബോദ്ധ്യപ്പെടും.

ആധുനികമലയാളത്തിൻെറ ആരംഭാവസ്ഥയിൽ ആവിർഭവിച്ച രണ്ടു മഹാകവികൾ "ചെറുശ്ശേരിയും" "എഴുത്തച്ഛ"നുമാണു്. ഇവരിൽ ചെറുശ്ശേരിയുടെ "കൃഷ്ണഗാഥ" കേരളസാഹിത്യഭണ്ഡാഗാരത്തിലേയ്ക്കു കിട്ടിയ ഒരനർഘരത്നം തന്നെയാണു്. ഇതിലെ ഭാഷാരീതി മദ്ധ്യമലയാളരീതിയിൽനിന്നു വളരെ വ്യത്യാസപ്പെട്ടും ആധുനികമലയാളത്തോടേററവും ചേർന്നും ഇരിയ്ക്കുന്നുണ്ടെങ്കിലും, ഇതിൽ സാർവ്വത്രികമായി പഴയ ശൈലികളും, "കഞ്ചൻ" "അങ്കി" "നണ്ണി" എന്നു തുടങ്ങിയുള്ള ലുപ്തപ്രചാരങ്ങളായ പ്രാചീനപദങ്ങളും സുലഭമായി കാണുന്നുണ്ടു്. എന്നാൽ എഴുത്തച്ഛൻെറ

ഭാഷയ്ക്കാണു് അധുനാതനമലയാളത്തിന്റെ മാതൃകാഭൂതമായിത്തീരുവാൻ ഭാഗ്യമുണ്ടായതു്. എഴുത്തച്ഛന്നു ശേഷം മലയാളഭാഷാസാഹിത്യത്തിന്നു പല പരിണാമങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും, ഇന്നും സർവ്വസമ്മതവും, പ്രയോഗക്ഷമവും, മാതൃകാഭൂതവുമായിട്ടുള്ളതു് അദ്ദേഹത്തിന്റെ ഭാഷതന്നെയാണു്. പ്രസ്തുതകവിയുടെ കാലത്തു ചമ്പൂകാരന്മാരുടെ സംസ്കൃതപ്രചുരമായ ഒരു ഭാഷാരീതിയും, തമിഴിലേയ്ക്കു ചാഞ്ഞുനിന്നിരുന്ന മറെറാരു ഭാഷാരീതിയും ജാഗ്രത്തായുണ്ടായിരുന്നു. എന്നാൽ അദ്ദേഹം ഈ രീതിയെ ഒന്നിനേയും അനുകരിച്ചില്ല; പച്ചമലയാളത്തേയും സ്വീകരിച്ചില്ല; അദ്ദേഹം പ്രായോഗികവും, കേരളീയരുടെ അഭിരുചിയ്ക്കനുസരിച്ചതുമായ ഒരു പുതിയ പ്രസ്ഥാനം ഏൎപ്പെടുത്തി. ആ രീതി ഇന്നും അനുകരണീയമായിത്തന്നെ പ്രോല്ലസിയ്ക്കുന്നു.

കൊല്ലവൎഷം അഞ്ചാംനൂററാണ്ടിന്നു ശേഷം മലയാളഭാഷയിൽ ചില വിലക്ഷണസമ്പ്രദായങ്ങൾ കടന്നുകൂടി; സംസ്കൃതപ്രകൃതികളോടുകൂടി ദ്രാവിഡപ്രത്യയം ചേൎത്തു സാധാരണ ഉപയോഗിക്കുന്നതുപോലെ ദ്രാവിഡപ്രകൃതികളോടു സംസ്കൃതപ്രത്യയം ചേൎത്തും ആവശ്യംപോലെ ഉപയോഗിയ്ക്കാമെന്നു വന്നു. "ലീലാതിലക"ത്തിൽ ഈ സമ്പ്രദായത്തെ സമ്മതിച്ച "സന്ദഭേ സംസ്കൃതീകൃതാ ച" എന്നു സൂത്രമെഴുതിട്ടുള്ളതുകൊണ്ടും, "ഉണ്ണുനീലിസന്ദേശം" മുതലായ ഉത്തമ സാഹിത്യഗ്രന്ഥങ്ങളിൽക്കൂടി ഇത്തരം പ്രയോഗ-

ങ്ങൾ കാണുന്നതിനാലും അന്ന് ഈ രീതിയ്ക്കു വളരെ പ്രചാരമുണ്ടായിരുന്നുവെന്നനുമാനിയ്ക്കുന്നതിൽ അസാംഗത്യമുണ്ടാവാനവകാശമില്ല. "മണ്ടന്തിപാന്ഥനിവഹാഃ പടിബന്ധപേട്യാം" "താപ്പൂട്ടയന്തി തകരാഃകറികൊട്ടശേഷാഃ" എന്നിങ്ങിനെയുള്ള കോമാളിരൂപങ്ങൾ അക്കാലത്തെ കേരളസാഹിത്യലോകത്തിലെ "വികൃതസന്താനങ്ങ"ളാണ്.

ഇങ്ങിനെതന്നെ "മണിപ്രവാള"ത്തിനും ചില വൈലക്ഷണ്യങ്ങളുണ്ടായിരുന്നു. "ഭാഷാസംസ്കൃതയോഗോ മണിപ്രവാളം" എന്ന ലീലാതിലകസൂത്രവ്യാഖ്യാനത്തിൽനിന്ന്, ഇന്നത്തെ മാതിരി ദ്രാവിഡപ്രത്യയങ്ങളോട ചേൎന്ന സംസ്കൃതപദങ്ങളും, വെറും മലയാളപദങ്ങളും തമ്മിൽച്ചേൎന്നുണ്ടാകുന്ന ഭാഷ "മണിപ്രവാള"മാകയില്ലെന്നും, സംസ്കൃതപ്രത്യയാന്തങ്ങളായ പദങ്ങളും മലയാളപദങ്ങളും കൂടിച്ചേരുന്ന ഭാഷയേ മണിപ്രവാളമായിരുന്നുള്ളുവെന്നും മനസ്സിലാക്കുവാൻ സാധിയ്ക്കുന്നുണ്ട്. എഴുത്തച്ഛൻ ഈ രണ്ടു രീതിയും പ്രായോഗികവും, മലയാളശൈലിയ്ക്കനുയോജ്യവുമാണെന്നു തീൎച്ചപ്പെടുത്തി ഉപേക്ഷിയ്ക്കുകയും പരിഷ്കൃതവും കാൎയ്യക്ഷമവുമായ ഒരു പുതിയ രീതി ഏൎപ്പെടുത്തുകയും ചെയ്തു.

പുതിയ ഒരക്ഷരമാല നിൎമ്മിച്ചതാണു ഭാഷാസംബന്ധമായദ്ദേഹം ചെയ്ത മറെറാരു പരിഷ്കാരം. അദ്ദേഹത്തിൻെറ കാലത്തു മലയാളം തമിഴിൽനിന്നു വളരെ അകന്നു പരിഷ്കൃതാവസ്ഥയിലെത്തിയിരുന്നുവെ-

കിലും അക്ഷരമാല അന്നത്തെ ഭാഷയ്ക്കു വേണ്ടേടത്തോളം പൎയ്യാപ്തമായിരുന്നില്ല. തമിഴക്ഷരങ്ങളിൽനിന്നു് അധികം വ്യത്യാസമില്ലാത്ത "വട്ടെഴുത്തു്" "കോലെഴുത്തു്" എന്നീ അക്ഷരങ്ങളുപയോഗിച്ചായിരുന്നു അന്നെഴുതിവന്നതു്. "അതിഖരം" "ഘോഷം" തുടങ്ങിയുള്ള അക്ഷരങ്ങൾ സംസ്കൃതപദങ്ങളെ ധാരാളമായെടുപ്പാൻ തുടങ്ങിയപ്പോൾ മലയാളഭാഷയ്ക്കും ആവശ്യമായിവന്നു. പക്ഷെ അതിന്നുതക്ക അക്ഷരമാല ഇല്ലായിരുന്നുതാനും. ഈ ദുരവസ്ഥയുടെ പരിഹാരത്തിന്നായി എഴുത്തച്ഛൻ സംസ്കൃതാക്ഷരമാലയെ മുഴുവൻ സ്വീകരിക്കുകയും അവയെ എഴുതുവാൻ അന്നു നടപ്പുണ്ടായിരുന്ന ലിപികളെ പരിഷ്കരിച്ചു് ഒരു പുതിയ തരം ലിപികൾ ഏൎപ്പെടുത്തുകയും ചെയ്തു. നാമിന്നും എഴുതി വരുന്നതു് ആ ലിപികളിലത്രെ.

അദ്ദേഹം ചെയ്ത മറെറാരു പരിഷ്കാരം "കിളിപ്പാട്ടു"രീതിയെ നിൎമ്മിച്ചതാണു്. ഇതിൻെറ ആഗമത്തെക്കുറിച്ചു ഭിന്നഭിന്നങ്ങളായുള്ള അഭിപ്രായങ്ങൾ അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ടു്. വിപുലവും, പരിഷ്കൃതവുമായ സംസ്കൃതസാഹിത്യത്തിൽ അദ്ദേഹത്തിനു് ഒന്നാന്തരം അവഗാഹമുണ്ടായിരുന്നു; എങ്കിലും സംസ്കൃതവൃത്തങ്ങളെ അനുകരിക്കുകയല്ല അദ്ദേഹം ചെയ്തതു്. മഹാകവി തൻെറ കവനകലയെ പ്രകാശിപ്പിപ്പാൻ പല തരത്തിലുള്ള ദ്രാവിഡവൃത്തങ്ങൾതന്നെ തിരഞ്ഞെടുത്തു. സംഗീതാനുസാരിക-

ളായ ആ വൃത്തങ്ങൾതന്നെയാണു ഭക്തിരസപ്രധാനമായ സരസ്വതീപ്രവാഹത്തിന്നു പ്രത്യേകിച്ചും പററുന്നതു്. കേരളിസ്സനുയോജ്യങ്ങളായ വൃത്തങ്ങളെക്കുറിച്ചു് അഭിജ്ഞന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം കാണുന്നുണ്ടു്; എങ്കിലും കേരളീയക്കു ദ്രാവിഡവൃത്തങ്ങളെ മറക്കുവാൻ പാടില്ല; തീച്ചതന്നെ. ദേശഭക്തനായ മഹാകവി "വള്ളത്തോളും" അദ്ദേഹത്തിൻെറ അനുഗാമികളും ഈ വിഷയത്തിൽ ശ്രദ്ധിച്ചു കാണുന്നതു് ആശ്വാസജനകംതന്നെ.

തജ്ജമയുടെ മാതൃക നിമ്മിച്ചതാണു് അദ്ദേഹത്തിൻെറ ഇനിയത്തെ പരിഷ്കാരം. ഇന്നത്തെ ഭാഷയുടെ സ്ഥിതിയ്ക്കുകൂടി കൈരളി ഭാഷാന്തരങ്ങൾക്കു സ്വാഗതം ചെയ്യേണ്ടതായിട്ടാണിരിയ്ക്കുന്നതു്. പിന്നെ എഴുത്തച്ഛൻെറ കാലത്തെ സ്ഥിതിയെപ്പററി പറയേണ്ടതില്ലല്ലോ. പരിഷ്കാരം ആവശ്യമുള്ള ഏതൊരു ഭാഷയ്ക്കും അന്യഭാഷകളുടെ ഹസ്താവലംബം ആവശ്യമാണു്. മിസ്സമാറും പരിഷ്കൃതഭാഷകളുടെ ചരിത്രം പരിശോധിച്ചാൽ ഈ വാസ്തവം വെളിപ്പെടും; എന്നാൽ അന്യഭാഷകളുടെ സഹായം അനാശാസ്യമായ രീതിയിൽ അപേക്ഷിയ്ക്കുമ്പോഴാണു് ആഭാസമായിത്തീരുന്നതു്. പ്രസ്തുതകവി സ്വീകരിച്ചിട്ടുള്ള വിവത്തനരീതി സവ്വോപരി ശ്ലാഘ്യമായിട്ടുണ്ടു്. ഇതിനേക്കുറിച്ചും അടുത്തൊരദ്ധ്യായത്തിൽ വിവരിയ്ക്കുന്നതാകയാൽ ഇവിടെ വിസ്തരിയ്ക്കുന്നില്ല.

ഭാരതീയർ പ്രകൃത്യാ ആദ്ധ്യാത്മികജീവിതത്തിലാണു സംതൃപ്തിപ്പെടുന്നത്. ശുഷ്കമായ ഭൌതികജീവിതത്തിൽ ഒരിക്കലും ഒരു ഹൈന്ദവഹൃദയത്തിനു സമാധാനം കിട്ടുന്നതല്ല. മതത്തിലാണ് ഒരു ഹിന്ദുവിൻെറ സകലകൃത്യങ്ങളും പൎയ്യവസാനിക്കുന്നത്. മോക്ഷം അയാളുടെ സങ്കേതവും, കൃത്യങ്ങൾ അതിൻെറ സാധകോപായങ്ങളുമാണ്. ഈ ഹൈന്ദവാദൎശം എഴുത്തച്ഛൻെറ കവനകലയിൽ സൎവ്വോപരി വിളങ്ങിക്കാണുന്നുണ്ട്. കലാവിദ്യ പരിപൂൎണ്ണമായില്ലെങ്കിലും, ആദൎശശുദ്ധിയുണ്ടെങ്കിൽ ആ കവിതയെയായിരിക്കും ആദൎശവിഹീനവും കലാപരിപൂൎണ്ണവുമായ കവിതയേക്കാൾ ഒരു ഹിന്ദുഹൃദയം ഇഷ്ടപ്പെടുന്നത്. കവിതയുടെ ഉദ്ദേശ്യത്തെപ്പററി കാവ്യമീമാംസകന്മാരുടെ ഇടയിൽ പ്രബലമായി രണ്ടു വിധം അഭിപ്രായക്കാരെയാണു കണ്ടിട്ടുള്ളത്. അതിൽ ഒരു തരക്കാർ കവിത കവിതക്കുവേണ്ടി മാത്രമുള്ളതാണെന്നും, അതു ചേറൊരുദ്ദേശ്യത്തിന്നും കീഴടങ്ങേണ്ടതില്ലെന്നും സിദ്ധാന്തിക്കുന്നവരാണ്; മറേറ കക്ഷിക്കാരാവട്ടെ കേവലം രസപ്രദാനം മാത്രമാണു കവിതയുടെ ഉദ്ദേശ്യമെങ്കിൽ അതത്ര സ്തുത്യൎഹമായ ഒരു കലാവിദ്യതന്നെയല്ലെന്നും, മനുഷ്യനെ ഉൽകൃഷ്ടമാൎഗ്ഗത്തിലേക്കു നയിക്കുന്നതിന്നുകൂടി അതിന്നു ശക്തിയുണ്ടായിരിക്കണമെന്നും വാദിക്കുന്നു. കാന്താസമാനം സരസമായി കൃത്യാകൃത്യോപദേശം ചെയ്യുന്ന കവിതയെത്തന്നെയായിരിക്കും എന്നെന്നും അത്യുൽകൃഷ്ടമായി ഗണിക്കുക. പ്രസ്തുത മ-

ഹാകവിയുടെ എല്ലാ കവിതകളും ഇപ്പറഞ്ഞ തരത്തിലുള്ളവയാണ്. ഈ വക സംഗതികൾകൊണ്ടു തന്നെയായിരിക്കണം എഴുത്തച്ഛൻ കവികൾക്ക് എന്നെന്നേക്കും മാതൃകാഭൂതനും, മലയാളഭാഷയുടെ പിതാവും ആയിത്തീൎന്നതു്.

## മൂന്നാം അദ്ധ്യായം.

### കിളിപ്പാട്ടു്.

മലയാളസാഹിത്യാരാമത്തിൽ സഞ്ചരിക്കുന്ന സഹൃദയന്മാൎക്ക് അവിടെ കളകൂജനംചെയ്തു് അങ്ങുമിങ്ങും സ്വച്ഛന്ദം തത്തിപ്പാറിനടക്കുന്ന "രാമാനുജപ്പൈങ്കിളി"യെ കാണാവുന്നതാണ്. പ്രകൃതിസുഭഗയും ആ മഹാഗുരുവിന്റെ സന്ദേശഹാരിണിയുമായ ഈ 'പൈങ്കിളിയുടെ ആഗമത്തെക്കുറിച്ചു് നമുക്കിവിടെ അന്വേഷിക്കാം.

"നവംനവം പ്രീതിരഹോ കരോതി" എന്നു മഹാകവി മാഘൻ പറഞ്ഞിട്ടുള്ളതു് എത്രയും ശരിയായിട്ടുള്ളതാണ്; ലോകത്തിന്നെപ്പോഴും പുതുമയിലാണ്ഭിരുചി കാണുന്നതു്. ചൎവ്വിതചൎവ്വണം ചെയ്യുന്നതിൽ ആൎക്കും അത്ര രസം തോന്നാറില്ല. "നിരണം പണിക്കന്മാ"രുടെ ആ പഴയ "കെട്ടുപാടൊ" "ചെറുശ്ശേരി"യുടെ ഇഴഞ്ഞമട്ടൊ ഉൽപതിഷ്ണുവായ എഴുത്തച്ഛന്നു് അത്ര രസിച്ചിട്ടില്ലായിരിക്കണം. അതുകൊണ്ടു്

അദ്ദേഹം മലയാളഭാഷയ്ക്കത്രയും അനുയോജ്യമായ "കിളിപ്പാട്ടെ"ന്ന ഒരു പുതിയ പ്രസ്ഥാനം സൃഷ്ടിച്ച് ആ വഴിക്കു തന്റെ കവിതാകാമിനിയെ മഹാജനസമക്ഷം അവതരിപ്പിപ്പാൻ തുനിഞ്ഞതാണെന്നനുമാനിക്കുന്നതിൽ യുക്തിഭംഗമുണ്ടാവാൻ വഴി ഇല്ലെന്നു തോന്നുന്നു.

പല മഹാന്മാരുടേയും ജീവചരിത്രം പരിശോധിക്കുന്നതായാൽ അന്ധമായ അനുകരണഭ്രമത്തിൽ നിന്നല്ല അവക്കു വിജയമുണ്ടായിട്ടുള്ളതെന്നും, ഓരോരുത്തക്കും പ്രകൃതിദത്തമായുള്ള പ്രത്യേകതയ്ക്കനുസരിച്ചു സ്വതന്ത്രപ്രസ്ഥാനങ്ങളിൽ ഏപ്പെട്ടു പ്രവത്തിക്കുന്നതിലാണ് അവരുടെ വിജയം പ്രതിഷ്ഠാപിതമായിട്ടുള്ളതെന്നും തെളിയുന്നതാണ്. മഹാന്മാർ പരിതസ്ഥിതികളെ പയ്യവേക്ഷണംചെയ്തു തദനുസൃതമായ രീതിയിൽ പ്രവത്തിപ്പാൻ പ്രാപ്തിയുള്ളവരാകയാൽ അനാശാസ്യമായ ഗതാനുഗതികത്വത്തിൽ ഭ്രമിക്കാതെ നവംനവങ്ങളായ പ്രസ്ഥാനങ്ങളിൽക്കൂടി പ്രവത്തിച്ചു വിജയം നേടുന്നതിൽ അത്ഭുതപ്പെടുവാനില്ല. തങ്ങളുടെ സ്വന്തംകാലിന്മേൽ നില്ക്കുവാൻ കെല്പില്ലാത്തവക്കാണല്ലൊ മിക്കപ്പോഴും അന്യരെ അനുഗമിക്കേണ്ടിവരുന്നതു്. "എഴുത്തച്ഛ"നെപ്പോലെതന്നെ "നിരണത്തു പണിക്കന്മാർ" "ചെറുശ്ശേരിനമ്പൂതിരി" "കൽക്കത്തു കുഞ്ചൻനമ്പിയാർ"എന്നീ മഹാന്മാരുടെ കവിതകൾ പരിശോധിക്കയാണെങ്കിൽ സ്വതന്ത്രമാ-

ഗ്ഗങ്ങൾ വെട്ടിത്തെളിയിക്കുന്നതിലും, പുതുമയിലുള്ള പൊതുജനപ്രീതിയെ ലക്ഷ്യമാക്കി പ്രവത്തിക്കുന്നതിലും അവക്കുള്ള അന്യാദൃശമായ സാമത്ഥ്യവും അഭിരുചിയും ധാരാളം വെളിപ്പെടുന്നതാണ്.

തൻെറ കവിതയെ ഒരു കിളിയുടേതാണെന്നു പറഞ്ഞു താൻ ഒരു തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു നിൽക്കുന്നതാണല്ലൊ 'എഴുത്തച്ഛൻ' കിളിപ്പാട്ടുകളിൽ സ്വീകരിച്ചിട്ടുള്ള ഒരു സമ്പ്രദായം. ഇതങ്ങനേതന്നെ അദ്ദേഹം ആദ്യമായിക്കണ്ടുപിടിച്ച് ഏർപ്പെടുത്തിയ ഒരു പന്ഥാവായിക്കൊള്ളണമെന്നില്ല. സംസ്കൃതത്തിലെ സന്ദേശകാവ്യങ്ങളോ തമിഴിലെ ചില പാട്ടുകളോ അദ്ദേഹത്തിന്നിതിൽ മാഗ്ഗപ്രദശനം ചെയ്തിട്ടുണ്ടാവാം.

ഇങ്ങിനെതന്നെ കിളിപ്പാട്ടുവൃത്തങ്ങളുടെ പൂവ്വരൂപങ്ങളെങ്കിലും എഴുത്തച്ഛൻെറ കാലത്ത് ഉണ്ടായിരുന്നിരിക്കണം; അതല്ലാതെ അദ്ദേഹം ഗ്രന്ഥനിമ്മാണത്തിന്നു തുനിഞ്ഞപ്പോഴേക്കും അതിന്നുവേണ്ട സകലസാമഗ്രികളും അദ്ദേഹത്തിൻെറ മുമ്പിലങ്ങോട്ടു വന്നു നിരന്നു നിന്നുവെന്നു പറയുന്നതു സാഹിത്യചരിത്രത്തിലുള്ള ദയനീയമായ അജ്ഞതയെയത്രേ വെളിപ്പെടുത്തുന്നതു്. ദ്രാവിഡഭാഷകളുടെ സ്വന്തംവകയായി അനേകം വൃത്തങ്ങളുണ്ട്; അവയിൽ ചില വൃത്തങ്ങൾ ആയ്യന്മാർ സംസ്കൃതത്തിലേക്കെടുത്തിട്ടുകൂടിയുണ്ട്. മലയാളത്തിലെ പഴയ പാട്ടുകൾ പരിശോധിച്ചാൽ, കിളിപ്പാട്ടുവൃത്തങ്ങളുടെ പൂവ്വരൂപങ്ങൾ കാണ്മാൻ കഴിയുന്നതാണ്. നോക്കുക:—

“നലമിലകുമങ്കതൻ തന്നെ മന്നോർമതാഴും
നരപതിവിളിച്ചുനീ ചെൻറുകേളെന്നു നിൻ
വെലമതികമുള്ള തന്നോടു താരത്തെയും
വിരവൊടു കവൻറുകൊണ്ടിങ്ങനെ ചെഞ്ചെമ്മ
മലിവുമുരപൊററ വെന്തുക്കളും മക്കളും.
വലിയ പടയാളിമാരും വടക്കോപ്പുമ-
യുലകിടയിലങ്കയിൽ പുക്കിരുന്നോക്കവെ-
ന്നുറുതി ചറവാനുമായ്നിളുവാണ്ണാൽചൊല്ലും”

രാമചരിതം

‘പരമപുരുഷൻ മഹാമായതൻ വൈഭവം
പറകയുമനാരതം കേൾക്കയും ചെയ്യിലെം”

(കിളിപ്പാട്ട് എഴുത്തച്ഛൻ)

ഇതിൽ രാമചരിതത്തിൽ നിന്നുദ്ധരിച്ച ഭാഗവും എഴുത്തച്ഛൻ പലേടത്തും ഉപയോഗിച്ചിട്ടുള്ള “മണികാഞ്ചി”വൃത്തവും തമ്മിൽ തട്ടിച്ചുനോക്കിയാൽ രാമചരിതത്തിലെ ആ വൃത്തത്തിൻെറ ഒരു പരിണാമം മാത്രമാണ് “മണികാഞ്ചി”യെന്നു ബോദ്ധ്യപ്പെടും. ഇങ്ങിനെതന്നെ എഴുത്തച്ഛൻെറ കാലത്തു സുപ്രസിദ്ധമായ “കേക”യായിത്തീരുന്നതു “രാമചരിത”ത്തിലും “രാമകഥാപ്പാട്ടി”ലും കാണുന്ന ചില വൃത്തങ്ങളാണ്. നോക്കുക:—

“എഴിനുമുള്ള കടപ്പാനിയന്തിരപ്പാലംചുററും
കീഴറുമവനിതന്നാൽ കേവലം പകയോരെല്ലാം
കോഴയററു കിഴക്കിൻ കോപുരം കാപ്പാൻനില്ല-
ത്തുഴിയെകുലച്ചൂംവീരൊരു പതിനായിരംകാണ്”

രാമചരിതം

"മെകിഴ്ന്നുടൻ മകീചനമ്പാൽമന്തിരിസുമന്ത്രൻചൊ
(ല്ലി
ല്പുകഴ്ന്നുകൊണ്ടതുളിച്ചെയ്യാൻ പുതൽവരികിനിയു
(ണ്ടൊനാൽ
ഇകഴ്ന്തിടാരരചരെന്നെയിനിയരനരുളിനാലെ
നികഴ്ന്തിതുവിനകളെല്ലാം നെടുകമാറഞ്ചിയെൻ
റാൻ"

രാമകഥാപ്പാട്ട്

"രാവണഭഗിനിയും രോദനംചെയ്തുപിന്നെ
രാവണനോടു പറഞ്ഞീടുവാൻ നടകൊണ്ടാൾ
സാക്ഷാലഞ്ജനശൈലംപോലെ ശൂർപ്പണഖയും
രാക്ഷസരാജൻ മുമ്പിൽ വീണുടൻമുറയിട്ടാൾ"

അദ്ധ്യാത്മരാമായണം

കിളിപ്പാട്ടിലെ പല വൃത്തങ്ങളുടേയും ആഗമം പഴയ പാട്ടുകൾ സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചാൽ കണ്ടുപിടിപ്പാൻ പ്രയാസമില്ല.

ചിലതു് അല്പാല്പം ഭേദഗതി ചെയ്തു സ്വീകരിച്ചവയും മററു ചിലതു് അങ്ങിനെതന്നെ എടുത്തവയുമായിരിക്കും. എഴുത്തച്ഛനു തമിഴ സാഹിത്യത്തോടുള്ള ഇടപഴക്കവും വൃത്തസ്വീകരണത്തിൽ അദ്ദേഹത്തെ ഒട്ടേറെ സഹായിച്ചിരിക്കണം. "പൈങ്കിളിക്കണ്ണി" "ചെരാപരക്കണ്ണി" മുതലായ വൃത്തങ്ങൾക്കനുസരിച്ചു് അദ്ദേഹം വൃത്തബന്ധം ചെയ്തിട്ടുണ്ടെന്നുള്ളതു് പ്രസിദ്ധവുമാണല്ലൊ.

ഇനി അദ്ദേഹം താലോലിക്കുന്ന "പൈങ്കിളി" ഏതാണെന്നാണ് ഇവിടെ ആലോചിപ്പാനുള്ളത്. കവി കഥ പറവാൻ ഒരു കിളിയെ വിളിക്കുന്നതെന്തിനു? അദ്ദേഹത്തിന്നു ഈ കൂട്ടുകാരിയുടെ ആവശ്യമെന്തു്? എന്നൊക്കെ തുഞ്ചൻെറ കവിത വായിക്കുന്നവൎക്കെല്ലാം ജിജ്ഞാസയുണ്ടാകുന്നതു സ്വാഭാവികമാണ്. പക്ഷെ ഇതിന്നൊരു ശരിയായ ഉത്തരം കൊടുപ്പാൻ ഇതേവരെയുണ്ടായിട്ടുള്ള നമ്മുടെ സാഹിത്യചരിത്രകാരന്മാൎക്കാൎക്കും തന്നെ കഴിഞ്ഞിട്ടില്ല. കിട്ടിയേടത്തോളമുള്ള തെളിവുകളേയും, അഭിപ്രായങ്ങളേയും പരിശോധിച്ചു് അവയിൽ അവനവൻെറ യുക്തിക്കും അഭിപ്രായത്തിനും അടുപ്പമുള്ളവയോടു യോജിക്കുയെന്നല്ലാതെ കാൎയ്യത്തിൻെറ സൂക്ഷ്മാവസ്ഥ ഏതുവിധമെന്നു തീൎച്ചപ്പെടുത്തുവാൻ ചരിത്രകാരന്മാൎക്ക ഗത്യന്തരവുമില്ലല്ലൊ.

"പൈങ്കിളി"യുടെ ആഗമത്തെപ്പററി പണ്ഡിതന്മാരിൽ പലരും പല വിധത്തിലുള്ള അഭിപ്രായങ്ങളാണു പുറപ്പെടീച്ചുകാണുന്നതു്. ഇവയുടെ സാധുതാസാധുതങ്ങളെക്കുറിച്ചു നമുക്കും കുറഞ്ഞൊന്നു പൎയ്യാലോചിക്കാം:—

(ക) സരസ്വതിദേവിയുടെ കയ്യിൽ ഒരു തത്തയുണ്ടല്ലൊ. അതിനെ ഉദ്ദേശിച്ചാണു കവി പലപ്പോഴും കഥ പറയേണ്ട സമയത്തു പൈങ്കിളിയെ വിളിക്കുന്നതു്. സരസ്വതീദേവിയുടെ കിളിയാണു കവിത പാടുന്നതെന്നു വരുമ്പോൾ വായനക്കാർ ആ കവിതക്കുള്ള ദോഷമൊന്നും കാണുകയില്ല. ഈ ഉദ്ദേശ്യത്തോടുകൂടി

കവി സരസ്വതിയുടെ കയ്യിലുള്ള ശുകത്തെ വിളിക്കുന്നതാണെന്നാണ് ഒരു പക്ഷമുള്ളത്.

പുരാണേതിഹാസങ്ങൾ വിവർത്തനം ചെയ്വാൻ തനിക്കധികാരമില്ലെന്ന് എഴുത്തച്ഛനു വിശ്വാസമുണ്ടായിരുന്നുവെന്നും, അതിൻെറ പരിഹാരമാർഗ്ഗമായി അദ്ദേഹം സരസ്വതീഹസ്തസ്ഥിതയായ പൈങ്കിളിയെ പിടികൂടിയതാണെന്നുമുള്ള മറെറാരു പക്ഷവുമുണ്ട്.

ഈ അഭിപ്രായങ്ങളുടെ പ്രാബല്യത്തെക്കുറിച്ചു വളരെ സംശയിക്കേണ്ടിയിരിക്കുന്നു. വിനീതാഗ്രഗണ്യനും, പരമഭക്തനുമായ എഴുത്തച്ഛൻ തൻെറ വായനക്കാർ മുഴുവൻ "കവിത തൻേറതല്ലെന്നും, അതൊരു പൈങ്കിളിയുടേതാണെ"ന്നും ധരിക്കത്തക്കവണ്ണം അത്രയും ജഡബുദ്ധികളാണെന്നു ധരിച്ചുവെന്ന് ഒരിക്കലും ഊഹിപ്പാൻ വയ്യ. തത്താദൃശമായ ഒരൗദ്ധത്യമോ, അവഹേളനബുദ്ധിയോ അദ്ദേഹത്തിന്നുണ്ടെന്ന് ആ പരിശുദ്ധസാഹിത്യത്തോടിടപഴകീട്ടുള്ളവർക്കാർക്കും തന്നെ മനസ്സിലാക്കുവാൻ സാധിക്കുകയുമില്ല. അതുകൊണ്ടു മുൻപറഞ്ഞ രണ്ടഭിപ്രായങ്ങളും സ്വീകാര്യകോടിയിൽ ഗണിക്കപ്പെടേണ്ടവയാണെന്നു തോന്നുന്നില്ല. വാഗ്ദേവതയായ സരസ്വതിയുടെ കയ്യിലെ തത്തയാണതെന്ന ഗൗരവം അദ്ദേഹത്തെ പ്രലോഭിപ്പിച്ചിട്ടുണ്ടെന്നു പറവാനും വയ്യ. എന്നാൽ ഇഷ്ടദേവതകളെ സ്തുതിക്കുന്നതിൽ യാതൊരു കയ്യും കണക്കുമില്ലാത്ത എഴുത്തച്ഛൻ പൈങ്കിളിയെ താലോ- [illegible] ത്തിലെങ്കിലും ആ സംഗതി വെളി-

MUL
041962

പ്പെട്ടതേതാണ്ടതായിരുന്നു. അങ്ങിനത്തെ പ്രകരണങ്ങൾ അദ്ദേഹത്തിന്റെ കവിതകളിൽ വളരെ സ്ഥലങ്ങളിലായിട്ടുകൂടി, സരസ്വതിയുടെ കയ്യിലെ ശുകമാണതെന്നു് അദ്ദേഹം സൂചിപ്പിയ്ക്കപോലും ചെയ്തിട്ടില്ല. അതുകൊണ്ടു് അദ്ദേഹം പിടിച്ച കിളി സരസ്വതിയുടേതല്ല; തീർച്ചതന്നെ.

(൨) എഴുത്തച്ഛനു് ഭഗവാൻ ശുകരൂപത്തിൽ പ്രത്യക്ഷമായിട്ടാണു് ജ്ഞാനോപദേശം ചെയ്തിട്ടുള്ളതെന്നും, ആ വാസ്തവത്തെ കാണിപ്പാനായോ, അഥവാ അതിനെ അനുസ്മരിച്ചോ അദ്ദേഹം ശുകത്തെക്കൊണ്ടുതന്നെ ജ്ഞാനോപദേശങ്ങൾ ചെയ്യിക്കുന്നുവെന്നുമാണു് വേറൊരഭിപ്രായമുള്ളതു്. ഈ ഐതിഹ്യം കേവലം ശരിയല്ലെന്നു പറഞ്ഞു തള്ളാവുന്നതാണെന്നു തോന്നുന്നില്ല. കാരണം നമുക്കതിനു പ്രതികൂലങ്ങളായ തെളിവുകളൊന്നും കിട്ടാത്തതുതന്നെ.

(൩) അറം തൊട്ടുള്ള കവിതാദോഷങ്ങൾ കവിയെ ബാധിയ്ക്കാതിരിപ്പാനാണു് ഒരു കിളിയെപ്പിടിച്ച നടക്കിടുന്നതെന്നാണു് പിന്നെയൊരു പക്ഷമുള്ളതു്. കവികൾക്കു് 'അറം' വരുന്നുവെന്നുള്ളതിൽ യുക്തിഭംഗമൊന്നും കാണുന്നില്ല. 'വിധിയ്ക്കു വാഗ്ദേവിയധീന'യാണെന്ന കാര്യം സാധാരണക്കാരുടെ സംഗതികളിൽത്തന്നെ വളരെ ശരിയായിക്കാണുന്ന സ്ഥിതിയ്ക്കു്, വശ്യവാക്കുകളും സാത്വികബുദ്ധികളുമായുള്ള മഹാകവികളെസ്സംബന്ധിച്ചേടത്തോളം ഇതു വളരെ അർത്ഥവത്താകുമെന്നതിനു യാതൊരു സംശയവുമില്ല;

പക്ഷെ അതിൻെറ പരിഹാരമാൎഗ്ഗത്തെപ്പററി പറയുന്ന യുക്തിയാണു് വിശ്വസിപ്പാൻ വയ്യാതിരിക്കുന്നതു്. 'അറം' കവിയെ ബാധിക്കയില്ലെങ്കിൽ പിന്നെ ബാധിക്കേണ്ടതു കിളിയെയാണല്ലൊ. തൻെറ പ്രവൃത്തിയുടെ ഫലം ന്യായമായി താൻതന്നെയനുഭവിക്കേണ്ടതായിരിക്കെ, അതൊരു പാവപ്പെട്ട പൈങ്കിളിയുടെ തലയിൽ ചുമത്തുവാൻ പരമഭക്തനും പരിപാവനചരിതനുമായ എഴുത്തച്ഛൻ വിചാരിച്ചുവെന്നു കരുതുന്നതുതന്നെ നാം അദ്ദേഹത്തിൻെറനേരെ ചെയ്യുന്ന വലിയൊരപരാധമായി വേണം വിചാരിപ്പാൻ; തത്താദൃശമായ ഒരു ഭീരുത്വമൊ ഔദ്ധത്യമൊ പ്രസ്തുതമഹാകവിക്കുണ്ടായിരുന്നുവെന്നുവിചാരിപ്പാനൊരുവിധത്തിലും നിൎവ്വാഹമില്ല. എഴുത്തച്ഛൻെറ പൈങ്കിളി കേവലം ഭാവനാസൃഷ്ടമായ ഒന്നാണെന്നും അതിൻെറ സ്വീകരണം 'അറ'ത്തിൻെറ പരിഹാരമാൎഗ്ഗമായിത്തീരുമെന്നും വരികയാണെങ്കിൽ പിന്നെ ഈ വിഷയത്തിൽ തൎക്കം വാദത്തിനു വഴിയുമില്ല.

(൪) തമിഴിലെ 'പൈങ്കിളിക്കണ്ണി' 'പരാപരക്കണ്ണി'' എന്നീ വൃത്തങ്ങൾക്കനുസരിച്ചാണു് എഴുത്തച്ഛൻ കിളിപ്പാട്ടുവൃത്തങ്ങൾ നിൎമ്മിച്ചതെന്നും, തന്മൂലം അദ്ദേഹത്തിൻെറ കവിതകൾ 'കിളിപ്പാട്ട'കളായതാണെന്നും ചിലൎക്കു് അഭിപ്രായമുണ്ടു്. ഈ അഭിപ്രായത്തിനു വലിയ യുക്തിയുള്ളതായിത്തോന്നുന്നില്ല; അദ്ദേഹം പൈങ്കിളിയെ വിളിക്കുന്ന രീതിയും, അതിനോടു പഞ്ചസാര, പാൽ, പഴം മുതലായതു വന്നു ഭക്ഷിപ്പാൻ

ക്ഷണിയ്ക്കുന്ന സമ്പ്രദായവും മററും ഈ പക്ഷത്തെ അ-
നുകൂലിയ്ക്കുന്നതു ദുസ്സാധമാക്കിത്തീക്കുന്നു.

(൫)പുരാണകഥനം ചെയ്യുവാൻ സാധാരണയാ-
യി 'ശുക'ബ്രഹ്മഷിയാണല്ലൊ. പരമതത്വജ്ഞാനി-
യും ജീവന്മുക്തനുമായ അദ്ദേഹത്തിന്നു പൌരാണിക-
ന്മാരുടെ ഇടയിൽ ഒരു വലിയ സ്ഥാനമാണുള്ളതു്.
അതുകൊണ്ടു് അദ്ദേഹത്തിൻെറ പ്രതിനിധിയായി ക-
ഥ പറവാൻ ഒരു ശുകത്തിനേത്തന്നെ സ്വീകരിച്ചുവെ-
ന്നുള്ള ഒരഭിപ്രായവുമുണ്ടു്.

ഈ അഭിപ്രായം കുറെ ശിഥിലമാണെന്നുതന്നെ
വേണം പറവാൻ. 'ശുകം' എന്ന ആ രണ്ടക്ഷരത്തി-
ലെ സാമ്യം ശുകബ്രഹ്മഷിയുടെ സ്ഥാനത്തേയ്ക്കു് ഒരു
ശുകപക്ഷിയെ പിടികൂടുവാൻ പ്രേരിപ്പിച്ചു എന്നു പ-
റയുന്നതിൽ യാതൊരു യുക്തിയും തോന്നുന്നില്ല. വാ-
സ്തവത്തിൽ കഥ പറയുന്നതു് എഴുത്തച്ഛനും, വക്താ-
വായി വേറൊരു ജീവിയെ കല്പിയ്ക്കു മാത്രവുമാണല്ലൊ
ചെയ്യുന്നതു്. അതുകൊണ്ടു സാക്ഷാൽ ബ്രഹ്മഷിയെ-
ത്തന്നെ ഇവിടെ കിട്ടിയേ കഴിയുവെന്നില്ലെന്നു വരുന്നു.
ആ സ്ഥിതിയ്ക്കു് ശുകനെത്തന്നെ കഥ പറയുന്ന ആളാ-
ക്കുന്നതിൽ ഈ ഭക്തകവിയ്ക്കു വിരോധമുണ്ടാവാൻ അ-
വകാശവുമില്ല. അങ്ങിനെ ചെയ്യുന്നതിൽ കുറെ യു-
ക്തിയുണ്ടുതാനും. ഇനി അതിന്നു വിരോധമുണ്ടെങ്കിൽ
അദ്ദേഹത്തിന്നു ശുകമഹഷിയുടെ അനന്തരാവകാശി-
കളായ ഏതെങ്കിലും ബ്രഹ്മഷികളെ പിടികൂടാമായിരു-
ന്നു. അതൊന്നും ചെയ്യാതെ സഹൃദയാഗ്രേസരനും

ധ്വന്യധ്വാനീനനുമായ മഹാകവി, 'ശുക'ശബ്ദത്തിൽ ഭ്രമിച്ചു ബ്രഹ്മർഷിക്കു പകരം ഒരു പൈങ്കിളിയേയാണു പിടികൂടിയതെന്നു പറയുന്നതു വലിയ സാഹസമെന്നേ പറയേണ്ടു.

(൩) തന്റെ ഗാനങ്ങളുടെ മാധുര്യം സൂചിപ്പിക്കുന്നതിന്നും, അതിൽ തനിക്കുള്ള അസാമർത്ഥ്യത്തെ ഗോപനം ചെയ്യുന്നതിനുമാണു് അദ്ദേഹം തന്റെ കവിതയെ കിളിപ്പാട്ടായിസ്സംഭാവനം ചെയ്യുന്നതെന്നാണു പിന്നെയൊരു പക്ഷമുള്ളതു്.

എഴുത്തച്ഛനെ സംബന്ധിച്ചേടത്തോളം ഈ അഭിപ്രായങ്ങൾ കേവലം നിരർത്ഥങ്ങളാണു്. തന്റെ ഗാനങ്ങൾ അത്രക്കുമാത്രം രസനിഷ്യന്ദികളാണെന്നദ്ദേഹത്തിന്നഭിപ്രായമുണ്ടായിരുന്നുവെന്നോ, കിളിയുടെ പാട്ടാണെന്നു സംഭാവനം ചെയ്യുന്നതുകൊണ്ടുമാത്രം അതിന്റെ കർത്തൃത്വവും തന്മൂലമുണ്ടാകുന്ന ഗുണദോഷങ്ങളും തനിക്കു ബാധകമാകയില്ലെന്നദ്ദേഹം വിചാരിച്ചിരിക്കുമെന്നോ ഊഹിപ്പാൻ അശേഷവും യുക്തികാണുന്നില്ല.

(൪) "കഥ പറയുന്ന രീതിയിലുള്ള കാവ്യങ്ങളിൽ (Narrative poetry) പ്രായേണ കവികൾ തങ്ങളുടെ ആത്മാംശത്തെ വായനക്കാരുടെ ശ്രദ്ധയിൽനിന്നു കഴിയുന്നതും ദൂരെ നിർത്തുന്നതു സ്പൃഹണീയം തന്നെ; 'അവിശ്വാസശക്തിയുടെ താൽക്കാലികനിവൃത്തി'ക്കു (Temporary Suspension of the faculty of disbelief) ഇതു സഹായമായിത്തീരുന്നതു പ്രത്യേകിച്ചും പുരാ-

ണേതിഹാസകഥാകഥനത്തിലാണ്. ഈ ഉദ്ദേശ്യത്തോടുകൂടി അനുഭവസ്ഥന്മാരായ വല്ലവരേകൊണ്ടുമൊ, അകൃത്രിമസ്വഭാവികളെക്കൊണ്ടുമൊ കഥകൾ പറയിക്കുന്നതു എല്ലാ സാഹിത്യത്തിലും എല്ലാംകാലത്തും ഉള്ള ഒരു കൌശലമാണ്. വേതാളങ്ങളും സാലഭഞ്ജികകളും ശുകങ്ങൾതന്നേയും കഥകൾ പറയുന്ന അനേകം ഗ്രന്ഥങ്ങൾ തമിഴും സംസ്കൃതവും നല്ലവണ്ണം അറിപ്പുണ്ടായിരുന്ന എഴുത്തച്ഛനുതന്നെ പരിചയമുണ്ടായിരുന്നുവെന്നുള്ളതിന്നു സംശയമില്ല. നന്ദനം മുതലായ ദിക്കുകളിലും ദിവ്യലോകങ്ങളിലും മററും യഥേഷ്ടം സഞ്ചരിച്ച് അനേകം സംഗതികൾ ഗ്രഹിച്ചിരുന്ന ഒരു ഉത്തമപത്രിയായ ശുകത്തേക്കൊണ്ട് കഥകൾ പറയിച്ചതിൻെറ ഏകദേശം (?) ഇതായിരിക്കും.”

ഇതാണു പിന്നെയുള്ള ഒരു പുതിയ സിദ്ധാന്തം. പുതിയ ഒരു മട്ടിൽ പറഞ്ഞുവെന്നല്ലാതെ ഇതിന്നു ഒന്നാമതായിച്ചേർത്ത അഭിപ്രായത്തിൽനിന്ന് ഒരു വ്യത്യാസവുമുണ്ടെന്നു തോന്നുന്നില്ല. ആ സിദ്ധാന്തത്തിൻെറ ദൌർബ്ബല്യത്തെ അവിടെ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇവിടെ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ട ആവശ്യവുമില്ലല്ലൊ. കാര്യം ഇങ്ങിനെയാണെങ്കിൽകൂടി തൻെറ ആത്മാംശം മറയ്ക്കുന്നതിന്ന് എഴുത്തച്ഛന് ഒരു പൈങ്കിളിയെത്തന്നെ പിടികൂടിയേ കഴിയുവെന്നുണ്ടോ? എന്ന ചോദ്യത്തിന്നു മറുപടിയും ഈ സിദ്ധാന്തകാരൻ പറഞ്ഞുകാണുന്നില്ല.

പൈങ്കിളിയുടെ ആഗമത്തേകുറിച്ച് എത്രയധി-

കം അഭിപ്രായവ്യത്യാസമുണ്ടായിരുന്നാലും അതിൻെറ കളാലാപമാധുയ്യത്തെപ്പററി ആക്കുംതന്നെ ഭിന്നാഭിപ്രായമുള്ളതായിക്കാണുന്നില്ല. എത്രമാത്രം അനർഘമായ അക്ഷയനിക്ഷേപങ്ങളാണ് ഈ പൈങ്കിളിമൂലം കൈരളീദേവിക്കു കരസ്ഥമായിട്ടുള്ളത്! രാമാനുജപ്പൈങ്കിളി പഞ്ചമരാഗത്തിൽ പാടീട്ടുള്ള പാട്ടുകളാണ് ഇന്നും കേരളാന്തരിക്ഷത്തിൽ മാറെറാലിക്കൊള്ളുന്നത്. അതിൻെറ ദിവ്യമംഗളധ്വനിയത്രെ ഇന്നും ഓരോ കേരളീയഗൃഹത്തേയും പരിശുദ്ധമാക്കുന്നത്! ആ നാദശ്രവണത്തിൽ ആരുടെ കരളും അലിഞ്ഞുപോകുന്നു!! ആരുടെ ശിരസ്സും നമ്രമാകുന്നു!!

തുഞ്ചത്താചായ്യരുടെ കാലം കഴിഞ്ഞിട്ട് ഏതാണ്ടു മൂന്നൂറു കൊല്ലത്തോളമായി. അതിൽപ്പിന്നെ മലയാളഭാഷയ്ക്കു ഗണ്യമായ പല മാററങ്ങളും വന്നിട്ടുണ്ട്; കേരളത്തിൽ പല മഹാകവികളും ഉണ്ടായിട്ടുമുണ്ട്. ലോകാതിഗമായ ബുദ്ധിശക്തികൊണ്ടും, നിരതിരററ പാണ്ഡിത്യത്താലും ബഹുജനപ്രശംസയ്ക്കു പാത്രീഭൂതന്മാരായ ഏതാനും വാഗ്ജാലികന്മാർ ഇവിടെ ഉണ്ടായിക്കഴിഞ്ഞു. അവ്യാഹതമായ വാസനാബലംകൊണ്ടും അശ്രാന്തമായ പരിശ്രമത്താലും സഹൃദയന്മാരുടെ സ്നേഹഭാജനങ്ങളായിത്തീൎന്ന മഹാകവികളും ഇവിടെ ദുർല്ലഭമല്ല; അഗാധമായ ആലോചനയാലും അതിദീപ്രമായ വാസനനിമിത്തവും പ്രപഞ്ചതത്വങ്ങളെ കമനീയകണ്ഠത്തോടുകൂടി എടുത്തു പാടുവാൻ സാധിച്ച ദിവ്യവാക്കുകളും ഉണ്ടായിട്ടില്ലെന്നില്ല. എന്നാൽ ലോകഗുരുവ്വാ-

യ എഴുത്തച്ഛൻെറ പൈങ്കിളിയെ അനുകരിച്ചു പാട്ടന്നതിന്നു മറെറാരു കമനീയകണ്ഠവും ഇതുവരേയും ഉണ്ടായിട്ടില്ലെന്നുള്ളതു തീച്ചതന്നെ!! അത്രയ്ക്കും മഹനീയമായ ഒന്നാണ് ആ ആഷസംഗീതം!!

## നാലാം അദ്ധ്യായം.

### തജ്ജമ

എഴുത്തച്ഛൻെറ കൃതികൾ മിക്കവാറും തജ്ജമകളാകയാൽ അദ്ദേഹത്തിൻെറ തജ്ജമരീതിയെ പരിശോധിക്കേണ്ടതു് ഈ അദ്ധ്യായത്തിലെ കൃത്യമായി വന്നിരിക്കുന്നു. എല്ലാം ഭാഷകൾക്കും അവയുടെ പരിഷ്കാരത്തിന്നു് അന്യഭാഷകളിൽനിന്നു് ഗ്രന്ഥങ്ങൾ വിവത്തനം ചെയ്യപ്പെടുകുന്നതു് സവ്വഥാ ആവശ്യമാകുന്നു. ബാല്യദശയിലിരിക്കുന്ന ഭാഷകൾക്കു് ഇതു പ്രത്യേകിച്ചും ഒഴിച്ചുകൂടാത്തതുമാണു്; എന്നാൽ വിവേകപൂവ്വം വിവത്തനംചെയ്യപ്പെടുന്ന ഗ്രന്ഥങ്ങൾ മാത്രമേ ഭാഷാ പോഷണത്തിന്നുതകുന്നുള്ളു. സ്വതന്ത്രമായെഴുതുവാൻ കെല്പില്ലാത്തവരിൽ പലരും പുസ്തകങ്ങൾ തജ്ജമ ചെയ്തു കവിയശസ്സു കൈക്കലാക്കുവാൻ ശ്രമിക്കുന്നുണ്ടു്. ഇതു നല്ലതുതന്നെ; പക്ഷെ ഗ്രന്ഥനിമ്മിതിയേക്കാൾ സുഗമമാണിതെന്നു കരുതുന്നതാണു് മഹാ അബദ്ധമായിട്ടുള്ളതു്. കവിഹൃദയം മനസ്സിലാക്കുവാനും അതിനെ ശരിക്കു് അന്യഭാഷയിൽ കൊണ്ടുവരുവാനും തക്ക പാണ്ഡിത്യം നേടുകയും, ഓരോ ഭാഷയ്ക്കും സമുദായത്തി-

നും പ്രത്യേകമായുള്ള അലങ്കാരശൈലികളും ആചാര-സമ്പ്രദായങ്ങളും മനസ്സിലാക്കി വിവൎത്തനംചെയ്യപ്പെടുന്ന ഭാഷയിലും യഥോചിതം അവയെ നിൎമ്മിക്കുവാനും തക്ക സാമൎത്ഥ്യം സമ്പാദിക്കുകയും ചെയ്കയെന്നതു് അത്ര എളുപ്പമുള്ള കാൎയ്യങ്ങളല്ല. ഈവക സംഗതികളൊന്നും ആലോചിക്കാതെ ചെയ്യപ്പെടുന്ന തൎജ്ജമകളും നമ്മുടെ ഭാഷയിൽ ധാരാളമാണു്. വൃത്താനുവൃത്തമായും പദാനുപദമായും ചെയ്യുന്ന തൎജ്ജമകൾക്കു് ഒരു വിധത്തിൽ ഗുണമുണ്ടെങ്കിൽ മറെറാരു വിധത്തിൽ ദോഷവും വരുവാനുണ്ടു്. സംസ്കൃതം മുതലായ പരിഷ്കൃതഭാഷകളിൽനിന്നു വൃത്താനുവൃത്തമായും മററും മലയാളത്തെപ്പോലുള്ള ഭാഷകളിലേക്കു തൎജ്ജമ ചെയ്യുമ്പോൾ മൂലത്തിലെ ആശയം അടക്കുവാൻ സാധിക്കാതെവരുന്നതിനാൽ, വിവൎത്തകന്മാൎക്കു പല "മരണവികൃതി"കളും കാണിക്കേണ്ടിവരുന്നു. സ്വതന്ത്രതൎജ്ജമകളാണു മിക്കപ്പോഴും ഇത്തരം തൎജ്ജമകളേക്കാൾ ഭാഷാപോഷണത്തിന്നധികം ഉപകരിക്കുക.

എഴുത്തച്ഛന്റെ തൎജ്ജമ മിക്കവാറും സ്വതന്ത്രമാണെന്നുതന്നെ പറയാം. തനിക്കു പ്രത്യേകമായി സ്വാതന്ത്ര്യം കൊണ്ടുവരുവാൻ വഴിയില്ലാത്ത ദിക്കിൽ അദ്ദേഹം മൂലത്തിനു വളരെ ശരിയായ തൎജ്ജമതന്നെയാണു് ചെയ്തിട്ടുള്ളതു്; എന്നാൽ കവിസാധാരണമായ മനോധൎമ്മം പ്രകടിപ്പിപ്പാൻ അല്പമൊരിടം കിട്ടിയാൽ പ്രസ്തുതമഹാകവി ആ സന്ദൎഭത്തെ വെറുതെ കളവാൻ ഒരിക്കലും ഇടവരുത്തുകയില്ല. നോക്കുക:—

"അഗണിതഗുണമപ്രമേയമാദ്യം
സകലജഗൽസ്ഥിതി സംയമാദിഹേതും
ഉപരമപരമം പരാത്മഭൂതം
വരദമഹം പ്രണതോസ്മി രാമചന്ദ്രം"

അദ്ധ്യാത്മരാമായണം മൂലം.

"അഗണ്യഗുണമാദ്യമവ്യയമപ്രമേയ-
മഖിലജഗൽസൃഷ്ടിസ്ഥിതിസംഹാരമൂലം
പരമം പരാപരമാനന്ദം പരാത്മാനം
വരദമഹം പ്രണതോസ്മിസന്തതം രാമം".

അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.

"കൈലാസാഗ്രേകദാചിൽ രവിശതവിമലേ
മന്ദിരേരത്നപീഠേ
സംവിഷ്ടം ധ്യാനനിഷ്ഠം ത്രിനയനമഭയം
സേവിതം സിദ്ധസംഘൈഃ
ദേവീ വാമാങ്കസംസ്ഥാ ഗിരിവരതനയാ
പാർവ്വതി ഭക്തിനമ്രാ
പ്രാഹേദം ദേവമീശം സകലമലഹരം
വാക്യമാനന്ദകന്ദം".

അദ്ധ്യാത്മരാമായണം മൂലം.

"കൈലാസാചലേ സൂര്യ്യകോടിശോഭിതേവിമ-
ലാലയേ രത്നപീഠേ സംവിഷ്ടം ധ്യാനനിഷ്ഠം
ഫാലലോചനം മുനിസിദ്ധദേവാദിസേവ്യം
നീലലോഹിതം നിജഭർത്താരം വിശേഷശാരം

വന്ദിച്ചു വാമോത്സംഗേ വാഴുന്ന ഭഗവതീ
സുന്ദരി ഹൈമവതി ചോദിച്ചു ഭക്തിയോടെ".

അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.

മേൽക്കാണിച്ച രണ്ടുദാഹരണങ്ങളും മൂലത്തിൽനിന്നു ഒട്ടും ഭേദം വരുത്താത്തവയാണ്. ഇവിടെ വലിയ ഒരു രസികത്വമൊന്നും വിവൎത്തനത്തിൽ കൊണ്ടുവരുവാൻ സാധിക്കയില്ല; എന്നാൽ കവികൎമ്മമൎമ്മജ്ഞനായ അദ്ദേഹം തന്റെ മനോധൎമ്മം കാണിപ്പാൻ കിട്ടുന്ന സന്ദൎഭങ്ങളെ എങ്ങിനെ ഉപയോഗിച്ചിരിക്കുന്നു എന്നുകൂടി പരിശോധിച്ചുനോക്കുക. ശ്രീരാമനോടു മിക്കവാറും പരാജയപ്പെട്ടുകഴിഞ്ഞ രാവണൻ ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ കുംഭകൎണ്ണനെ ഉണൎത്തുവാനായി ഭൃത്യന്മാരെ നിയോഗിക്കുന്നു. ആ ഘട്ടത്തിലെ വാക്യങ്ങൾ ഇങ്ങിനെയാണ്.—

" * * * * *

ഇത്യുക്താസ്തേ മഹാകായാ-
സ്തൂൎണ്ണം ഗത്വാതു യത്രതഃ
വിബോധ്യ കുംഭശ്രവണം
നിന്യൂ രാവണസന്നിധിം".

രാമായണം മൂലം.

"രാക്ഷസരാജ നിയോഗേന ചെന്നോരോ
രാക്ഷസരെല്ലാമൊരുമ്പെട്ടുണൎത്തുവാൻ
ആനകദുന്ദുഭിമുഖ്യവാദ്യങ്ങളു-
മാന തേർ കാലാൾ കുതിരപ്പടകളും

കുംഭകർണ്ണോരസി പാഞ്ഞു മാത്രം ജഗൽ
കമ്പം വരുത്തിനാരെന്തൊരു വിസ്മയം
കുംഭസഹസ്രം ജലം ചൊരിഞ്ഞീടിനാർ
'കുംഭകർണ്ണ'ശ്രവണാന്തരേ പിന്നെയും
കുംഭിവരന്മാരെക്കൊണ്ടു നാസാരന്ധ്ര-
സംഭൃതരോമം പിടിച്ചു വലിപ്പിച്ചും
തുമ്പിക്കരമററലറിയുമാനകൾ
ജംഭാരിവൈരിക്കു കമ്പമില്ലേതുമേ.
ജൃംഭാസമാരംഭമോടുമുണർന്നിതു
സംഭ്രമിച്ചോടിനാർ നാശരവീരരും

*     *     *     *

*     *     *     *     "

രാമായണം തർജ്ജമ.

ഈ ഉദാഹരണത്തിൽ എഴുത്തച്ഛൻ കാണിച്ചിട്ടുള്ള സ്വാതന്ത്ര്യം രസാവഹമായിട്ടുള്ളതാണ്. ആജാനബാഹുവായ ആ മഹാരാക്ഷസനെ ഉണർത്തുന്നേടത്തു യാതൊരു വിപ്ലവവും കൂടാതെ "യത്നാതഃ വിബോധ്യ" എന്നു മാത്രം പറഞ്ഞു നിർത്തിയ മൂലഗ്രന്ഥകാരൻെറ മനോധർമ്മം സഹൃദയാഗ്രേസരനായ പ്രസ്തുത കവിയെ അത്ര രസിപ്പിച്ചില്ല. അവിടെ അദ്ദേഹം തൻെറ സ്വതസ്സിദ്ധമായ രസികത്വം പ്രകടിപ്പിച്ചു കവിതക്കു ചൈതന്യം വരുത്തി. ഉദാഹരിച്ചുകാണിച്ച വരികളിൽ അദ്ദേഹം എത്രമാത്രം കോലാഹലം കൂട്ടിയിരിക്കുന്നു!! ഇതുപോലെതന്നെ അദ്ദേഹത്തിൻെറ

നിരീക്ഷണം വേണ്ടേടത്തെല്ലാം വേണ്ടപോലെതന്നെ എത്തീട്ടുണ്ടു്. നോക്കുക:—

"അനലശിഖകളുമനിലസുതഹൃദയവും തെളി-
ഞ്ഞാഹന്ത വിണ്ണുപദം ഗമിച്ചു തദാ
വിബുധപതിയോടു നിശിചരാലയം വെന്തോരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയൎന്നു ചെന്നു മുദാ".

രാമായണം കിളിപ്പാട്ടു്.

ഈ ഭാഗം മൂലത്തിലില്ലാത്തതാണു്. "ഉൽപ്ലു-ത്യോൽപ്ലുത്യ സംദീപ്തപുച്ഛോ നമഹാതാകപിഃ ദദാ-ഹലങ്കാമഖിലാം സാട്ടപ്രാസാദതോരണാം" എന്നു മാത്രം പറഞ്ഞവസാനിപ്പിക്കുകയാണു് മൂലകാരൻ ചെ-യ്യുന്നതു്. എന്നാൽ നമ്മുടെ മഹാകവി അതുകൊ-ണ്ടു തൃപ്തിപ്പെടുന്നില്ല; അദ്ദേഹം തന്റെ കവിതാകാ-മിനിയെ കമനീയമായ അലങ്കാരമണിയിക്കുവാൻ കിട്ടിയ ഒരൊന്നാന്തരം സന്ദൎഭത്തെ വെറുതെ കള-വാൻ തയ്യാറില്ല. ദേവേന്ദ്രൻ രാവണന്റെ ശത്രുവാ-ണല്ലോ. അനലൻ ദേവേന്ദ്രന്റെ ബന്ധുവുമാണു്. ഈ സ്ഥിതിക്കു് അനലൻ ചെയ്യുന്ന പ്രസ്തുതകൃത്യം അറി-യുന്നതിൽ ഇന്ദ്രനും അറിയിക്കുന്നതിൽ അനലനും വ-ളരെ സന്തോഷത്തിന്നു വകയുണ്ടു്. ഇതെല്ലാം കൂടി-യാലോചിച്ചാൽ മാത്രമേ മൂലഗ്രന്ഥകാരനെ വിട്ടു്

അദ്ദേഹം സ്വതന്ത്രമായിച്ചെയ്ത ഈ ഉൽപ്രേക്ഷയുടെ സ്വാരസ്യം മുഴുവനും വെളിപ്പെടുകയുള്ളൂ.

മൂലഗ്രന്ഥകാരൻെറ പല ന്യൂനതകളേയും അദ്ദേഹം സൂക്ഷ്മബുദ്ധ്യാ മനസ്സിലാക്കുകയും, തൻെറ ഗ്രന്ഥത്തിൽ അവ സംക്രമിക്കാതിരിപ്പാൻ കഴിയുന്നതും ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഒരുദാഹരണം കാണിക്കാം:—

"അഗ്രേ യാസ്യാമ്യഹം പശ്ചാ-
ത്ത്വമന്വേഹി ധനുർദ്ധരഃ
ആവയോർമ്മദ്ധ്യഗാ സീതാ
മായേവാത്മ പരാത്മനോഃ".

രാമായണം മൂലം.

"മുന്നിൽ നീ നടക്കേണം വഴിയെ വൈദേഹിയും
പിന്നാലെ ഞാനും നടന്നീടുവൻ ശതഭയം
ജീവാത്മാ പരമാത്മാക്കൾക്കു മദ്ധ്യസ്ഥയാകും
ദേവിയാം മഹാമായാ ശക്തിയെന്നതുപോലെ"

രാമായണം കിളിപ്പാട്ട്.

ഇതിൽ "അഗ്രേയാസ്യാമ്യഹം" എന്നതിന്ന് "മുന്നിൽ നീ നടക്കണ്ണ"മെന്നെഴുത്തച്ഛൻ തർജ്ജമ ചെയ്തുപോയെന്നും അതദ്ദേഹത്തിന്നു പററിയ ഒരബദ്ധമാണെന്നും പലരും പറയുന്നതു കേട്ടിട്ടുണ്ട്; ഇതത്ര ആലോചനാപൂർവ്വം പുറപ്പെടീച്ചിട്ടുള്ള അഭിപ്രായമാണെന്നു തോന്നുന്നില്ല. "ജീവാത്മപരമാത്മാക്കൾക്കു മദ്ധ്യത്തിൽ മായയെന്നപോലെ

ഞാൻ മുമ്പിലും നീ പിന്നിലും നമുക്കു രണ്ടാൾക്കും മദ്ധ്യത്തിൽ സീതയും നടക്കട്ടെ" എന്നു പറഞ്ഞാൽ മുറയ്ക്ക് ശ്രീരാമൻെറ പ്രതിബിംബം ജീവാത്മാവായും, ലക്ഷ്മണൻേറതു് പരമാത്മാവായുമാണല്ലോ കലാശിക്കുക. ഈ വൈചിത്ര്യഭംഗം കണ്ടതുകൊണ്ടുതന്നെയാണെഴുത്തച്ഛൻ "മുൻമ്പിൽ നീ നടക്കുന്ന"മെന്നെഴുതിയതെന്നു നിസ്സംശയം പറയാവുന്നതാണ്. ഇങ്ങിനെ സൂക്ഷ്മമായിപ്പരിശോധിച്ചാൽ അദ്ദേഹത്തിൻെറ കവനകലാസാമൎത്ഥ്യത്തിൻെറ പല ലക്ഷ്യങ്ങളും കാണ്മാൻ സാധിക്കുന്നതാണു'.

വിവൎത്തനഗ്രന്ഥങ്ങൾക്കു പ്രായേണ കണ്ടുവരാറുള്ള ശുഷ്കത അദ്ദേഹത്തിൻെറ കവിതയിൽ ഒരിക്കലും കാണുകയില്ല. സാധാരണതൎജ്ജമക്കാൎക്ക് ആശയപ്രകാശനസംരംഭംകൊണ്ടു്, രചന, പാകം മുതലായ കാൎയ്യങ്ങളിൽ അശേഷം ശ്രദ്ധിപ്പാൻ സാധിക്കാറില്ല. ഇതാണ് ആശയങ്ങളുണ്ടെങ്കിലും ഇവരുടെ കവിതാരീതി കേവലം ശുഷ്കമായിത്തോന്നുന്നതിനുള്ള പ്രധാനകാരണം. സ്വതന്ത്രതൎജ്ജമകൾ സ്വതന്ത്രകൃതികളെപ്പോലാകുവാൻ, വകതിരിവുള്ള ഒരു തൎജ്ജമക്കാരനു കഴിയും. ഇതിന്നു് എഴുത്തച്ഛൻെറ കവിതകൾ മിക്കവാറും ഉദാഹരിക്കാവുന്നതാണു്: നോക്കുക:—

"വിശ്വമോഹിനിയായോരഹല്യാരൂപം കണ്ടു
ദുശ്ച്യവനനും കുസുമായുധവശനായാൻ.
ചെന്തൊണ്ടി വായ്മലരും, പന്തൊക്കും മുലകളും,
ചന്തമേറിടും തുടക്കാമ്പു മാസ്വാദിപ്പതി-

ന്നെന്തൊരു കഴിവെന്നു ചിന്തിച്ചു ശതമഖൻ
ചെന്താർബാണാർത്തികൊണ്ടു സന്താപം മുഴുക്കയാൽ
സന്തതം മനക്കാമ്പിൽ സുന്ദരഗാത്രീരൂപം
ചിന്തിച്ചു ചിന്തിച്ചനംഗാന്ധനായ് വന്നാനല്ലോ".

*　　*　　*　　*

"മന്ദഹാസവും പൂണ്ടു രാഘവനതുകേട്ടു
മന്ദം മന്ദം പോയ് ചെന്നു നിന്നു കണ്ടിതു ചാപം;
ജ്വലിച്ച തേജസ്സോടു മെടുത്തു വേഗത്തോടെ
കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം.
നിറഞ്ഞുന്നനേര മിരേഴുലോകങ്ങളു-
മൊന്നു മാറ്റൊലികൊണ്ടു വിസ്മയപ്പെട്ടു ജനം.
പാട്ടുമാട്ടവും കൂത്തും പുഷ്പവൃഷ്ടിയുമോരോ
കൂട്ടമേ വാദ്യങ്ങളും മംഗലസ്തുതികളും
ദേവകളൊക്കെപ്പരമാനന്ദം പൂണ്ടു ദേവ-
ദേവനെസ്സേവിച്ചുയുമപ്സരസ്ത്രീകളെല്ലാം
ഉത്സാഹം കൈക്കൊണ്ടു വിശേഷശരനുടെ വിവാ-
ഹോത്സവാരംഭഘോഷം കൊണ്ടു കൌതുകം പൂണ്ടാർ

*　　*　　*

ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടളൂം
കൌതുകമുണ്ടായ്വന്നു ചേതസി കൌശികനും.

മൈഥിലിതന്നെപ്പരിചാരികമാരും നിജ-
മാതാക്കന്മാരും കൂടി നന്നായിച്ചമയിച്ചാർ.
സ്വൎണ്ണവൎണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വൎണ്ണഭൂഷണങ്ങളു മണിഞ്ഞു ശോഭയോടെ
സ്വൎണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദ-
മബ്ജോജനേത്രൻമുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോൽപ്പല മാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാൎത്ഥമാലയുമിട്ടീടിനാൾ
മാലയും ധരിച്ചുനീലോല്പലകാന്തിതേടും
ബാലകൻ ശ്രീരാമനു മേററവും വിളങ്ങിനാൻ".

അദ്ധ്യാത്മരാമായണം.

നമുക്ക് ഈ വക ഭാഗങ്ങൾ വായിക്കുമ്പോൾ ഇതു തൎജ്ജമയാണെന്നുതന്നെ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല; അത്രയും അനൎഗ്ഗളമായ സരസ്വതീപ്രവാഹമാണിവയിൽ കാണുന്നതു്. നമ്മുടെ വിവൎത്തകന്മാർ മഹാകവിയുടെ രീതിയെ അനുകരിക്കുയാണെങ്കിൽ അതു മലയാളഭാഷക്കു് എന്തുമാത്രം അനുഗ്രഹമാകുമായിരുന്നു.

—o—

## അഞ്ചാം അദ്ധ്യായം.

---

### എഴുത്തച്ഛൻെറ ഗ്രന്ഥങ്ങൾ.

എഴുത്തച്ഛൻ മലയാളഭാഷക്കു ചെയ്തിട്ടുള്ള ഗുണങ്ങളുടേയും അദ്ദേഹം നടപ്പാക്കിയ പ്രസ്ഥാനങ്ങളുടേ-

യും എതാണ്ടൊരു സ്വരൂപനിരൂപണം കഴിഞ്ഞ അദ്ധ്യായങ്ങളിൽ ചെയ്തുകഴിഞ്ഞിട്ടുണ്ടല്ലോ. ഈ അദ്ധ്യായത്തിൽ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളുടെ ലഘുവായ ഒരു സ്വരൂപവിവരണം ചെയ്യാനാണു പോകുന്നതു്.

അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ ചിലതു ഗുണപൌഷ്കല്യം കുറഞ്ഞവയും, ചിലതു ലോകാതിഗമായ സാഹിത്യസൌരഭ്യം നിറഞ്ഞവയുമാണു്. ഒരു കവിയുടെ പ്രായം, പാണ്ഡിത്യം, പരിചയം എന്നിവ വൎദ്ധിക്കുന്നതിന്നനുസരിച്ചു് അയാളുടെ കാവ്യങ്ങൾക്കുള്ള മാഹാത്മ്യവും വൎദ്ധിച്ചുവരുന്നതായിക്കാണാം. വിഷയങ്ങളുടെ മാഹാത്മ്യവും, കവിക്കു് അവയോടുള്ള ബന്ധവും കാവ്യങ്ങളുടെ ഉച്ചനീചത്വങ്ങൾക്കു കാരണങ്ങളായി വരാം. "മാളവികാഗ്നിമിത്ര"വും "വിക്രമോൎവ്വശീയ"വും എഴുതിയ കാളിദാസൻതന്നെയാണു് "അഭിജ്ഞാനശാകുന്തള"വും എഴുതിയതു്; "മാലതീമാധവ"വും "ഉത്തരരാമചരിത"വും "ഭവഭൂതി"യുടെ കൃതികൾ തന്നെയാണു്; പക്ഷെ ശാകുന്തളത്തിൻെറയോ ഉത്തരരാമചരിതത്തിൻെറയോ അടുത്തു നില്ക്കുന്നതിന്നു ഈ കവികളുടെ മററു ഗ്രന്ഥങ്ങൾക്കു ശക്തിയുണ്ടോ എന്ന കാൎയ്യം വളരെ സംശയമാണു്. ഇതുപോലെത്തന്നെ മഹാകവി എഴുത്തച്ഛൻെറ ഗ്രന്ഥങ്ങൾക്കും പരസ്പരം വലിയ വ്യത്യാസം കാണുന്നുണ്ടു്. ഈ വ്യത്യാസത്തെ അടിസ്ഥാനമാക്കി ഗുണം കുറഞ്ഞ കൃതികൾ അദ്ദേഹത്തിൻേറതല്ലെന്നു ചിലർ വാദിക്കു-

ണത്തു് അസ്ഥാനത്തിലാണെന്നു പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റേതെന്നു തോന്നുന്ന ഗ്രന്ഥങ്ങളുടെ സ്വരൂപം താഴെ വിവരിക്കാം:—

## 1. ഹരിനാമകീൎത്തനം.

ഇതിന്റെ പേരുകൊണ്ടുതന്നെ നാമസങ്കീൎത്തനം ചെയ്തുകൊണ്ടുള്ള ഒരു വൈഷ്ണവസ്തവമാണിതെന്നു മനസ്സിലാക്കാമല്ലോ. ഇതിലെ ഓരോ പദ്യങ്ങളും അകാരാദ്യക്ഷരങ്ങൾകൊണ്ടാരംഭിച്ചു, "ഹരിനാരായണായ നമഃ" എന്ന "പല്ലവി"യിൽ പൎയ്യവസാനിക്കുന്നു. "ആദ്യക്ഷരത്തിലുളവായോന്നിതൊക്കയുമി, താദ്യക്ഷരത്തിലിതടങ്ങുന്നതും കരുതി, ആദ്യക്ഷരം ലിപിയിലോരോന്നെടുത്തു പരികീൎത്തിപ്പതിന്നരുൾക! നാരായണായനമഃ" എന്നു കവി മുഖവുരയായിപ്പറഞ്ഞിരിക്കുന്നു. ഹൈന്ദവമതഗ്രന്ഥങ്ങളായ വേദേതിഹാസാദികൾക്ക് അധികാരിഭേദമുണ്ടെന്നു പൊതുവിൽ ഒരഭിപ്രായമുണ്ടല്ലോ; എന്നാൽ ഈ ചെറിയ നാമസങ്കീൎത്തനം പൊതുജനങ്ങൾക്ക പരക്കെ ഉപയോഗത്തിന്നുവേണ്ടിയുണ്ടാക്കീട്ടുള്ളതാണ്. അദ്ദേഹം പറയുന്നു:—

"ഇതുവായപെണ്ണിനുമിരപ്പോനും ദാഹകനും
പതിതനുമഗ്നിയജനം ചെയ്ത ഭൂസുരനും
'ഹരിനാമകീൎത്തന'മിതൊരുനാളുമാൎക്കുമുട-
നരുതാത്തതല്ല ഹരിനാരായണായ നമഃ"

എഴുത്തച്ഛന്റെ പ്രവൃത്തികൾ എപ്പോഴും പണ്ഡിതന്മാരെ ഉദ്ദേശിച്ചല്ല; അദ്ദേഹം അജ്ഞാനതിമിരാന്ധ-

ന്മാരായ സാധുക്കളെ സന്മാർഗ്ഗത്തിലേക്കു നയിപ്പാനായാണു സകലകൃതികളും നിർമ്മിച്ചിട്ടുള്ളതു്. ഈ സംഗതി പ്രകൃതഗ്രന്ഥത്തിലും തെളിഞ്ഞു കാണുന്നുണ്ടു്. ഗഹനങ്ങളായ വേദാന്തതത്വങ്ങളും, ലളിതങ്ങളായ പുരാണകഥകളും ഇതിൽ അങ്ങുമിങ്ങും സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്താവിക്കത്തക്കവണ്ണം ഗണ്യമായ കവിതാഭംഗിയൊന്നും ഇതിൽ കാണുന്നില്ല; എന്നാൽ സുകുമാരമായ ഒരു സാഹിത്യസൌന്ദൎയ്യം ഇതിന്നില്ലാതില്ലയുമില്ല. താഴെ കാണുന്ന വരികൾ നോക്കിയാൽ ഇതു ബോദ്ധ്യപ്പെടും:—

"ഏകാന്തയോഗികളിലാകാംക്ഷകൊണ്ടുപര
മേകാന്തമെന്നവഴിപോകുന്നിതെന്മനവും
കാകൻപറന്നുപുനരന്നങ്ങൾപോയവഴി
പോകുന്നപോലെ ഹരിനാരായണായനമഃ"

ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ ഒരു ബാല്യകാലകൃതിയായിരിക്കണം.

## 2. ദേവീമാഹാത്മ്യം.

സംസ്കൃതത്തിൽനിന്നു കിളിപ്പാട്ടുരീതിയിൽ തൎജ്ജമ ചെയ്കതും, പതിമൂന്നദ്ധ്യായങ്ങൾ അടങ്ങിയതും, ദേവിയുടെ അപദാനങ്ങൾ കീൎത്തിക്കുന്നതുമായ ഒരു വിശിഷ്ടഗ്രന്ഥമാണിതു്. ഭാഷയുടെ സ്വഭാവംകൊണ്ടു് ഇതു് എഴുത്തച്ഛന്റെ ഒരാദ്യകാലകൃതിയായിരിപ്പാൻ തരമില്ലെന്നു തോന്നുന്നു.

## 3. ഇരുപത്തിനാലുവൃത്തം.

(രാമായണം)

---

പലതരം ദ്രാവിഡവൃത്തങ്ങളിലായി ഇരുപത്തിനാലു സർഗ്ഗങ്ങളുടങ്ങിയതാണു് ഈ കാവ്യം. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യമാണിതെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇതിലെ "വൃത്ത"ശബ്ദം "സർഗ്ഗ"മെന്നതിൻെറ പര്യായമായി വിചാരിക്കാം. ഈ സമ്പ്രദായം തമിഴിലെ "വിരുത്ത"ങ്ങളിൽനിന്നു സ്വീകരിച്ചതായിരിക്കണം. ഓരോ പദ്യങ്ങളും "ഹരിരാമ" "ശിവശംഭോ" "ശ്രീരാമ രാമ" എന്നു തുടങ്ങിയുള്ള ഈശ്വര നാമങ്ങളിലാണവ സ്ഥാനിച്ചിരിക്കുന്നതു്. ഇതു് "വാത്മീകിരാമായണ"ത്തെ ആസ്പദമാക്കി രചിച്ച ഒരു സ്വതന്ത്രകാവ്യമാണെന്നു പറയാം കവിയുടെ ഒരു ആദ്യകാലകൃതിയാണിതെന്നു തോന്നുന്നു. ചിലേടത്തു സംസ്കൃതപ്രചുരമായ ഭാഷയാണു കാണുന്നതു്. "മേപ്പത്തൂ"രിൻെറ കവിതയാണു പ്രസ്തുതകാവ്യമെന്നു ചിലർ അഭിപ്രായപ്പെട്ടുകാണുന്നു; ഇതിന്നടിസ്ഥാനം എന്താണെന്നറിഞ്ഞുകൂട. പണ്ഡിതരാജനായ ഭട്ടതിരിയുടെ സാഹിത്യരീതിയുമായി പരിചയമുള്ളവർക്കു് ഈ സംഗതി സമ്മതിക്കുന്നതിൽ വളരെ വൈമനസ്യമുണ്ടാകും. എഴുത്തച്ഛൻെറ കവിതാകുസുമത്തിൻെറ പ്രഫുല്ലസ്വരൂപം ഇതിൽ കാണുന്നില്ലെങ്കിലും, അതിൻെറ മുകുളിതാവസ്ഥ അങ്ങുമിങ്ങും നിഴലിച്ചു കാണുന്നുണ്ടു്.

## 4. ചിന്താരത്നം.

അതിഗഹനങ്ങളായ വേദാന്തരഹസ്യങ്ങളാണു പ്രകൃതഗ്രന്ഥത്തിൽ ക്രോഡീകരിച്ചിരിക്കുന്നതു്. വാസ്തവമായും ഇതൊരു "ചിന്താരത്നം" തന്നെയാണു്. എഴുത്തച്ഛൻ ഇതു് തന്റെ മകൾക്കുപദേശിച്ചതാണെന്നാണു് ഐതിഹ്യം. സുകുമാരമതികളായ സ്ത്രീകൾക്കു വേണ്ടിയാണു പ്രകൃതഗ്രന്ഥം നിർമ്മിച്ചതെന്നദ്ദേഹം തന്നെ പറയുന്നുണ്ടു്. നോക്കുക:—

"ഭാഷയെന്നോർത്തു നിന്ദാഭാവത്തെത്തേടീടൊലാ
കാവ്യനാടകാദികൾ ധരിച്ച മഹാജനം
യോഷമാർക്കറിവാനായ്ക്കൊണ്ടു ഞാൻ ചുരുക്കമായ്
ഭാഷയായുരചെയ്തേൻ ക്ഷമിക്ക സമസ്തരും
ചിന്തിക്കുംതോറും സാരമുണ്ടിതിലതുമൂലം
'ചിന്താരത്ന'മെന്നു പേരിടുന്നു ഭക്തിയോടെ"

വേദാന്തവിഷയകമായി ഇത്ര മനോഹരവും ഉൽകൃഷ്ടവും ലളിതവുമായ മറ്റൊരു ഗ്രന്ഥം മലയാളഭാഷയിലില്ലെന്നുതന്നെ പറയാം. സാധാരണവേദാന്തഗ്രന്ഥങ്ങൾക്കു കണ്ടുവരാറുള്ള ശുഷ്കത ഈ ഗ്രന്ഥത്തിന്നു തീരെ ഇല്ല. എത്രതന്നെ ഗഹനങ്ങളായ വിഷയങ്ങളായാലും, രാമാനുജപ്പൈങ്കിളി എടുത്തു പാടുമ്പോൾ അവ സുന്ദരങ്ങളും ലളിതങ്ങളുമാകുന്നു! തത്വജ്ഞാനത്തിൽ തൃഷ്ണയൊ സാഹിത്യരസാസ്വാദത്തിൽ താല്പര്യമൊ ഉള്ള ഏതൊരു കേരളീയനും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണിതെന്നുമാത്രം ചുരുക്കത്തിൽ പറ-

വാനേ ഇവിടെ നിർവ്വാഹമുള്ളൂ. "വള്ളത്തോൾ" കവികോകിലം, മഹാകവിയെ അഭിസംബോധനം ചെയ്തിങ്ങിനെ പാടിയിരിയ്ക്കുന്നു:—

"വൈരാഗ്യാമൃതരസം വഹിയ്ക്കും ഭവച്ചിത്ത-
ക്ഷീരസിന്ധുവിൽനിന്നു സംഭൃതം 'ചിന്താരത്നം'
കൈരളീസാഹിത്യത്തിൻ നെഞ്ചിലായ് വിളങ്ങുന്നു
കൈടഭാന്തകൻ തങ്കൽ കൌസ്തുഭരത്നംപോലെ"

## 5. കൈവല്യനവനീതം.

---

ഇതു "ചിന്താരത്ന"ത്തിന്റെ സഹോദരസ്ഥാനത്തിന്നു സർവ്വഥാ അർഹമായ ഒരു ചെറുകിളിപ്പാട്ടാണ്. തമിഴിൽ ഈ പേരിൽത്തന്നെ സാമാന്യം വലിയ ഒരു പുസ്തകമുണ്ട്. ആവാപോദ്വാപങ്ങൾ ചെയ്തിട്ടുള്ള അതിന്റെ ഒരു തർജ്ജമയാണീഗ്രന്ഥം. അനർഘമായ പ്രസ്തരത്നത്തിന്റെ മാഹാത്മ്യം മിക്ക കേരളീയരും ധരിയ്ക്കാതെയാണിരിയ്ക്കുന്നതെന്നു തോന്നുന്നു. ഇതിൽ ചിലേടത്തു മൂലത്തിന്റെ വളരെ ശരിയായ തർജ്ജമതന്നെ കാണുന്നുണ്ട്. നോക്കുക:—

പടർന്ത വേതാന്തമെന്നും പാക്കടൽമൊണ്ടു മുന്നൂർ-
ക്കടങ്കളിനിറൈത്തുവൈത്താർ കുരവർകളെല്ലാംകാച്ചി
ക്കടൈന്തെടുത്തളിത്തേനിന്ത 'കൈവല്യനവനീത
ത്തൈ'
അടൈന്തവർ വിടയമണ്ടിന്റ ലൈലവരൊ പചിയി
ലാരെ'
(കൈവല്യനവനീതം, മൂലം)

"പരന്ന വേദാന്തമാം പാല്ക്കടലിൽനിന്നു കോരി
നിറച്ച ശാസ്ത്രങ്ങളാം കുടങ്ങൾ നിറച്ചെങ്ങും
പരിചിൽ പാനം ചെയ്തുകൊള്ളുവാൻ വെച്ചുമന്നം
പരമകൃപാലുക്കളാകിയ ഗുരുക്കന്മാർ
അതിനെ കാച്ചിക്കടഞ്ഞെടുത്തു തന്നീടുന്ന
മധുരതരമായ 'കൈവല്യനവനീതം'
അതിഭാഗ്യത്താലിതു ലഭിച്ചു പശ്ചില്ലാത്താ-
രധമർ വിഷയമാന്നതിനാൽ വലയാതെ"

(കൈവല്യനവനീതം, തർജ്ജമ)

## 6. അദ്ധ്യാത്മരാമായണം.

——

ഈ ഗ്രന്ഥം എഴുത്തച്ഛന്റെ കൃതികളിലെന്നല്ല, മലയാളസാഹിത്യത്തിലെ മറേറതു ഗ്രന്ഥത്തേക്കാളും മലയാളികളുടെ ഇടയിൽ പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരുൽകൃഷ്ടഗ്രന്ഥമാണു്. കുടിൽ തൊട്ടു കൊട്ടാരം വരെയുള്ള സകല ഭവനങ്ങളിലും നിത്യപാരായണം ചെയ്യപ്പെടുന്ന ഒന്നാണിതു്. ഭക്തിരസപ്രധാനമായ പ്രസ്തുതപുസ്തകം കേരളീയരുടെ ഹൃദയത്തെ അത്രമേൽ ആകർഷിച്ചിരിക്കുന്നു. കവനലക്ഷ്മിയുടെ കേളീരംഗമായ "വാത്മീകിരാമായണ"മിരിക്കെ ഈ ഗ്രന്ഥം തർജ്ജമചെയ്യാൻ പുറപ്പെടുന്നതിനു മഹാകവിയെ പ്രേരിപ്പിച്ചതു്, അദ്ദേഹത്തിന്റെ ഭക്തിരസത്തിലുള്ള അത്യാസക്തിയായിരിക്കണം. ഈ വിഷയത്തെക്കുറിച്ചു് ഐ-

തിഹാസികന്മാരുടെ ഇടയിൽനിന്നു് ഒരു കഥകൂടി കേട്ടിട്ടുള്ളതു താഴെ ചേർക്കുന്നു.—

"അദ്ധ്യാത്മരാമായണം മൂലം എഴുതിയ ആൾ തന്റെ ഗ്രന്ഥത്തിനു പ്രചാരം കിട്ടാതെ നൈരാശ്യനിഹതനായി സഞ്ചരിക്കുമ്പോൾ ഒരു ദിവസം ഒരു ഗന്ധർവ്വനെ കണ്ടെത്തി. കവിയുടെ വ്യസനം കണ്ടു് ഉള്ളഴിഞ്ഞ ആ ഗന്ധർവ്വൻ വേഷച്ഛന്നനായി നടന്നിരുന്ന ഒരു ബ്രാഹ്മണനെ ചൂണ്ടിക്കാണിച്ചുകൊടുത്തു്, അദ്ദേഹത്തോടപേക്ഷിച്ചാൽ കാൎയ്യസാദ്ധ്യം വരുമെന്നുപദേശിച്ചു. അതുപ്രകാരം പ്രവർത്തിച്ചതിനാൽ ഗ്രന്ഥത്തിനു പ്രചാരവും കിട്ടി. വേഷച്ഛന്നനായി നടന്നിരുന്ന ബ്രാഹ്മണൻ "വ്യാസമഹർഷി"യായിരുന്നു. അദ്ദേഹം അജ്ഞാതവേഷനായി സഞ്ചരിച്ചിരുന്ന തന്നെ ചൂണ്ടിക്കാണിച്ചു കൊടുത്ത കുററത്തിന്നു് ഗന്ധർവ്വനെ "നീ ശൂദ്രനായി ജനിക്കട്ടെ" എന്നു ശപിച്ചു; ശപ്തനായ ഗന്ധർവ്വൻ മർത്ത്യാവതാരമെടുത്തു "തുഞ്ചത്തെഴുത്തച്ഛ"നെന്നപേരിൽ പ്രസിദ്ധനാകയും ചെയ്തു."

എഴുത്തച്ഛനു മററു രാമായണങ്ങളെല്ലാമിരിക്കെ "അദ്ധ്യാത്മരാമായണ"ത്തോടത്യധികം പ്രതിപത്തി തോന്നുന്നതിന്നും, അതുതന്നെ തർജ്ജമചെയ്യാനെടുത്തതിന്നും കാരണം ഇതാണത്രെ!

"വാത്മീകിരാമായണം" കവനകലാപ്രധാനവും "അദ്ധ്യാത്മരാമായണം" ഭക്തിരസപ്രധാനവുമാണു്. വാത്മീകിരാമായണത്തിൽ ശ്രീരാമനെ മാതൃകാദ്ഭുത-

നായ ഒരു ഉത്തമരാജാവായിട്ടും, അദ്ധ്യാത്മരാമായണത്തിൽ അദ്ദേഹത്തെ വിഷ്ണുവിൻെറ ഒരവതാരമായുമാണു വർണ്ണിച്ചിരിക്കുന്നതു്. ഈ ഗ്രന്ഥങ്ങൾക്കു തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ ഇവയാണു്.

വാത്മീകിരാമായണത്തെപ്പോലെ ഇതു ഏഴുകാണ്ഡങ്ങളായിത്തന്നെ വിഭജിക്കപ്പെട്ടിരിക്കുന്നു. ഭാഷാസ്വരൂപം പരിശോധിക്കുമ്പോൾ ഇതു് എഴുത്തച്ഛൻെറ മദ്ധ്യകാലത്തെ കവിതയാണെന്നു പറയേണ്ടിവരും. മിക്കവാറും മൂലത്തോടടുത്ത തർജ്ജമതന്നെയാണിതിൽ കാണുന്നതു്; എന്നാൽ ആവശ്യമുള്ളേടത്തു സ്വാതന്ത്ര്യം ധാരാളമെടുത്തിട്ടുമുണ്ടു്.

## 7. മഹാഭാരതം.

---

ഒരു ലക്ഷത്തിരുപതിനായിരം പദ്യങ്ങളടങ്ങിയതും, ലോകോത്തരഗുണോത്തരവുമായ ഒരു മഹാഗ്രന്ഥമാണു് സംസ്കൃതത്തിലുള്ള സാക്ഷാൽ "മഹാഭാരതം." എഴുത്തച്ഛൻെറ മഹാഭാരതം ഇതിൻെറ തർജ്ജമയല്ല. മഹാകവി "ക്ഷേമേന്ദ്ര"ൻെറ "ഭാരതമഞ്ജരി"യുടെ തർജ്ജമയാണെന്നു ചിലർ ഊഹിക്കുന്നുണ്ടു്; എന്നാൽ ആ അഭിപ്രായവും ശരിയാണെന്നു പറവാൻ നിവൃത്തിയില്ല. ഇതെഴുതുന്ന ആൾ ഈ രണ്ടു ഗ്രന്ഥങ്ങളും പരസ്പരം തട്ടിച്ചു വായിച്ചുനോക്കുകയുണ്ടായി. തർജ്ജമയാണെന്നു പറവാൻ നിവൃത്തിയില്ലാത്തവിധം അവ തമ്മിൽ അത്രയധികം ഭേദിച്ചിരിക്കുന്നു. ഇതദ്ദേഹം മഹാഭാരതം ഗ്രന്ഥത്തെ ആസ്പദമാക്കി രചിച്ച ഒരു സ്വ-

തന്ത്രകൃതിയാണെന്നു വേണം പറവാൻ. എഴുത്തച്ഛ-
ന്റെ ഒന്നാംതരം കൃതികളിൽ ഒന്നാംകിടയിൽ നിൽ-
ക്കുന്ന ഒരു ഗ്രന്ഥമാണിതെന്നു പറഞ്ഞാൽ ഇതിന്റെ
മാഹാത്മ്യം എത്രത്തോളമുണ്ടെന്നു സ്പഷ്ടമായി. മുഗ്ദ്ധ-
യായ കവിതാകാമിനിയുടെ വിലജ്ജിതസ്വരൂപമല്ല
പ്രസ്തുതസാഹിത്യമുകുരത്തിൽ പ്രതിബിംബിച്ചു കാ-
ണുന്നത്; "സ്വയമേവാഗതയായി" മഹാകവിയെ ക-
ണ്ഠാശ്ലേഷംചെയ്യുന്ന പ്രൌഢയായ കവിതാംഗനയുടെ
വിലോഭനീയമായ ദിവ്യസൌന്ദര്യമാണിതിൽ പ്രകാ-
ശിക്കുന്നത്. പ്രാചീനഭാരതത്തിന്റെ സാമുദായിക-
സ്ഥിതിയെപ്പററിയും, സംസ്കാരപരിഷ്കാരങ്ങളെ കുറി-
ച്ചും അറിയുവാൻ മോഹമുള്ളവർക്കും ആർഷസാഹിത്യ-
ത്തിന്റെ അത്യുൽബണമായ അകൃത്രിമാനന്ദം അനുഭ-
വിക്കണമെന്നാഗ്രഹമുള്ളവർക്കും ഇങ്ങിനത്തെ മറെറാരു
ദിവ്യഗ്രന്ഥം കിട്ടുവാൻ പ്രയാസമാണ്. അത്രയും കമ-
നീയവും സർവ്വഗുണസമ്പന്നവുമാണീഗ്രന്ഥം!

എഴുത്തച്ഛന്റേതല്ലാത്ത പല ഗ്രന്ഥങ്ങളുടേയും
കർത്തൃത്വം ഇപ്പോൾ അദ്ദേഹത്തിൽ ആരോപിക്കപ്പെ-
ട്ടു കാണുന്നുണ്ട്. സംസ്കൃതസാഹിത്യത്തിൽ കാളിദാസ-
ന്റെയും മലയാളസാഹിത്യത്തിൽ എഴുത്തച്ഛന്റെയും
മേൽ അജ്ഞാതകർത്തൃകങ്ങളായ അനേകം ഗ്രന്ഥങ്ങ-
ളുടെ കർത്തൃത്വം ചുമത്തിയിരിക്കുന്നു! ഇതിന്നു പല
കാരണങ്ങളുമുണ്ടാവാം: ചില മഹാകവികളുടെ ശിഷ്യ-
ന്മാർ ഗ്രന്ഥങ്ങൾ നിർമ്മിച്ച് തങ്ങളുടെ ഗുരുക്കന്മാരുടെ
പേരിൽ പ്രസിദ്ധപ്പെടുത്തുന്ന പതിവു പണ്ടുണ്ടായി-

രുന്നു. ശിഷ്യന്മാൎക്ക് ഗുരുവിഷയകമായുള്ള ഭക്തി പ്രദൎശിപ്പാനാണിങ്ങിനെ ചെയ്തിരുന്നത്. അപ്രസിദ്ധന്മാരായ കവികൾ പ്രസിദ്ധകവികളുടെ ആരുടെയെങ്കിലുമാണെന്നും പറഞ്ഞു്, അവനവൻെറ പുസ്തകങ്ങൾ പ്രചരിപ്പിച്ച് ആ നിലയിൽ അവയേപറ്റി പൊതുജനങ്ങൾക്കുള്ള അഭിപ്രായം അറിവാൻ ശ്രമിക്കുന്നതും അന്നു് അസാധാരണയായിരുന്നില്ല; ഈ വഴിക്കെല്ലാംആയിരിക്കണം തെററിദ്ധാരണകൾക്കിട വന്നിട്ടുള്ളതു്. അജ്ഞാതകൎത്തൃകങ്ങളായ ചില കൃതികളുടെ ഗുണപൌഷ്കല്യം അവ ഏതെങ്കിലും പ്രസിദ്ധമഹാകവികളിൽ ചുമത്തുവാൻ ജനാവലിയെ പ്രേരിപ്പിച്ചിട്ടുമുണ്ടാവാം. എഴുത്തച്ഛനിൽ കൎത്തൃത്വം ചുമത്തപ്പെട്ടിട്ടുള്ള ചില ഗ്രന്ഥങ്ങളിൽ ഒന്നു "ശിവപുരാണ"മാണു്.

## ശിവപുരാണം.

ഇതു് എഴുത്തച്ഛൻെറ കവിതയാണെന്നു മിസ്റ്റർ. ഗോവിന്ദപ്പിള്ള തൻെറ "ഭാഷാചരിത്ര"ത്തിൽപ്രസ്താവിക്കുകയും, അതിനെ അനുസരിച്ച പലരും ഈ അഭിപ്രായത്തെത്തന്നെ തുടരുകയും ചെയ്തിട്ടുണ്ടു്. പിള്ളയവർകളെ ഇങ്ങിനെ പറവാൻ പ്രേരിപ്പിച്ചതു് ഇതിലെ കവിതാഗുണമാണെന്നു തോന്നുന്നു. പക്ഷെ കവിതാഗുണംകൊണ്ടു മാത്രം ഈ അഭിപ്രായത്തെ സാധൂകരിപ്പാൻ സാധിക്കുമൊ എന്നു സംശയിക്കുന്നു. കുഞ്ചൻ നമ്പിയാരാണിതിൻെറ കൎത്താവെന്നുള്ളതിന്നു പലേ തെളിവുകളുമുണ്ടു്. അവയിൽ ചിലതു താഴെ

കാണിയ്ക്കാം:—

(൧) എഴുത്തച്ഛൻ മറ്റൊരേടത്തും ഉപയോഗിച്ചിട്ടില്ലാത്ത വൃത്തബന്ധം ശിവപുരാണത്തിൽ കാണുന്നുണ്ട്; നമ്പിയാക്കിതു ചിരപരിചിതമാണുതാനും. നോക്കുക:—

"കാമവൈരി ഭഗവാൻെറ കഥകേട്ടു രസിയ്ക്കുന്ന
മാമുനിമാരരുൾചെയ്തു മാനസത്തിൽ കനിവോടെ"

ഭസ്മമാഹാത്മ്യം

"സംഗമെന്നാൽ ശരീരം കൊണ്ടെന്നുമാത്രം ഗ്രഹി
(യ്ക്കേണ്ട
സംഗമം മാനസം കൊണ്ടും ശർമ്മുണ്ടാകുവാൻ പാത്രം"

ഉമേശാനവ്രതം

ഈ വൃത്തങ്ങൾ നമ്പിയാരുടെ പല തുള്ളലുകളിലും പ്രയോഗിച്ചിട്ടുണ്ടെന്നു തുള്ളൽസാഹിത്യവുമായി പരിചയിച്ചിട്ടുള്ളവരോടു പറയേണ്ടതില്ലല്ലൊ.

(൨) എഴുത്തച്ഛൻെറ പാട്ടുകളെല്ലാം കിളിയേക്കൊണ്ടു പാടിയ്ക്കുകയാണു പതിവു്. ആ പ്രസ്ഥാനവും ഇതിൽ അനുകരിച്ചിട്ടില്ല. സ്വതന്ത്രനായ നമ്പിയാർ മറ്റൊരാളെ അനുകരിയ്ക്കുന്ന സമ്പ്രദായം കണ്ടിട്ടുമില്ല.

(൩) ഭക്താവതംസമായ എഴുത്തച്ഛൻ ഈശ്വരാപദാനങ്ങൾ കീർത്തിപ്പാനല്ലാതെ, നരസ്തുതി ചെയ്വാൻ തൻെറ കവിതാദേവിയെ സമ്മതിയ്ക്കാറില്ല. "ആർത്താർത്തനോദാരശീലനാമയ്യപ്പ മാർത്താണ്ഡമന്ത്രി നിജസ്വാമിശാസനാൽ" എന്നീവിധത്തിൽ നമ്പിയാർ പലേടത്തും നരസ്തുതിചെയ്തുകാണുന്നുണ്ടു്. ശിവപുരാണത്തിൽ

ചിലേടത്തു് അതിയായി മർത്ത്യസ്തവം ചെയ്തിരിക്കുന്നു. "മേനക്രോധനാഥാനുജൻ ബാലരാമൻ മനോജ്ഞസത്രപൻ ജയിക്കേണമെന്നും" "നെല്ലൂസൌഭാഗ്യവാനാകം നായകൻ നാരിമാർക്കിഷ്ടൻ" എന്നീവിധത്തിലുള്ള സ്തവങ്ങൾ "ചെമ്പകശ്ശേരി" മുതലായ രാജധാനികളിൽ ചിരപരിചയമുണ്ടാവാനിട വന്നിട്ടുകൂടി രാജസ്തോത്രം പരിചയിച്ചിട്ടില്ലാത്ത മഹാകവി ചെയ്തതാണെന്നു് എങ്ങിനെ അനുമാനിക്കാം?

ഇനി "ശിവപുരാണ"ത്തിലെ ചില ഭാഗങ്ങൾക്കും നമ്പിയാരുടെ കവിതാരീതിക്കും തമ്മിൽക്കാണുന്ന ഐക്യത്തെക്കൂടി ചൂണ്ടിക്കാണിക്കാം. വിധവയായ ഒരു സ്ത്രീക്കു് ഗർഭമുണ്ടായതുനിമിത്തം ബ്രഹ്മജനങ്ങൾ അവളെ ശാസിക്കുന്ന ഭാഗമാണിതു്:—

"കുലസ്ത്രീകൾക്കടുക്കാത്ത ഖലത്വം വ്യാപരിക്കുന്ന
-കുലടേ, കുത്സിതേ, മൂഢേ ദുഷ്ടശീലേ, ദുരാചാരേ,
കുലത്തിൽക്കൂടുമേ, നീയേ നടക്കാംകൈകെവെടി
ഞ്ഞോരേ
ഖലന്മാരിൽ ഗമിക്കുന്ന പാപശീലേ നടന്നാലും
പിടിച്ചുവിൽക്കയുംവേണം ഗൃഹസ്ഥനെന്തിളക്കാത്തൂ?
അടിച്ചു പൽ കൊഴിക്കേണം ചെവി ചെത്തി-
ട്ടയക്കേണം
മുടിയൊക്കെച്ചിരച്ചഞ്ഞും കുടമ്മ വെച്ചയക്കേണം
മുടിപ്പാനിങ്ങിനെ വന്നു പിറന്നുള്ള സപത്രപത്തെ
* * * *
പിടിപ്പിൻ! ശൂദ്രരെ, നന്നായടിപ്പിൻ മദ്യമാംസങ്ങൾ

കൊട്ടപ്പിൻ നിങ്ങൾ * * * * ”

ഈ ഭാഗങ്ങൾ നമ്പിയാരുടെതായിരിപ്പാൻ വഴിയുണ്ടെന്നു് അദ്ദേഹത്തിൻെറ സാഹിത്യത്തിൽ പരിചയമുള്ളവരോടു പറയണമെന്നില്ല. ഇനിയും നോക്കുക:—

“ജ്യോതിഷക്കാരനും മന്ത്രവാദിക്കുമ-
ച്ചാതുര്യമേറുന്ന വൈദ്യനും വേശ്യക്കും
ഏതുംമടിക്കാതെ വേണ്ടതു നൽകുവാൻ
ഭൂതലസ്വാമികൾക്കില്ലൊരു സംശയം!
മററുള്ള ശാസ്ത്രങ്ങളെല്ലാം പണിപ്പെട്ടു
പഠിച്ചുകൊണ്ടു നടക്കുന്ന ഭോഷനു
കൊററുമാത്രം പോലുമെങ്ങും കഴിവരാ.”

ശിവപുരാണം

“ജ്യോതിഷക്കാരനും മന്ത്രവാദിക്കുമ-
ച്ചാതുര്യമേറുന്ന വൈദ്യനും വേശ്യക്കും
ഏതും മടിക്കാതെ വേണ്ടതു നൽകുവാൻ
ഭൂതലവാസികൾക്കില്ലൊരു സംശയം!
മററുള്ള ശാസ്ത്രങ്ങളെല്ലാം പണിപ്പെട്ടു
പഠിച്ചുകൊണ്ടു നടക്കുന്ന ഭോഷനു
കൊററുമാത്രം പോലുമെങ്ങും കഴിവരാ”

ഹരിണീസ്വയംവരം, തുള്ളൽ

ഇതിൽ അധോരേഖാങ്കിതമായ വാക്കുകൾക്കു മാത്രമേ വ്യത്യാസമുള്ളു. ഇങ്ങിനെത്തെ ഭാഗങ്ങൾ ഇനിയും ഉദ്ധരിച്ചു കാണിപ്പാനുണ്ടു്; പക്ഷെ ഗ്രന്ഥവിസ്തരഭയംനിമിത്തം അവയെ ഇവിടെ ഉപേക്ഷിക്കയാണു ചെയ്യുന്നതു്. നമ്പിയാർ എഴുത്തച്ഛൻെറ കവിത വളരെ

ര ശ്രദ്ധിച്ചു പഠിച്ച ആളാകയാൽ ഈ വിധം സംക്രമിച്ചതായിരിക്കുമെന്നു പറവാനും നിവൃത്തിയില്ല. എഴുത്തച്ഛൻെറ കവിതാശൈലി നമ്പിയാരുടെ കവിതകളിൽ മറെറാരേടത്തും പകൎന്നുകാണുന്നില്ലെന്നുള്ളതാണ് അതിന്നു കാരണം. "കണ്ടതും കേട്ടതും കട്ടുകൊണ്ടഞ്ചുതാ-നുണ്ടാക്കിയോരു പ്രബന്ധമെന്നിങ്ങിനെ കണ്ടദിക്കിൽച്ചെന്നുചേരുന്ന ദുഷ്ടുവികണ്ടകന്മാരെ സമക്ഷത്താരേടത്തു

കണ്ടുപോയെങ്കിൽ" കുളിച്ചു പുണ്യാഹാദികൎമ്മങ്ങൾ ചെയ്യണമെന്നു സ്വതന്ത്രനായ അദ്ദേഹം പ്രസ്താവിച്ചിട്ടുമുള്ളതിനാൽ മററു വല്ല വിധത്തിലും ഈ സംക്രമണം ഉണ്ടായിട്ടുള്ളതാണെന്നു വിചാരിപ്പാനും വയ്യ.

## ഭാഗവതം.

"ഭാഗവതം" കിളിപ്പാട്ട് എഴുത്തച്ഛൻേറതാണെന്നാണ് പൊതുജനങ്ങളുടെ വിശ്വാസം; പക്ഷെ സഹൃദയന്മാരായ സാഹിത്യവിമൎശകന്മാർ മിക്കവരും ഇതിൽ ഭിന്നാഭിപ്രായക്കാരാണ്. എഴുത്തച്ഛൻെറ സാഹിത്യം സുപരിചിതമായുള്ളവൎക്ക് ഇതദ്ദേഹത്തിൻേറതാണെന്നു സമ്മതിപ്പാൻ സാധിക്കുമൊ എന്നു സംശയിക്കുന്നു.

അലസമായ ഘടനാരീതിയും ക്ലിഷ്ടമായ രചനാസമ്പ്രദായവും ഇതിൽ എതാണ്ടു സാൎവ്വത്രികമായിക്കാണുന്നുണ്ട്. അബദ്ധങ്ങളായ പ്രയോഗങ്ങളും, അസാധുവായ തൎജ്ജമയും അല്പമല്ലെന്നുതന്നെ പറയേണ്ടിയിരി-

ക്കുന്നു. കർത്തരികർമ്മണിവിഭാഗം കൂടാതെയുള്ള പ്രയോഗങ്ങൾതന്നെ ഏകാദശസ്കന്ധത്തിൽ കാണുന്നുണ്ട്. രചനാരീതിയിലും മററും "ഭാരതം", "രാമായണം" മുതലായ ഗ്രന്ഥങ്ങളിൽ കാണുന്ന സൂക്ഷ്മങ്ങളായ നിഷ്കർഷകളൊന്നും ഇതിൽ ചെയ്തുകാണുന്നില്ല. "പൈങ്കിളി"-യെ വിളിക്കുന്ന സമ്പ്രദായത്തിലും മററും എഴുത്തച്ഛന്റെ ഇതരകൃതികളിൽ കാണുന്ന ഐകരൂപ്യവും ഇതിൽ ഇല്ല. ഏതാനും ഭാഗങ്ങൾ വായിക്കുമ്പോഴയ്ക്കുതന്നെ പ്രസ്തുത കൃതി എഴുത്തച്ഛന്റേതല്ലെന്നുള്ളതിന്നു പല തെളിവുകളും പണ്ഡിതന്മാരായ സഹൃദയന്മാൎക്കു കിട്ടുമെന്നാണെന്റെ വിനീതമായ വിശ്വാസം. ഇങ്ങിനെ മൊത്തത്തിൽ പറവാനല്ലാതെ ഇതിനെ കുറിച്ചുള്ള ഒരു നിഷ്കൃഷ്ടനിരൂപണം ചെയ്വാൻ തൽക്കാലം നിവൃത്തിയില്ലാതെയാണ് വന്നിരിക്കുന്നത്. ദശമംവരെ ഒരു കവിയുടേയും ബാക്കിയുള്ള ഭാഗം മറെറാരാളുടേയുമായിരിക്കണം. അവ തമ്മിൽ ഗണ്യമായ വ്യത്യാസങ്ങൾ കാണുന്നുണ്ട്. ഭാഗവതം കവിയുടെ അന്ത്യകാലത്തെ കവിതയാണെന്നും അതുകൊണ്ടായിരിക്കാം ഈ വൈലക്ഷണ്യങ്ങൾ കാണുന്നതെന്നും ചിലൎക്കഭിപ്രായമുണ്ട്; കവിതയെ സംബന്ധിച്ചേടത്തോളമുള്ള പരിശ്രമത്തിൽ കവിക്കു പ്രായം വൎദ്ധിക്കുംതോറും പ്രാവീണ്യം കൂടുകയല്ലാതെ കുറയുമെന്നു പറയുന്നതിന്നു യുക്തി കാണുന്നില്ല. ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ ശിഷ്യന്മാരായി പല "എഴുത്തച്ഛന്മാരുണ്ടായിരുന്നതിൽ ചിലർ കൂടിയുണ്ടാക്കിയതാവാനാണവകാശം."

## ആറാം അദ്ധ്യായം.

---

### എഴുത്തച്ഛന്റെ സാഹിത്യം.

---

കവികുലഗുരുവും ഭക്താവതംസവുമായ തുഞ്ചത്താചാൎയ്യപാദങ്ങൾ മലയാളസാഹിത്യലോകത്തിൽ ദിവ്യവും ഭവ്യവുമായ ഒരു നവപരിമളസൌരഭ്യമാണു പരത്തീട്ടുള്ളതു്. പണ്ഡിതപാമരന്മാരടക്കമുള്ള ജനസമുദായത്തെ അത്യുൽകൃഷ്ടമായ ഒരു സ്വൎഗ്ഗീയാന്തരിക്ഷത്തിലേക്കു നയിക്കുന്നതിന്നു് ഇത്രമാത്രം ശക്തിയുള്ള മറ്റൊരു സാഹിത്യം ലോകത്തിൽ അത്ര സുലഭമായിരിക്കയില്ലെന്നുള്ളതു തീച്ചതന്നെ.

അലങ്കാരങ്ങളുടെ വൈചിത്ര്യം, രചനയുടെ സൌകുമാൎയ്യം, ഭാഷാലാളിത്യം, സംഘടനാദാൎഢ്യം എന്നു തുടങ്ങിയുള്ള കവനകലാസാമഗ്രികളുപയോഗിക്കുന്ന കാൎയ്യത്തിൽ ആ മഹാകവി ശ്രദ്ധിച്ചിട്ടുള്ളതുപോലെ അധികം കവികൾക്കു ശ്രദ്ധിപ്പാൻ സാധിക്കുന്നതല്ല. അത്രക്കുമാത്രമുണ്ടദ്ദേഹത്തിന്നാവക വിഷയങ്ങളിലുള്ള അതിശ്രദ്ധ. ബാഹ്യപരിഷ്ക്കാരങ്ങൾകൊണ്ടു് അതി കമനീയമായ വിധത്തിൽ സംസ്കരിക്കപ്പെട്ട അദ്ദേഹത്തിന്റെ കവിതാവനിത ആഭ്യന്തരസംസ്കാരത്തിലും ലോകാതിശയമായ ഒരത്യുൽകൃഷ്ടസ്ഥാനത്തിലാണെത്തിയിരിക്കുന്നതു്. ബാഹ്യാഭ്യന്തരപരിഷ്ക്കാരങ്ങൾ ഒരുമിച്ചിണങ്ങിയപ്പോൾ സുവൎണ്ണത്തിന്നു സൌരഭ്യംകൂടിയപോലെ് അതിന്റെ ആകൃതിയും പ്രകൃതിയും അത്യധികം

വിലോഭനീയമായിത്തീൻ. ഭക്തിരസം കവിഞ്ഞൊഴുകുന്ന ആ ആൎഷകവിതയുടെ ഹൃദയാന്തൎഭാഗത്തു നിന്നുൽഗമിക്കുന്ന നിശ്ശബ്ദസംഗീതം നരകത്തിൽ നാകം ചമക്കുന്നു! പരിതപ്രദേശങ്ങളെ പരിശുദ്ധമാക്കുന്നു! ഹൃദയമുകരങ്ങളെ ആനന്ദാപ്ലാവിതമാക്കുന്നു! അതികമനീയമായ "വൈദർഭീരീതി"യിൽ പരിലസിക്കുന്ന ആ കവിതാവനിതയുടെ ഓരോ പദവിന്യാസത്തിലും കാണുന്ന ആകൎഷണീയത കണ്ണും കരളും ഒരുപോലെ കവരുന്നു. നോക്കുക:—

"നാഥാ! പതിവ്രതയാം ധൎമ്മപത്നിഞാ-
നാധാരവുമില്ല മററിനിക്കാരുമേ
ഏതുമേ ദോഷവുമില്ല ദയാനിധേ
പാദശുശ്രൂഷാവ്രതം മുടക്കൊല്ല മേ
നിന്നുടെ സന്നിധൌ സന്തതം വാണീട-
മെന്നെ മററാൎക്കാനും പീഡിച്ചു കൂടുമൊ?
വല്ലതും മൂലഫലജലാഹാരങ്ങൾ
വല്ലഭോച്ഛിഷ്ടമിനിക്കമൃതോപമം
ഭൎത്താവു തന്നോടു കൂടെ നടക്കുമ്പോൾ
മെത്രയും കൂൎത്തു മൂൎത്തുള്ള കല്ലും മുള്ളും
പുഷ്പാസ്തരണ തുല്യങ്ങളിനിക്കതും
പുഷ്പബാണോപമ! നീ വെടിഞ്ഞീടൊലാ,

അദ്ധ്യാത്മരാമായണം.

ആശയങ്ങൾ എത്രതന്നെ മഹത്തരങ്ങളായിരുന്നാലും അവയെ പ്രദൎശിപ്പിക്കുന്ന രീതിയുടെ വ്യത്യാ-

സങ്ങൾക്കനുസരിച്ച കവിതാഭംഗിക്കും ഏററക്കുറവുകൾ വരുന്നതാണ്. മേൽകാണിച്ച വരികളിലെ സുകുമാരവും സുന്ദരവുമായ ആശയങ്ങൾ കവിയുടെ കമനീയമായ കരശില്പരീതിയിൽകൂടി പുറത്തു വരുമ്പോളുണ്ടാകുന്ന അകൃത്രിമസൌന്ദര്യം ഈയുള്ളവൻെറ തൂലിക വർണ്ണിക്കുന്നതെങ്ങിനെ?

ഏതു രസം വർണ്ണിക്കുന്നതിന്നും മഹാകവിക്കുള്ള പാടവം അന്യാദൃശംതന്നെയാണ്. അദ്ദേഹം വായനക്കാരെ ആകർഷിച്ച് തൻെറ കൂടെകൊണ്ടുപോയി വർണ്ണ്യവസ്തുവിൻെറ സ്വരൂപത്തെ സചേതനമായി സന്ദർശിപ്പിക്കുന്നു. വിദ്യാഭ്യാസം കഴിഞ്ഞു സ്വഭവനത്തിലേക്കു തിരിച്ചുപോകുന്ന 'കച'നോട് തൻെറ ഭർത്താവായിരിപ്പാനപേക്ഷിക്കയും അദ്ദേഹം അതുപേക്ഷിക്കയും ചെയ്കപ്പോൾ നൈരാശ്യനിഘ്നയായി മട്ടും മതിയും മറന്ന് അദ്ദേഹത്തെ ശപിപ്പാനൊരുങ്ങുന്ന "ദേവയാനി"യുടെ രൂപം മഹാകവി എത്ര തന്മയത്വത്തോടുകൂടി വരച്ചിരിക്കുന്നുവെന്നു നോക്കുക:—

"പണ്ഡിതനായ കചൻ ഖണ്ഡിച്ചു പറഞ്ഞപ്പോൾ
കണ്ഠത്തിലാജ്യം വീണ കണക്കേ ദേവയാനി

കണ്ണുനീർകൊണ്ടു നനച്ചംഗവും വിയർത്തവൾ
കണ്ണുകൾ ചുവപ്പിച്ചു ദേഹവും വിറപ്പിച്ചു
ചണ്ഡദീധിതിയുടെ മണ്ഡലം പൊങ്ങുംപോലെ
ചണ്ഡിക മഹിഷനെക്കണ്ടതു നേരം പോലെ

തന്നുടെ മനോരഥം വരാഞ്ഞു കോപംപൂണ്ടു
നിന്നുടെ വിദ്യയെല്ലാം നിഷ്ഫലമായ്പോകെന്നാൽ"
ഭാരതം.

അദ്ദേഹത്തിൻെറ കവിതകളിൽ പാവനങ്ങളായ ഋഷ്യാശ്രമങ്ങളുടെ വൎണ്ണനങ്ങൾ വളരെ സുലഭങ്ങളാണ്. അവ വായിക്കുമ്പോൾ നാം ആ ആശ്രമങ്ങളുടെ അടുത്തുനിന്ന്, പ്രശാന്തസുന്ദരവും പ്രകൃതിമനോഹരവുമായ ആ പൎണ്ണശാലകളെ കണ്ടുള്ള അമിതാനന്ദമാണനുഭവിക്കുന്നത്. നോക്കുക:—

"പുഷ്പങ്ങൾ തളിരുകൾ ഫലങ്ങൾ നിറഞ്ഞോരോ
ഷൾപ്പദശുകപികകേകികൾ നാദത്തോടും
വൃക്ഷങ്ങൾ തോറും ചുററിപ്പററീടും വല്ലികളും
* * * * * * *
പക്ഷികൾ മൃഗങ്ങളെന്നുള്ള ജന്തുക്കളാലും
ഇക്ഷുജംബീരകേര കദളീ വൃന്ദത്താലും
ശീതതാസുഗന്ധത്വമാന്ദ്യാദി ഗുണംതേടും
വാതപോതങ്ങളാലും സേവ്യമാശ്രമദേശം".
കണ്വാശ്രമം, മഹാഭാരതം.

* * * * * * *

"സേവ്യർത്തുഫലകുസുമാഢ്യപാദപലതാ
സംവൃതം നാനാമൃഗ സഞ്ചയ നിഷേവിതം
നാനാപക്ഷികൾ നാദം കൊണ്ടതി മനോഹരം
കാനനം ജാതിവൈര രഹിതംജന്തുപൂൎണ്ണം
നന്ദനസമാനമാനന്ദ ദാനാഢ്യം മുനി-
നന്ദന വേദധ്വനി മണ്ഡിത മണ്ഡപമം

ബ്രഹ്മർഷിപ്രവരന്മാരമരമുനികളും
സമ്മദം പൂണ്ടുവാഴും മന്ദിരനികരങ്ങൾ
സംഖ്യയില്ലാതോളമുണ്ടോരോരോതരം നല്ല
സംഖ്യാവസ്തുക്കളുമുണ്ടറ്റമില്ലാതവണ്ണം"

അഗസ്ത്യാശ്രമം, രാമായണം.

* * * * * * *

ഇങ്ങിനെ മനോഹരങ്ങളായ പ്രകൃതിവർണ്ണനങ്ങൾ പകർത്തിത്തുടങ്ങുകയാണെങ്കിൽ, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ മിക്കവാറും ഇവിടെ സംക്രമിപ്പിക്കേണ്ടിവരും! അത്രമാത്രം അകൃത്രിമസുന്ദരങ്ങളാണവ!

ഭക്തിയാണദ്ദേഹത്തിന്റെ കവിതയുടെ ജീവനാഡി. ഈ രസം അദ്ദേഹത്തിന്റെ കവിതകളിൽ സാർവ്വത്രികമായി പരിസ്ഫുരിച്ചുകാണാം. "ചെറുശ്ശേരി"യെപ്പോലെ ഇടയ്ക്കിടയ്ക്ക് ഫലിതവും രസികത്വവും പ്രകടിപ്പിക്കുന്നതിന്നോ, നമ്പ്യാരേപ്പോലെ സാർവ്വത്രികമായി പരിഹാസവും ശകാരവും പൊഴിക്കുന്നതിന്നോ നമ്മുടെ ഭക്തകവി ശ്രമിക്കാറില്ല. അദ്ദേഹത്തിന്ന് ചിരിപ്പാനൊ, കളിപ്പാനൊ, രസിപ്പാനൊ സമയമില്ല. പ്രശാന്തസുന്ദരവും പ്രകൃതിഗംഭീരവുമായ ഒരന്തരീക്ഷത്തിലിരുന്നു ഭഗവന്നാമോച്ചാരണം ചെയ്തു ഭക്തിബാഷ്പം വാർക്കാനാണദ്ദേഹത്തിന്റെ സദാനേരവുമുള്ള പരിശ്രമം! നമ്പിയാർ നാരാചനിശിതമായ പരിഹാസശരങ്ങൾ പ്രയോഗിച്ചും കണ്ടമാനം ശകാരിച്ചുമാണ് തന്റെ വായനക്കാരെ മിക്കപ്പോഴും സന്മാർഗ്ഗപാഠങ്ങൾ പഠിപ്പിക്കുന്നത്; ചെറുശ്ശേരിയാകട്ടെ അത്യുജ്ജ്വലങ്ങളാ-

യ അലങ്കാരങ്ങൾ സുലഭമായണിയിച്ച തന്റെ രസി-
കയും പ്രൌഢയുമായ കവിതാവനിതയെക്കൊണ്ട് സ-
ഹൃദയഹൃദയത്തെ ആകൎഷിച്ച് അതിനെ പല്ലവിതവും
പരിഷ്കൃതവുമാക്കുന്നു. എഴുത്തച്ഛനൊ, മിതാഭരണഭൂ-
ഷിതയും, പരിപാവനഹൃദയയും, ലോകോത്തരഗുണോ-
ത്തരയുമായ തന്റെ ദിവ്യകാവ്യാംഗനയുടെ ഭക്തി-
ബാഷ്പംകൊണ്ടും, തത്വജ്ഞാനപ്രസംഗങ്ങൾകൊണ്ടും,
ആൎഷസ്വഭാവംകൊണ്ടും മനുഷ്യഹൃദയത്തെ വശംവദ-
മാക്കി കൃത്യാകൃത്യോപദേശം ചെയ്യുന്നു. നമ്പിയാരുടെ
കവിത ചമ്പകപ്പൂവും, ചെറുശ്ശേരിയുടെ കവിത പനി-
നീർപ്പൂവും എഴുത്തച്ഛന്റെ കവിത സഹസ്രപത്രങ്ങളു-
ള്ള താമരപ്പൂവുമാണ്. നമ്പിയാർ ഏതു സ്വൎഗ്ഗീയലോ-
കത്തിൽ നിൽക്കുന്ന വായനക്കാരേയും തന്റെകൂടെ
കേരളത്തിലേയ്ക്കു കൊണ്ടുവരികയാണ് ചെയ്യുന്നത്. എ-
ഴുത്തച്ഛൻ ഏതു തരം മനസ്ഥിതിക്കാരേയും തന്റെ
കൂടെ അദ്ദേഹത്തിന്റെ വിഹാരരംഗമായ സ്വൎഗ്ഗീയാ-
ന്തരിക്ഷത്തിലേയ്ക്കാനയിയ്ക്കുന്നു. വിഭിന്നസ്വഭാവത്തോടു
കൂടിയതാണ് ഇവർ രണ്ടാളുടേയും കവിതാരീതി. ഒരു-
ത്സവമൊ വിവാഹമൊ മററൊ വൎണ്ണിയ്ക്കയാണെന്നിരി
യ്ക്കട്ടെ, അപ്പോൾ എഴുത്തച്ഛൻ അവിടെ കൂടീട്ടുള്ള ജന-
ങ്ങളുടെ അനുകരണീയമായ ആചാരോപചാരങ്ങളും
മററു സമ്പ്രദായങ്ങളുമാണ് വൎണ്ണിയ്ക്കുക. ജനകരാജധാ-
നിയിൽവെച്ച് കുറച്ചു ദിവസമായി തമ്മിൽ പിരിഞ്ഞ
ദശരഥമഹാരാജാവും കുമാരന്മാരും പരസ്പരം കാണു-
മ്പോഴത്തെ അവരുടെ വന്ദനാദികളെ എഴുത്തച്ഛൻ

കൂട്ടംതന്നെ വിടാതെ വർണ്ണിക്കുന്നതിൽ എത്രമാത്രം നിഷ്കർഷ കാണിച്ചിരിക്കുന്നു! നോക്കുക:—

"രാമലക്ഷ്മണന്മാരും വന്ദിച്ചു പിതാവിനെ
സാമോദം വസിഷ്ഠനാമാചാര്യപാദാബ്ജവും
തൊഴുതു മാതൃജനങ്ങളെയും യഥാക്രമം
തൊഴുതു ശ്രീരാമപാദാംഭോജമനുജന്മാർ
തൊഴുതു ഭരതനെ ലക്ഷ്മണകുമാരനും
തൊഴുതു ശത്രുഘ്നനും ലക്ഷ്മണപാദാംഭോജം"

രാമായണം.

നമ്പിയാരാകട്ടെ ഈ വക ഘട്ടങ്ങളിൽ "നിംസംഗം വിസ്തരിച്ചിട്ടെന്തുകാര്യം നമുക്കിപ്പോൾ" എന്നു പറഞ്ഞു പിന്മാറുകയാണു ചെയ്യുക. അദ്ദേഹത്തിൻെറ വീക്ഷണകോണംതന്നെ മറെറാരേടത്താണു പതിക്കുന്നതു്. സദ്യക്കു പരിശ്രമിക്കുന്ന നായന്മാരുടെ അമാന്തവും "കണ്ടു"ൻെറയും "കാറ്"ൻെറയും വികൃതിത്തങ്ങളും ആണു് അദ്ദേഹം കണ്ടുരസിപ്പാൻ ശ്രമിക്കുന്നതു്. ഒരു വിവാഹഘോഷത്തിൽ പ്രതിഗ്രഹം വാങ്ങുവാനോടുന്ന ഒരു വൃദ്ധ ബ്രാഹ്മണനാണു മനുഷ്യൻെറ ദൃഷ്ടിയിൽപ്പെടുന്നതു്; നോക്കുക:—

"എഴുപത്തെട്ടുവയസ്സു തികഞ്ഞൊരു
കിഴവബ്രാഹ്മണനിത പോകുന്നു
ചുടുവെയിൽ തട്ടിച്ചുട്ടുകഷണ്ടിയി-
ലൊരുപിടി നെല്ലാൽ മലരു പൊരിക്കാം"

എന്നാൽ ഈ വക നിസ്സാരകാര്യങ്ങൾക്കൊ, ക്ഷു-

ത്തുമൂത്ത പരിഹാസശരങ്ങൾക്കൊ എഴുത്തച്ഛൻെറ സാഹിത്യത്തിൽ ഇടയില്ല.

അദ്ദേഹം സാഹിത്യത്തിൻെറ സുപരിഷ്കൃതമായ ഒരു മാതൃകയാണ് നിർമ്മിച്ചിട്ടുള്ളത്. അദ്ദേഹത്തിൻെറ സാഹിത്യം മനുഷ്യഹൃദയത്തെ ഉയർത്തുകയല്ലാതെ ഒരിക്കലും അധഃപ്പതിപ്പിക്കുകയില്ല. ഇന്നു മലയാളഭാഷയിൽ വർദ്ധിച്ചുവരുന്ന മിക്ക പുസ്തകങ്ങളും ഭൗതികവിഷയാത്മകങ്ങളും, കേവലം നിസ്സാരങ്ങളായ ആദർശങ്ങളോടുകൂടിയവയുമാണെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു. ഈശ്വരവിഷയങ്ങൾ വർണ്ണിപ്പാനല്ലാതെ ലൌകികവിഷയങ്ങൾക്കായി ഈ കവി തൻെറ കാവ്യകലയെ ഉപയോഗിക്കുകതന്നെ പതിവില്ല. അത്രയും അത്യൽകൃഷ്ടമാണദ്ദേഹത്തിൻെറ ആദർശം.

ഏതെങ്കിലും ഘട്ടത്തിൽ തൻെറ പാത്രങ്ങളെക്കൊണ്ടു് ഒരു ഈശ്വരസ്തുതി ചെയ്യിക്കേണ്ടി വരുമ്പോൾ അദ്ദേഹം ഒരു നാലു വരിയെങ്കിലും തൻെറ വകയായും അതിൽ സംഘടിപ്പിക്കാതിരിക്കയില്ല. അത്രമാത്രം ഉള്ളിൽ കൊള്ളാതെയാണദ്ദേഹത്തിൻെറ ഭക്തിപ്രവാഹം അവ്യാഹതമായൊഴുകുന്നതു്! "എന്നുടെയുള്ളിൽ വിളങ്ങുന്ന ദൈവതം" എന്നു തുടങ്ങി ഭക്തിരസത്തെ പ്രസ്ഫുടമാക്കുന്ന ചില ശകലങ്ങളും ആ വക ഘട്ടങ്ങളിൽ കാണാം. ഭഗവൽസ്വരൂപങ്ങൾ വർണ്ണിക്കുന്നതിലാണു് ആ മഹാഭക്തൻെറ സരസ്വതീനദി "തട്ടുംതടവും"യുമില്ലാതെ അനർഗ്ഗളമായി നിർഗ്ഗളിക്കുന്നതു്. താഴെ ചേർത്തിരിക്കുന്ന ഭഗവൽസ്വരൂപം നോക്കുക.....

"നിരന്നപീലികൾ നിരക്കവെ കുത്തി
നെറുകയിൽക്കൂട്ടി തിറമോടു കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണിക്കിരീടവും
കുനുകുനെച്ചിന്നും കുറുനിരതന്മേൽ
നനുനനെപ്പൊടിഞ്ഞൊരു പൊടിപററി
തിലകവുമൊട്ടു വിയർപ്പിനാൽ നന-
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചുസംഹരി
ച്ചിളകുന്ന ചില്ലീ യുഗളഭംഗിയും

*　　　　*　　　　*　　　　*

മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികൾ പൊടിഞ്ഞനാസിക
സുമന്ദഹാസവുമധരശോഭയും
തുളസിയും നല്ല സരസിജങ്ങളു-
മിളതായീടിന തളിരുകളുമാ-
യിടകലർന്നുടനിളകും മാലകൾ
തടയും മുത്തുമാലകളും കൌസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചൊരു കരതലവും കുങ്കുമം
മുഴക്കെപ്പൂശിന തിരുമാറും മാറു
നിരന്നമഞ്ഞപ്പൂന്തുകിലും കാഞ്ചികൾ
പദസരോരുഹയുഗവുമെന്നുടെ
ഹൃദയംതന്നിലങ്ങിരിക്കും പോലെയ-

മ്മണിരഥം തന്നിലകം കുളിക്കവെ
മണിവർണ്ണൻതന്നെ തെളിഞ്ഞുകണ്ടു ഞാൻ"
പാർത്ഥസാരഥി, ഭാരതം

ദിവ്യമായ ഈ കമനീയചിത്രം, കവിയുടെ ഹൃദ-യത്തിൽ അകംകുളിക്കത്തക്കവണ്ണമിരിക്കുന്ന ഈ പരി-പാവനമായ സചേതനചിത്രം, ആരുടെ ഹൃദയത്തെ കുളിപ്പിക്കുയില്ല! ഇതാരുടെ ഹൃദയത്തെ വിമലമാക്കുക-യില്ല!!

ആർ. ഈശ്വരപ്പിള്ളയവർകൾ എഴുത്തച്ഛൻെറ കവിതാരീതിയെപ്പററി പറയുന്നഒരു ഘട്ടത്തിൽ, "മിൽട്ടൻെറ ഗാംഭീര്യവും, ഗോൾഡ് സ്മിത്തിൻെറ സാരള്യ-വും, ഗ്രേയുടെ ലാളിത്യവും ഇദ്ദേഹത്തിൻെറ മിക്ക ക-വിതകളിലും സവിശേഷം പ്രകാശിച്ചു കാണുന്നുണ്ടെന്നു പറകയുണ്ടായി. മഹാകവി 'ഗീഥി' ഒരിക്കൽ "സംവ-ത്സരാരംഭത്തിലെ പുഷ്പങ്ങളും, സംവത്സരാവസാനത്തി ലെ ഫലങ്ങളും, ആത്മാവിനു മോഹത്തേയും ആനന്ദ-പാരവശ്യത്തേയും നിർവൃതിയേയും സംതൃപ്തിയേയും ജ-നിപ്പിക്കുന്നതായ സകലവും, എന്നുവേണ്ട, ഭൂലോകവും സ്വർല്ലോകവുംകൂടിയും ഒരു നാമത്തിൽ യോജിപ്പിക്ക-പ്പെടേണമെങ്കിൽ "ശാകുന്തളം" എന്നു പറഞ്ഞാൽ മതി; അതിൽ എല്ലാം അന്തർഭവിച്ചിരിക്കുന്നു"വെന്നു പറകയുണ്ടായത്രെ. എഴുത്തച്ഛൻെറ സാഹിത്യത്തെപ്പ-ററിയും അദ്ദേഹത്തിന്നൊരഭിപ്രായം പറവാനിടവന്നി-രുന്നുവെങ്കിൽ ഇതിലും വലിയ അഭിപ്രായങ്ങളാകുമായി രുന്നു അദ്ദേഹം പുറപ്പെടീക്കുക.

അനർഗ്ഗളമായ ആ ആർഷസാഹിത്യം, നമ്മു
അജ്ഞാനത്തെ നീക്കുന്നതിന്നും, വിചിന്തനഗതി
പരിഷ്ക്കരിക്കുന്നതിന്നും, മനസ്സിനെ സംസ്ക്കരിക്കുന്നതി
ന്നും എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്നു വിചാരിക്കു
ക്കു! ആ സ്വർഗ്ഗീയസംഗീതത്തിന്റെ മോഹനരസ
ആ വൈദ്യുത"നാരായ"ത്തിന്റെ ദിവ്യപ്രേരണ
അതെന്നെന്നും കേരളീയരുടെ പുരോഗതിയിൽ മംഗ
ളം വർഷിക്കുമാറാകട്ടെ!

ശുഭം.

17 NOV 194[illegible]